KSFDC
കേരള ഭാഗ്യക്കുറി
filca

# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

IFFK-2024 SPECIAL EDITION

Website: www.filca.in E-mail: filcakerala@gmail.com PH:8089036090

വോള്യം -7 ലക്കം -133 ഡിസംബർ 2024 മലയാളം - ഇംഗ്ലീഷ്

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .

IFFK-2024 SPECIAL EDITION







KX Pharma
9995811166
Your Prescription Delivered Anytime Anywhere..


ക്രിസ്തുമസ് ന്യൂ ഇയർ
ബമ്പർ ഭാഗ്യക്കുറി
ഒന്നാം സമ്മാനം
₹20 കോടി
COMMON TO ALL SERIES
CHRISTMAS NEWYEAR BUMPER LOTTERY / 2024-25
രണ്ടാം സമ്മാനം
₹1 കോടി
വീതം 20 പേർക്ക്
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹10 ലക്ഷം
ഓരോ പരമ്പരകൾക്കും 3 വീതം ആകെ 30 പേർക്ക്
നാലാം സമ്മാനം
₹3 ലക്ഷം
ഓരോ പരമ്പരകൾക്കും 2 വീതം ആകെ 20 പേർക്ക്
അഞ്ചാം സമ്മാനം
₹2 ലക്ഷം
ഓരോ പരമ്പരകൾക്കും 2 വീതം ആകെ 20 പേർക്ക്
BR101
ടിക്കറ്റ് വില ₹400
DATE OF DRAW 05-02-2025, 2pm
കൂടാതെ 5000, 2000, 1000, 500, 400 രൂപയുടെ നിരവധി സമ്മാനങ്ങളും
കേരള സർക്കാർ
For draw results: www.statelottery.kerala.gov.in


# IFFK 2024 Special Edition Poster release by Adoor Gopalakrishnan.




KX Pharma
9995811166
Your Family Health Store

# Syam Benegal

( 14 Dec 1934 - 22 Dec 2024 )





# M .T . Vasudevan Nair

(15 July 1933 - 25 Dec 2024 )





December Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

IFFK-2024 SPECIAL EDITION



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE December 2024

INDEX

1. The Year 2024 and FILCA - ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 12


2. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽസ് , ഇന്ത്യൻ പനോരമ – 1970 – 1980 സൂര്യ കൃഷ്ണമൂർത്തി – സാബു ശങ്കർ (ഫിൽക്ക) 16



3. IFFK - 2024 വിജയമാക്കിയതിന് എല്ലാവർക്കും നന്ദി – പ്രേംകുമാർ 25


4. ഫിലിം ജേർണലിസത്തിന്റെ ചരിത്രം – വിജയകൃഷ്ണൻ 27


5." The experimental - independent works are the future of Cinema " Dr . Lalitha Gouri , Filca. 38



6. " Making films is something more to do with feelings than the idealogy " - Sabu Sankar,Filca . 42



7. " The Resonance of the Theme is the Soul of film music -" Adv . Anagha .S , Filca 46



8. സ്വത്വ ഭൂമികയുടെ സ്മൃതി താളം ഗിരിജ സുരേന്ദ്രൻ ,ഫിൽക്ക. 51



9. മലു: സുവർണ ചകോരം – വിദ്യ ശോഭന, ഫിൽക്ക. 61


10. രജത ചകോരം സംവിധാനത്തിന് – ജ്യോതിഷ്കുമാർ . പി . എസ് , ഫിൽക്ക. 66


11. ഓർമ്മകളിൽ ജ്വലിക്കുന്ന സ്ത്രീശരീര രാഷ്ട്രീയം – വിനോദ്കുമാർ .പി,ഫിൽക്ക. 68


12. ഞാൻ നെവങ്കയാണ് , നെവങ്ക – ആശ നായർ, ഫിൽക്ക. 70


Website:www.filca.in Email:filcakerala@gmail.com

December Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE December 2024

INDEX

13. മൃത്യുവിനു മുന്നിൽ – ജോൺ തോമസ്,ഫിൽക്ക. 73


14. മരുഭൂമി പൂക്കുന്ന കാലം – സാം ആന്റണി,ഫിൽക്ക. 77


15. അതിർത്തിയിലെ മുൾവേലിയിൽ കുരുങ്ങിയ ചിറകുകൾ – ജിജോ ജേക്കബ്,ഫിൽക്ക. 83


16. കറുപ്പുയിർത്ത തീരം – പി . കെ . ജയരാജൻ,ഫിൽക്ക. 86


17. അമ്മമാരുടെ രക്ഷകൻ – സഞ്ജു കളപ്പുരക്കൽ,ഫിൽക്ക. 88


18. ഞാനിവിടെയുണ്ട് , ഇപ്പോഴും – വിനോദ്കുമാർ . പി,ഫിൽക്ക. 90


19. ജൂലൈ ഗാഥ – ഷീബ . എസ് . ജെയിംസ് , ഫിൽക്ക. 92


20. സ്വർണ്ണക്കൂട്ടിൽ ചേക്കേറിയ സ്വപ്നമൈന – ഡോ . ബി . അജികുമാർ,ഫിൽക്ക. 96


21. ഉടയുന്ന ചില്ലു പാത്രങ്ങൾ – സാം ആന്റണി ,ഫിൽക്ക. 98


22. വിമോചനത്തിന്റെ വിത്തുകൾ – വിദ്യ ശോഭന,ഫിൽക്ക. 103


23. നിശ്ശബ്ദ നഗരത്തിന്റെ നിഴൽപ്പുറങ്ങൾ - സാം ആന്റണി,ഫിൽക്ക. 108



24 ചുവന്ന തെരുവിലെ സ്വപ്നങ്ങൾ , നൊമ്പരങ്ങൾ -ഡോ . പി . അജികുമാർ,ഫിൽക്ക. 113


Website:www.filca.in Email:filcakerala@gmail.com



KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351


.advert


എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ
കേരളം കാണിക്കൂ!
കേരളത്തിന്റെ ഭംഗി ലോകത്തെ അറിയിക്കാൻ കേരള ടൂറിസം വകുപ്പിനൊപ്പം നിങ്ങളും പങ്കുചേരൂ. സ്വന്തം നാടിന്റെ ഒരു വീഡിയോ തയ്യാറാക്കി നിങ്ങളുടെ സോഷ്യൽ മീഡിയ പേജിൽ #entekeralamennumsundaram എന്ന ഹാഷ്ടാഗിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക്/ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് (@keralatourism) അപ്‌ലോഡ് ചെയ്യൂ. തിരഞ്ഞെടുക്കുന്ന മികച്ച ദൃശ്യങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോയിൽ ഉൾപ്പെടുത്തുന്നതാണ്.
Maitri.com
കേരള സർക്കാർ
kerala
God's Own Country


www.kswdc.org
181
Enabling the Women of Kerala to Realize their Full Potential
About KSWDC
The Kerala State Women's Development Corporation, a Public Sector Undertaking under Govt. of Kerala established in 1988 with a prime objective to empower & educate women by helping them to overcome the constraints & challenges that hamper their growth and advancements.
Employment & Skilling
Self-Employment Loan Schemes (Women & Transgenders)
Educational Loan Schemes
Entrepreneurship Development Programmes (EDP)
REACH Finishing School for Women
Advanced Skill Enhancement Programme in Nursing (ASEPN)
Vanamithra Skill Development Centre for Tribal Women
Health & Hygiene
SHE PAD programme-Supply of sanitary napkins, napkin destroyers & almirahs in Govt./Aided Schools
Menstrual Hygiene Awareness Programme
Women Safety
181- 24x7 Women Helpline
Bodhyam – Gender Sensitization Training for Police
Infrastructure for Women
Vanitha Mithra Kendra- Working Women's Hostel
Safe Stay – Short stay facility for women
THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD
1st Floor, Transport Bhavan, KSRTC Building, Eastfort Anakulangara P.O, Trivandrum 695023
Ph:0471 2454585, 9496015015
Email: md@kswdc.org, head@kswdc.org
Connect with us


KSFE
ഗാലക്സി
ചിട്ടികൾ
2024 ഏപ്രിൽ 1 മുതൽ
2025 ഫെബ്രുവരി 28 വരെ
മെഗാ ബമ്പർ സമ്മാനം
1 മെഴ്സിഡസ് ബെൻസ് കാർ
പരമാവധി 75 ലക്ഷം രൂപ
ബമ്പർ സമ്മാനം
17 ഇന്നോവ കാറുകൾ
പരമാവധി 25 ലക്ഷം രൂപ വീതം
KGC സീരീസ് 2
2024 ജൂലായ് 1 മുതൽ
ഒക്ടോബർ 31 വരെ
ശാഖാതല സമ്മാനങ്ങൾ
25,000ൽ അധികം
ഓണക്കോടികൾ സമ്മാനം
3500 രൂപ
വിലവരുന്ന
ഓണക്കോടി
ഓരോചിട്ടിയിലും
10ൽ ഒരാൾക്ക്
വീതം
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
Toll Free Helpline
1800-425-3455

# The Year 2024 and FILCA



**Dr. B. Radhakrishnan**
(President, Filca Fim Society)

2024 was a wonderful year for FILCA. FILCA has conducted many film screenings and film literacy programs. From January to November, we screened four or five films each month. The entry was free to the public.

Owing to the pre-announced IFFK schedule for December, FILCA kept the month unengaged to promote members' interest in international movies and participation in the festival.

We changed our screening venues each time, varying from, the Central Public Library, the Press Club, BSS Auditorium, Sai Gramam, and Joint Council Hall in Trivandrum. The movies selected were world-class, focusing on a particular theme that needs attention.

The Film Vision Digital Magazine has been published every month with its motto of promoting the film literacy in Kerala. Its readership spans widely Film Societies, Media - Journalism Students, Film enthusiasts, and Filmmakers. It has been shared with the Kerala diaspora in America, Canada and Europe through Social Media. it has been circulating free of cost.

In addition, FILCA conducted film quiz programs every month inviting college students and seniors from Trivandrum District.

We also had a poetry recitation session for elders based on the same theme of the film festival. All poets and winners of the quiz were given fabulous gifts along with certificates. The quiz and poetry recitation prizes were sponsored by the members of FILCA.

On each film festival day, highlighting the relevance of themes, FILCA introduced a short address from celebrities from the movie world and also eminent people from outside the film industry. Each address was explicit and thought-provoking as well as pathfinding for the future.

## Tarkovsky Film Festival

January 2024
Venue: Central Library Hall

The films screened were Nostalgia, The Mirror, Stalker, and The Sacrifice. Mr. Adoor Gopalakrishnan was the guest of



the day, and he presented on the style of movie making by Tarkovsky and the impact his films had on the world at that time.

## International Documentary Film Festival

February 2024
Venue: Fine Arts College, Trivandrum

Selected International documentaries of 2023 from all over the world, were screened on two days. On the second day, movies on folklore stories were the attraction.  The guest was the Honorable Minister for Education, Mr. V. Sivankutty.

## Jodorowsky Film Festival

March 2024
Venue: BSS Hall, Thycaud)

The films screened were Santa Sangra, Dance of Reality, Holy Mountains, and Endless Poetry. Mr Anandakumar, Founder and director of Sai Gramam Trust gave the address.

## Students' Film Festival

April 2024
Venue :BSS Hall, Thycaud,
Trivandrum and Sai Gram, Thonnackal .

Selected children's films were screened at BSS Hall, Thycaud. Mr. Balachandran, Chairman, Bharat Sevak Samaj addressed the audience. 12  Films were screened including The Chairy Tale, Red Balloon, A bomb was stolen, Battleship Potemkin, The Kid, The Great Dictator, Kummatti, Pather Paanjali, Bicycle Thieves, and The Sound of Music.

The Students' Film Festival was again conducted on 1 - 3 May, 2024 at Sai Gramam.

## Theo Angelopoulos Film Festival

May 2024
Venue: Joint Council Hall, Trivandrum)

Three classics presenting the local politics of Greece were screened. The movies screened were The Travelling Players, The Weeping Meadow, and Eternity and a Day.  Mr. Pannian Ravindran, ex-MP was the guest of honour.

## Eco-Terra Environmental Film Festival

June 2024
Venue:BSS Auditorium, Kowdiar,
Trivandrum.

Films screened were Utama, The Bear, Amazonia, and documentaries like Coral Women.   Mr. Shaji N. Karun, Chairman, of KSFDC, spoke on the international trend in promoting eco-tourism



and environmental protection. Mr. Sanjayan Kumar, IFS, of the Kerala Forest Department, narrated the possible developments in the protection of wildlife. The President and Chairman of BSS, Mr. Balachandran presided and spoke on the need to promote ecological values and the ways we could establish an eco-culture. Prizes were given to the winners of the competition of Environmental films.

## Blue Planet International Film Festival

July 2024
Venue: Joint Council Hall, Trivandrum.

The films screened were Aguirre the Wrath of God, Fitzcarraldo, A Life on our Planet and Extinction. The guests were Mr. Binoy Viswam, ex-MP and Secretary, CPI, Kerala State, and Mr. Jayachandran Kallingal, Secretary, Joint Council.

## Adoor Film Festival

August 2024
Venue:- Press Club, Trivandrum.

Mr. Ramesh Chennithala, Ex-Home Minister, of Kerala, was the chief guest. The films screened were Elippathayam, Anantharam, Mathilukal, and Vidheyan. Mr. Adoor Gopalakrishnan was honoured at a public function for his ever-remembered services to the development of films in India.

## Film Festival on the theme of the history of ideology

September 2024
Venue : Joint Council Hall, Trivandrum.

We conducted a seminar on inclusive development. The guests were Mr. Premkumar, Chairman, Chalachitra Academy, and Mr. Shaji N. Karun, Chairman, KSFDC. Movies on Rosa Luxemburg, Mukhamukham, Memories of Underdevelopment, Ashes and Diamonds, and Electra My Love were screened.

## Migration and Human History - Film Festival

October 2024
Joint Council Hall,Trivandrum.

Films screened were Me Captain, Blindness, The Grapes of Wrath, and Subarnarekha. The Migration of people due to war, epidemics, and calamities and their survival was highlighted through the movies. Mr. Pannian Ravindran,

KX Pharma
9995811166

Your Health needs delivered right to Door steps, Hassle - free...

ex-MP spoke on the problems of international migration. Mr. Vijayakrishnan, film critic, conducted a quiz for college students.

## Film festival on the theme of Old Age and Dementia

November 2024
Joint Council Hall, Trivandrum.

In addition to the movies, we conducted a quiz competition and poetry recitation in November. The films we screened were The Notebook, Away from Her, The Father, and Amor. Mr. Robert Mathew, President of Alzheimer's Association, an Alzheimer's activist presented the Indian scenario of Alzheimer's. Mr. Jayachandran Kallingal, Secretary, of the Joint Council, and Mr. Hanifa Rawther, Secretary, of the Senior Citizens' Forum, Kerala, were the guests of honour and talked in depth about the growing incidence of memory loss with the ageing population. A quiz and poetry recitation on the same film festival theme were conducted and prizes were distributed.

All the films we screened were gladly accepted by viewers and on certain occasions we had review discussions on films to make us understand where we lack. In all the screenings we were provided support by the Joint Council - Nanma Film Society, KSFDC, Chalachithra Academy, Lottery Dept. , Tourism Dept. , KSFE , KSWDC , Higher Education Dept., Beam Film Society, BSS , Arpana Foundation, Human Rights Protection Mission, Thalasthana Poura Samithi and KX Pharma.

## IFFK, Kerala

December 2024
As the digital film magazine in December is a special edition of IFFK, there was a Film Journalism workshop for members.

FILCA is doing well in its endeavour to promote classic film appreciation culture and moves to establish a meaningful existence. We may soon put our efforts into producing non-commercial short films and feature films, developing residential courses on all aspects of movie-making, and we invite all our film comrades to support our inclusive growth.

We thank all our associates and well-wishers and look forward to your opinion so that we can grow further.

Wishing you all a Happy New Year.



# ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകൾ , ഇന്ത്യൻ പനോരമ - 1970-80 കളിൽ ... സൂര്യ കൃഷ്ണമൂർത്തി




**സാബു ശങ്കർ**
ജന: സെക്രട്ടറി, ഫിൽക്ക

*(സൂര്യ കൃഷ്ണമൂർത്തിയുമായുള്ള അഭിമുഖം : സാബു ശങ്കർ , നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ , ഡോക്യുമെന്ററി സംവിധായകൻ , ചീഫ് കറസ്പോന്റ് നേർകാഴ്ച വാരിക , അമേരിക്ക & സമീക്ഷ മാഗസിൻ , കാനഡ)*

'കേരളീയരെ നല്ല സിനി മ എന്താണ് എന്ന് പഠിപ്പിച്ചത് അടൂർ ഗോപാല കൃഷ്ണനാണ്. അദ്ദേഹത്തിന്റെ ആദ്യസിനിമ സ്വയംവരം റിലീസ് ആകുന്ന തിനു മുൻപു തന്നെ അങ്ങനെ ഒരു സിനിമ ആസ്വദിക്കാൻ കഴിയുന്ന ഒരു പ്രേക്ഷകസമൂഹത്തെ അദ്ദേഹം സൃഷ്ടിച്ചെടുക്കുകയായിരുന്നു. അദ്ദേഹത്തിന് ഒരു കൃത്യമായ പ്ലാൻ ഉണ്ടായിരുന്നു. ഞാൻ കരുതിയിരുന്നത് തീയേറ്ററുകളിൽ വരുന്ന സിനിമ ആണ് സിനി മ എന്ന് . എന്നാൽ അതൊന്നുമല്ല സിനിമ എന്ന് മനസ്സി ലാക്കി ത്തന്നത് അടൂർ ഗോപാലകൃഷ്ണനാണ്.

ചിത്രലേഖ ഫിലിം സൊസൈറ്റിയിലൂടെ അദ്ദേഹം അതു പഠിപ്പിച്ചു. ഞങ്ങൾ കുറച്ചു പേർ അതുവഴി കയറിക്കയറി വന്ന ആ അവസരത്തിലാണ് അദ്ദേഹം അതിൽ നിന്ന് മാറുന്നതും. അപ്പോഴാണ് ഞങ്ങൾ പകുതിവഴിയിലായിപ്പോയത്. അങ്ങനെയാണ് സൂര്യയുടെയും ചലച്ചിത്രയുടെയുമൊക്കെ ജനനം. പക്ഷേ, ഇപ്പോഴും അടൂർ ഗോപാലകൃഷ്ണൻ ഞങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ തരുന്നു '.



'ഫിലിം ഫെസ്റ്റിവലിന്റെ തുടക്കം എന്നു പറയുന്നത് പലർക്കും അറിയില്ല. മുപ്പത് വർഷം മുൻപ് '101 മയിൽ സ്റ്റോൺ ഫിലിം സ്' എന്നൊരു ഫെസ്റ്റിവൽ സൂര്യ സംഘടിപ്പിച്ചിരുന്നു. ഒരു ദിവസം പത്തു സിനിമ വരെ കാണിച്ചുകൊണ്ട് പത്തുദിവസത്തെ ഫെസ്റ്റിവൽ ആയിരുന്നു. അങ്ങനെ പത്തുദിവസത്തിൽ നൂറ്റിയൊ ന്നു സിനിമകൾ കാണിച്ചു. അന്നത്തെ നാഷണൽ ഫിലിം ആർക്കൈവുമായി ബന്ധപ്പെട്ടാണ് അത് ചെയ്തത്. അത് ഒരു മുപ്പതു വർഷമെങ്കിലും മുൻപാണ്. മ്യൂസിയം ഓഡിറ്റോറിയത്തിൽ, തികച്ചും സൗജന്യമായി, പ്രേക്ഷകർക്ക് കാപ്പിയും ചായയും ഉൾപ്പെടെ നൽകി, അങ്ങനെ നല്ലൊരു



പ്രേക്ഷകസമൂഹത്തെ ഉണ്ടാക്കാൻ ഈ ഫെസ്റ്റിവലിനു കഴിഞ്ഞു. അതിൽ പലരും പങ്കെടുത്തു, പ്രഭാഷണങ്ങൾ നടത്തി. അതൊ രു ചരിത്ര സംഭവം ആയിരുന്നു. അതാണ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ ആദ്യ സ്പാർക്. '

'അതു കഴിഞ്ഞ് ഞാൻ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെൻറ് കോർപറേഷന്റെ ഡയറക്ടർ ആയി. അപ്പോൾ കേരളത്തിലെ ആദ്യത്തെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നടത്തി. അത് രണ്ടു വർഷം നടത്തി. വളരെയധികം ആളുകൾ പങ്കെടുത്തു. ആദ്യവർഷം തന്നെ വളരെ വലിയ വിജയമായിരുന്നു. ഇതിന്റെ പ്രചോദനം മുൻപുനടത്തിയ ' 101 മയിൽ സ്റ്റോൺ ഫിലിം ഫെസ്റ്റിവൽ ' തന്നെ യായിരുന്നു. ഫിലിം ഫെസ്റ്റിവലിന്റെ തുടക്കം ആയി ചലച്ചിത്ര അക്കാദമി രേഖകളിൽ ഈ രണ്ടുവർഷത്തെ ഫിലിം ഫെസ്റ്റിവലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിജയം കൊണ്ടാണ് അടുത്ത വർഷം ചലച്ചിത്ര അക്കാദമി രൂപീകരിച്ചതും ഇപ്പോളുള്ള രീതിയിൽ IFFK തുടങ്ങുന്നതും. അങ്ങനെ ഇതിനൊരു തുടക്കം കുറിയ്ക്കാൻ സൂര്യ യ്ക്കു കഴിഞ്ഞു.'

'സൂര്യ ആദ്യം മുതൽ തന്നെ, എഴുപതുക ളിൽ, ഫെസ്റ്റിവൽ നടത്തുമായിരുന്നു. ഈ ഫെസ്റ്റിവലിൽക്കൂടിയാണ് ഞങ്ങൾക്ക് നല്ലൊരു പ്രേക്ഷകസമൂഹം ഉണ്ടാകുന്നത്. മുൻപൊക്കെ ഫിലിം ഫെസ്റ്റിവൽ എന്നു പറഞ്ഞാൽ ഒരു ബുദ്ധിജീവി ജാഡ ഉണ്ടാ യിരുന്നു. എനിക്ക് സൂര്യ തുടങ്ങിയതു മുതലുള്ള ഒരു പ്രയത്നം അതിൽ സ്ത്രീ പങ്കാളിത്തം ഉണ്ടാകണം, കുടുംബങ്ങൾ പങ്കെടുക്കണം, സിനിമകൾ വീടുകളിൽ ചർച്ച ചെയ്യപ്പെടണം എന്നതായിരുന്നു അല്ലാതെ ആരും അത് കണ്ടുകഴിഞ്ഞു പേക്ഷിച്ചു പോകരുത് എന്നായിരുന്നു. അതിനായി ഞാൻ ഒരുപാടു പ്രയത്നി ച്ചിട്ടുണ്ട്. മുൻപ് ഇങ്ങനെയുള്ള പരിപാടി കളിൽ കൂടുതലും പുരുഷന്മാർ മാത്രം



KX Pharma
9995811166
A commitment to your Health and Wellbeing....-!

വരുന്ന രീതി യാണ് ഉണ്ടായിരുന്നത്. സൂര്യയുടെ ഒരു പരിപാടി കാണുമ്പോൾ അറിയാൻ സാധിക്കും അതിൽ വരുന്നത് കൂടുതലും സ്ത്രീകളാണ്. അതുറപ്പാക്കാൻ സൂര്യയ്ക്കു കഴിഞ്ഞു.'

'ഇപ്പോഴും ഞാൻ ഓർക്കുന്നു, തർക്കോവ് സ്കിയുടെ സാക്രിഫൈസ് എന്ന സിനിമ. തർക്കോവ്സ്കിയുടെ സിനിമ വരുന്നത് 1986 ലാണ്. സാക്രിഫൈസ് സിനി മ എടുക്കുന്ന സമയം തർക്കോവ്സ്കി മരിച്ചുകൊണ്ടിരി ക്കുകയിരുന്നു. മരണം അധികം താമസി യാതെ ഉണ്ടാകുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഞാൻ അപ്പോൾ ഐ . എസ്.ആർ. ഠൊ യിൽ നിന്ന് രാജിവച്ചിട്ടില്ല. ആ സമയത്താണ് ടാഗോർ തിയേറ്ററിൽ ഈ സിനിമ കാണാൻ വരുന്നത്. തിയേറ്ററി ൽ ഒരു സീറ്റ് പോലും ഒഴിഞ്ഞു കിടന്നില്ല. സ്ത്രീകൾ പലരും തറയിൽ ഇരുന്നു സിനിമ കണ്ടു. ഇങ്ങനെ ഒരു റഷ്യൻ സംവിധായകന്റെ സിനിമ കാണാൻ സ്ത്രീ കൾ ഇത്രയും താല്പര്യം കാണിക്കുന്നു എന്ന് കണ്ടപ്പോൾ എനിക്ക് സീറ്റ് കിട്ടിയില്ല എന്ന പരിഭവം മാറി വലിയ സന്തോഷം തോന്നി. ഞാൻ സിനിമ കണ്ടു. അതിലെ അവസാന സീൻ വളരെ പ്രധാന മാണ്. ഉണങ്ങി വരണ്ട രണ്ടു ചുള്ളി ക്കമ്പുകൾക്കിടയിലൂടെ ഒഴുകുന്ന നദി. അത് തർക്കോവ്സ്കിയുടെ അപ്പോഴ ത്തെ അവസ്ഥയും അദ്ദേഹത്തിന്റെ സിനിമ എന്നും ഒഴുകികൊണ്ടിരിക്കും എന്നൊരു സന്ദേശവും നമുക്ക് തന്നിട്ടാണ് തർക്കോവ്സ്കി മരിക്കുന്നത്. '

'ഇങ്ങനെയുണ്ടായ ഒരു വളർച്ചക്ക് പിന്നിൽ ഞാൻ മാത്രമല്ല, ഇവിടത്തെ ഫിലിം സൊസൈറ്റി കൾ എല്ലാം വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. എല്ലാ ഫിലിം സൊസൈറ്റികളും ഒരു തുള്ളി വിയർ പ്പെങ്കിലും നല്ല സിനിമക്കും അന്താരാഷ്ട്ര ചലച്ചിത്രമേളക്കും വേി ചീന്തിയിട്ടു്. അതു കൊണ്ട് ഫിലിം സൊസൈറ്റികളെ നമുക്ക് മറക്കാനാവില്ല.'

'ഫിലിം ഫെസ്റ്റിവലിനെപ്പറ്റിയോ അല്ലെങ്കിൽ ഫിലിം സൊസൈറ്റി മൂവ്മെന്റിനെക്കു റിച്ചോ എന്തു പറയണമെങ്കിലും ഞാൻ ആദ്യം ഓർമ്മിക്കുന്ന ഒന്നു രണ്ടു പേരുക ളുണ്ട്. ആദ്യമായി ഫിലിം സൊസൈറ്റി മൂവ്മെന്റിലേക്ക് എന്നെ കൊണ്ടുവന്നത് ജോർജ് മാത്യു എന്ന ഫിലിം സൊസൈറ്റി പ്രവർത്തകനാണ്. അദ്ദേഹം ഇപ്പോൾ സൊസൈറ്റികളിൽ പ്രവർത്തിക്കുന്നില്ലെങ്കിലും സിനിമയുമായി അടുത്ത ബന്ധം പുലർ ത്തുന്ന ഒരാളാണ്. അദ്ദേഹം ഇപ്പോഴും എനിക്ക് ഉപദേശം നൽകുന്നു്. അതു പോലെയാണ് എന്നോടൊപ്പം ഐ.എസ്. ആർ.ഓ യിൽ ഉണ്ടായിരുന്ന ജയറാം. അദ്ദേഹം ഒരു അപകടത്തിൽ മരണപ്പെട്ടു. ഇവർ രണ്ടുപേരുമാണ് എന്നെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിലേക്ക് കൊണ്ടു വന്നത്. '

'ഐ .എഫ് എഫ് ഐ . ഇപ്പോൾ ഗോവ യിൽ നടക്കുന്നത്, മുൻപ് ഡൽഹിയിലായി രുന്നു. ഇതിന്റെ തുടക്കം മുതൽ ' ഇന്ത്യൻ പനോരമ ' എന്ന വിഭാഗം വളരെ പ്രധാന മാണ്. ഇരുപത്തിയൊന്ന് സിനിമകളാണ്



ഇതിലേക്ക് തിരഞ്ഞെടുക്കുന്നത്.
പല ഭാഷകളിൽ നിന്നും. രണ്ടുമൂന്നു പ്രാവ ശ്യം ഞാൻ അതിന്റെ ജൂറിയായിരുന്നിട്ടുണ്ട്. അങ്ങനെ വളരെ നല്ല സിനിമകൾ കാണാൻ സാധിച്ചു. അതിൽ തിരഞ്ഞെടുക്കപ്പെടുന്ന ഇരുപത്തിയൊന്നു സിനിമകളും വളരെ നല്ലതായിരിക്കും. അത് കണ്ടു കഴിഞ്ഞാൽ തന്നെ ആളുകളുടെ സിനിമാ ആസ്വാദന ത്തിന്റെ നിലവാരം തന്നെ മെച്ചപ്പെടും. ഇതിന്റെ തുടക്കം മുതൽ തന്നെ, കഴിഞ്ഞ 40 വർഷമായി ' ഇന്ത്യൻ പനോരമ ' മുടങ്ങാതെ നമ്മൾ നടത്തുന്നു. നമ്മൾ കാണിക്കുന്നത് ഒരു കൊല്ലം പുറകിൽ ആയിരിക്കുമെന്ന് മാത്രം. ഈ വർഷം ഗോവയിൽ കാണിച്ച സിനിമ ഇവിടെ അടുത്ത വർഷം ജനുവരി യിൽ കാണിക്കും. ഒരു ദിവസം രണ്ടു സിനിമ വെച്ച് പത്തുദിവസം ആയിട്ട്. അത് അവരുമായുള്ള ഒരു കരാർ ആണ്. '

'ഇന്ത്യൻ പനോരമയിൽ അതിഥികൾ വരുമായിരുന്നു.1983 – ലാണ് സത്യജിത് റേ സൂര്യയിൽ വരുന്നത്. എൺപതുകളിൽ ഓംപുരി, ഗൗതം ഘോഷ്, കുമാർ സാഹ്നി തുടങ്ങി ഒട്ടേറെപ്പേർ വന്നിട്ടുണ്ട്. ഇപ്പോഴും കഴിയുന്നത്ര അതിഥികളെ കൊണ്ടു വരുന്നു. ഞങ്ങൾ സംവിധായകരെ ക്ഷണിക്കുമ്പോൾ അവർക്കു താല്പര്യം ഉണ്ടെങ്കിൽ അവരുടെ സിനിമയിലെ അഭിനേതാക്കളെയും മറ്റു സഹ പ്രവർത്തകരെ യും കൂടെ ക്ഷണിക്കു വാനും സദസ്സിനു പരിചപ്പെടുത്തുവാനും നിർദ്ദേശിക്കാറുണ്ട്. അങ്ങനെ സിനിമയുടെ കാമറാമാൻ, എഡിറ്റർ തുടങ്ങിയവരെല്ലാം വന്നിട്ടുണ്ട്.'

'ഇത് വലിയൊരു സാമ്പത്തിക ഭാരം ആകുന്നില്ല. കാരണം ഇവരുടെ യാത്ര യ്ക്കും താമസത്തിനുമുള്ള ചിലവുകൾ മാത്രം നമ്മൾ വഹിച്ചാൽ മതിയാകും. അതിൽ കൂടുതലായി ആരും ഒന്നും തന്നെ ഇതുവരെ നമ്മളിൽ നിന്ന് ഈടാക്കിയിട്ടില്ല. '

'സത്യജിത് റേ വന്നപ്പോൾ മൂന്നു ദിവസം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. കേരളത്തിൽ ആദ്യമായിട്ടാണ് അദ്ദേഹം വരുന്നത്. ഒരു പൈസ പോലും ഞങ്ങളുടെ കയ്യിൽ നിന്ന് വാങ്ങിയില്ല. പക്ഷേ അദ്ദേഹം സംസ്ഥാന അതിഥി ആയതുകൊണ്ട് ഞങ്ങൾ കഴിയുന്നത്ര നല്ലൊരു പ്രതിഫലം നൽകി. സന്തോഷമായാണ് അദ്ദേഹം മടങ്ങിയത്. ഞാൻ അദ്ദേഹത്തിന്റെ കൂടെ എല്ലായിടത്തും യാത്ര ചെയ്തിരുന്നു. '

'സിനിമ സംവിധായകർ മാത്രമല്ല, എം എഫ്..ഹുസൈനെ പോലുള്ള മറ്റു കലാകാരന്മാരും, നർത്തകരും സംഗീത ജ്ഞരും ആരും തന്നെ അവരുടെ സാധാരണയായുള്ള പ്രതിഫലം ഞങ്ങ ളോട് ചോദിയ്ക്കാറില്ല. നമ്മൾ കൊടുക്കുന്ന പ്രതിഫലം ഒരു ദക്ഷിണ പോലെ അവർ സന്തോഷത്തോടെ വാങ്ങി മടങ്ങുന്നു. ഇപ്പോൾ എൽ. സുബ്രഹ്മണ്യം വന്നു. അദ്ദേഹത്തിന്റെ മാത്രം പ്രതിഫലം സാധാരണ പത്തുലക്ഷം രൂപയൊക്കെയാണ്. അകമ്പടി മേളക്കാർക്ക് വേറെയും. എല്ലാം കൂടി പതിനഞ്ചു ലക്ഷം വരും. അദ്ദേഹ വും ഒരു പൈസ പോലും വാങ്ങിയില്ല. ഇതെല്ലാം ഒരു ദൈവാനുഗ്രഹം പോലെ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നതു കൊണ്ടാണ് ഇങ്ങനെ തുടരാൻ സാധിക്കുന്നത്.'



'1970-80 കളിൽ എംബസി വഴിയാണ് ഇന്റർനാഷണൽ സിനിമാ പാക്കേജുകൾ കിട്ടിക്കൊണ്ടിരുന്നത്. ഹംഗറി, പോളണ്ട് തുടങ്ങിയ എംബസ്സികളെല്ലാം വളരെ സജീവമായിരുന്നു. ഡയറക്ടറേറ് ഓഫ് ഇന്ത്യൻ ഫിലിംസ് ഇന്ത്യൻ പനോരമ കാണിക്കുമ്പോൾ, അവർ അവിടെ പ്രദർശിപ്പിക്കുന്ന വിദേശസിനിമകൾ നമുക്ക് തരില്ല. ഈ സിനിമകൾ അവിടെ ഒന്നോ രണ്ടോ പ്രദർശനം ഉണ്ടാകും പക്ഷേ അത് നമുക്ക് തരുന്നതിന് നിയന്ത്രണം ഉണ്ട്. പക്ഷേ ഈ സിനിമകൾ അതാതു രാജ്യത്തിന്റെ എംബസികളിൽ വരും. അപ്പോൾ നമ്മൾ റഷ്യ,പോളണ്ട്, ചെക്കോസ്ലോവാക്കിയ ബൾഗേറിയ തുടങ്ങിയ രാജ്യങ്ങളുടെ എംബസ്സിയുമായി സമ്പർക്കത്തിൽ ഉണ്ടെങ്കിൽ അത് നമുക്ക് ലഭിക്കും. നമുക്ക് അങ്ങനെയുള്ള സമ്പർക്കം സാധ്യമാണ്. കാരണം ഈ എംബസ്സികളിലെല്ലാം പ്രധാന സ്ഥാനങ്ങളിൽ ഒരു മലയാളി എങ്കിലും ഉണ്ടാകും. അവരുമായി നമ്മൾ ഒരു ബന്ധം നിലനിറുത്തുകയും അങ്ങനെ സിനിമ ലഭിക്കുകയും ചെയ്യും.'

'അന്നു പക്ഷേ വലിയ പെട്ടിയിലാണ് സിനിമ വരുന്നത്. നമുക്ക് എംബസ്സിയിൽ പരിചയമുള്ള മലയാളി ഉദ്യോഗസ്ഥൻ തന്നെ പലപ്പോഴും നേരിട്ട് അദ്ദേഹത്തിന്റെ താൽപര്യത്തിൽ സിനിമ ബുക്ക് ചെയ്ത് നമുക്ക് രസീത് അയക്കും. സിനിമ നമുക്ക് റെയിൽവേ വഴി അയക്കുന്നതും, നമ്മൾ അത് തിരികെ അയക്കുമ്പോൾ സ്വീകരിക്കുന്നതും ഈ ഉദ്യോഗസ്ഥൻ ആയിരിക്കും. അതിനും നമ്മളിൽ നിന്ന് ആരും ഒരു പൈസ പോലും ഈടാക്കിയിട്ടില്ല.'

'ആദ്യകാലത്ത് എല്ലാവർഷവും ഡൽഹിയിൽ പോയി എംബസ്സി ഉദ്യോഗസ്ഥരുമായുള്ള സൗഹൃദം സ്ഥാപിക്കുവാൻ ഞാൻ പോകുമായിരുന്നു. എല്ലാവരെയും കാണും അങ്ങനെ ഒരു പൊതുസമ്പർക്കം, ഒരു നല്ല ബന്ധം, തുടങ്ങും. അവരിൽ പലരും ഇപ്പോഴും ഉണ്ട് നമുക്കു വേണ്ടി സംസാരിക്കാൻ. ആവശ്യം കഴിഞ്ഞാൽ അവരെ മറക്കില്ല. നമ്മൾ അവരുമായുള്ള ബന്ധം കാത്തുസൂക്ഷിക്കും. പല കലാകാരന്മാരും മറ്റ് ആവശ്യങ്ങൾക്ക് തിരുവനന്തപുരത്ത് വരുമ്പോൾ കാണുകയും കൂടെ താമസിക്കുകയും ചെയ്യും. എല്ലാ ആളുകളുമായും അങ്ങനെയുള്ള ബന്ധം തുടർന്നുകൊണ്ടേയിരിക്കുന്നു. ചില നർത്തകരും സംഗീതജ്ഞരും അവരുടെ പരിപാടികൾ ഇല്ലെങ്കിൽ പോലും ഇവിടെ അതിഥികളായി വന്നു നിന്നുപോകാറുണ്ട്. സൂര്യ എന്ന പ്രസ്ഥാനം അവർ എല്ലാവരുടെയും കൂടിയാണ് എന്നൊരു ധാരണ അവർക്കുള്ളതുകൊണ്ട് അവർ ഇപ്പോഴും വളരെ കരുതലുള്ളവരാണ്.'

'16 എം.എം, അല്ലെങ്കിൽ 35 എം.എം സിനിമകൾ ആയാലും അവ പ്രദർശിപ്പിക്കാൻ ടാഗോർ തിയേറ്റർ മാത്രമായിരുന്നു ഞങ്ങളുടെ ഒരു ആശ്രയം. മ്യൂസിയം ഓഡിറ്റോറിയത്തിൽ ഒരു പ്രൊജക്ടർ ഉണ്ടായിരുന്നു. ചിത്രലേഖ ഫിലിം സൊസൈറ്റി ടാഗോർ തിയേറ്ററിൽ നിന്ന് മ്യൂസിയത്തിലേക്ക് മാറിയപ്പോൾ അവരുടെ പ്രൊജക്ടർ ആയി അടൂർ ഗോപാലകൃഷ്ണനാണ് ഇത് സ്ഥാപിച്ചത്. പിന്നീട് അതു കേടുപാടു തീർത്ത് ഞങ്ങൾ ഉപയോഗിച്ചു. ഈ രണ്ടു സ്ഥലങ്ങളിലും മാത്രമായിരുന്നു



ഞങ്ങൾക്ക് 35 എം. എം സിനിമകൾ കാണിക്കാനുള്ള സംവിധാനം. അന്ന് ടാഗോർ തിയേറ്റർ നമുക്ക് ബുക്ക് ചെയ്തെടുക്കാൻ എളുപ്പമായിരുന്നു. നമ്മൾ ഇതിൽ നിന്ന് കാശ് ഉണ്ടാക്കുന്നില്ല എന്നതുകൊണ്ടു തന്നെ അവിടെയുള്ള ഉദ്യോഗസ്ഥർ എല്ലാം നമുക്കു വേണ്ടി സംസാരിക്കുമായിരുന്നു. നമ്മൾ മറ്റുള്ളവർക്ക് വേണ്ടി നിലകൊണ്ടു. സ്റ്റേജിൽ പോലും കയറാതെ, ആരെയും ചൂഷണം ചെയ്യാതെ പ്രവർത്തിക്കുന്നു. അതെല്ലാം അറിയുന്നതുകൊണ്ട് അവർ തിയേറ്റർ അലോട്ട്മെന്റിൽ നമുക്ക് വളരെ പരിഗണന തന്നിരുന്നു. '

'1970 -80 കളിൽ ഇതുപോലെ 35 എം . എം .സിനിമ പ്രദർശിപ്പിക്കാൻ കഴിയുന്ന സംവിധാനം തിരുവനന്തപുരത്തു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതൊരു പ്രശ്ന മായിരുന്നു. പലപ്പോഴും ആ സിനിമകൾ 16 എം.എം .ൽ കാണിക്കേണ്ടിവന്നിരുന്നു. പലപ്പോഴും കൊല്ലം പോലെയുള്ള സ്ഥലങ്ങളിൽ , ജനറൽ പിക്ചേഴ്സ് രവി ,കാക്കനാടൻ , രവീന്ദ്രൻ , സാബു ശങ്കർ എന്നിവരുള്ള സുവർണ്ണരേഖ ഫിലിം സൊസൈറ്റിക്ക് സാധാരണ തിയേറ്ററുകൾ വാടകക്ക് എടുക്കേണ്ടി വന്നു. തീയേറ്ററിൽ പതിവ് പ്രദർശനം ഇല്ലാത്ത സമയങ്ങളിൽ. പക്ഷേ അതപ്പോൾ കാണികൾക്ക് വളരെ അസൗകര്യം ഉള്ള സമയം ആകും. പക്ഷേ ഈ സൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്ത ഗ്രാമങ്ങളിലും മറ്റു സ്ഥലങ്ങളിലും ആളുകൾ ഇത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരുപക്ഷേ നമുക്ക് സൗകര്യങ്ങൾ ഉള്ളതുകൊണ്ടാണ് നമ്മൾ ഇത് ചെയ്തത്. മറ്റു പലരും സാധാരണ തിയേറ്ററുകളിൽ പോയി അനുവാദം വാങ്ങി മോർണിംഗ് ഷോയ്ക്കു മുൻപായി ഒൻപതു മണി മുതൽ പ്രദർശനം നടത്തും . അങ്ങനെയൊക്കെ 1970-80 കളിൽ ഉണ്ടായിരുന്നു . അവരുടെയെല്ലാം സംഭാവന ഇന്നത്തെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ വളർച്ചയിൽ ഉണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരുപാടു പേരുടെ വിയർപ്പിന്റെ ഫലം.'

'എനിക്ക് തോന്നുന്നു , ജനസംഖ്യ വർധനവിന്റെ ആനുപാതികമായ വർദ്ധന ഒന്നും മികച്ച കാണികളിൽ ഉണ്ടാകുന്നില്ല. നമ്മുടെ വളരെ പ്രശസ്തനായ ഒരു സംവിധായകൻ, പേര് മറന്നുപോയി, പറഞ്ഞിട്ട് - നമ്മുടെ കൂടെ സാമാന്യജനത ഇല്ലാ എന്ന് ഓരോ ഫിലിം സൊസൈറ്റി പ്രവർത്തകനും മനസ്സിലാക്കണം. നമ്മൾ അതു മനസ്സിലാക്കി കഴിഞ്ഞാൽ ഇതൊരു പ്രശ്നമല്ല. സാമാന്യജനത്തിന് കച്ചവട സിനിമ തന്നെയാകും താല്പര്യം.

പുലിമുരുകൻ തിയേറ്റർ നിറ ഞ്ഞോടുമ്പോൾ, ഓൾ വീ ഇമാജിൻ ആസ് ലൈറ്റ്ന്റെ തിയേറ്റർ റിലീസിൽ കാണാൻ അധികം ആളുണ്ടായില്ല. ഇതൊരു വ്യത്യസ്ത സിനിമയാണ്. പക്ഷേ അത് കാശു കൊടുത്തു കാണാൻ ആളില്ല എന്ന് പറയുന്നത് വിഷമം തന്നെയാണ്. അപ്പോൾ നമ്മൾ സ്വയം സമാധാനിക്കണം - സാമാന്യജനം നമ്മോടൊപ്പമില്ലെങ്കിലും നമ്മൾ ചെയ്യേണ്ടത് ചെയ്തിരിക്കണം. '




'നമ്മുടെ പ്രേക്ഷകരുടെ എണ്ണം കൂടുന്നത് വളരെ സാവധാനത്തിലായിരിക്കും. നൂറ് എന്നുള്ളത് അടുത്ത വർഷം നൂറ്റിയൊന്നേ ആകുകയുള്ളൂ. പക്ഷേ അതിൽ നിരുത്സാഹപ്പെടാതെ മുന്നോട്ടു പോകണം.'

' മുൻപുണ്ടായിരുന്നതുപോലെ ഫിലിം സൊസൈറ്റികളിൽ താല്പര്യപൂർവ്വം വരുന്ന ഒരു യുവ തലമുറയോ വിദ്യാർത്ഥി സമൂഹമോ ഇന്നില്ല. ഇന്നത്തെ യുവതലമുറ ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, നല്ല സിനിമ അങ്ങനെയുള്ള കാര്യങ്ങൾ തല്പരരായിക്കാണുന്നില്ല. പക്ഷേ കലയുടെ ആസ്വാദനം എന്നു പറയുന്നത് എന്തുകൊണ്ടോ നമ്മളിൽ നിന്ന്, നല്ല സിനിമകളിൽ നിന്നും, ക്ലാസിക്കൽ കലകളിൽ നിന്നും അവർ കാണേതെന്താണോ അതിൽ നിന്നെല്ലാം അകന്നു പോയി.

ഇപ്പോഴത്തെ തലമുറ ബാൻഡിന്റെ പുറകെ പോകുന്നു. ഒരു ബാൻഡിന്റെ പരിപാടി ഉണ്ടങ്കിൽ, അതിൽ ഏറ്റവും കുറഞ്ഞ ടിക്കറ്റ് 1500 രൂപയാണ്. അതുതന്നെ കസേരയൊന്നുമില്ലാതെ, പുറകിൽ നിൽക്കുന്നതിന്. പക്ഷേ ഇതിന്റെ ടിക്കറ്റുകൾ എല്ലാം നിമിഷങ്ങൾക്കുള്ളിൽ വിറ്റുപോകും. അതേ സമയം ഇവിടെ യിപ്പോൾ എം .എസ്. സുബ്ബലക്ഷ്മി പാടുന്നു എന്ന് പറഞ്ഞാൽ ഇതുപോലൊരു പ്രതികരണം ഉണ്ടാവില്ല. അതുകൊണ്ട് നമ്മൾ തളർന്നുപോകരുത്. നമ്മൾ ചെയ്യേണ്ടത് നമ്മൾ ചെയ്യുന്നു. '

' ഒരു അമ്പലം നടത്തുന്നു, അമ്പലത്തിൽ ഇതുപോലെ തിരക്കുണ്ടാവില്ല. അതേ സമയം ബെവറേജ്സ് കോർപ്പറേഷനിൽ തിരക്കുണ്ടാകും. അതുകൊണ്ട് അതാണ് വലുത് എന്ന് കരുതാനാവില്ലല്ലോ. അതുകൊണ്ട് ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിൽ ഉള്ള എല്ലാവരും മനസ്സിലാക്കേണ്ട സത്യമാണ് പൊതുജനം നമ്മുടെ കൂടെയില്ല എന്നത്. പക്ഷേ നമുക്ക് നമ്മുടെ ശ്രമം തുടർന്നു കൊണ്ടേയിരിക്കണം. നമുക്ക് ആത്മവിശ്വാസം നമുക്ക് ആത്മവിശ്വാസം ഉണ്ടാകണം. താൽപ്പര്യമുള്ളവർ നമ്മുടെ കൂടെ നിൽക്കും. അങ്ങനെ ഓരോരുത്തരെയായി ചേർത്തു കൊണ്ടുവരുന്നതാണ് ഫിലിം സൊസൈറ്റികളുടെ ധർമ്മം. '

'ഇവിടെ വരുന്ന ഇന്ത്യൻ പനോരമ ഞാൻ എല്ലാ ഫിലിം സൊസൈറ്റികൾക്കുമായി തുറന്നു വെക്കാറുണ്ട്. എല്ലാവരും ഒരു ഡെലിഗേറ്റ് കാർഡ് എടുക്കണം. ഫിലിം സൊസൈറ്റികൾക്ക് 100 രൂപ വെച്ചു ഈടാക്കാവുന്നതാണ്. ഡെലിഗേറ്റുകൾക്ക് ഈ പടങ്ങൾ എല്ലാം കാണാം.'

'ഫിലിം ഫെസ്റ്റിവൽ കാണുക എന്നത് ഇപ്പോൾ ഒരു ഫാഷൻ ആയി മാറിയിട്ടുണ്ട്. അവരെയൊന്നും ശരിയായ ഫിലിം ഡെലിഗേറ്റ് ആയിക്കാണാൻ കഴിയില്ല. ഡെലിഗേറ്റ് ആവണമെങ്കിൽ അതിനൊരു യോഗ്യത വേണം. അതു പലർക്കുമില്ല. ആദ്യം വരുന്നവർക്കെല്ലാം ഡെലിഗേറ്റ് കാർഡ് ലഭിക്കും. അതിനു പക്ഷേ ചലച്ചിത്ര അക്കാദമിയെ കുറ്റം പറയാനാവില്ല. അങ്ങനെയാണ് ഇവിടത്തെ വ്യവസ്ഥിതി. '

' ഐ.എഫ്.എഫ്.കെ. വളരെ ജനകീയമായ ഒരു ഫിലിം ഫെസ്റ്റിവൽ ആണ് . അപ്പോൾ

KX Pharma
9995811166
Your Prescription Delivered Anytime Anywhere...

13,000 ഡെലിഗേറ്റുകൾക്കും ഈ ബാഡ്ജ് കിട്ടുക എന്ന് പറയുന്നതുതന്നെ ഒരു ബഹുമതിയാണ്. അതു നല്ല കാര്യം തന്നെ യാണ്. പക്ഷേ അവരിൽ പലർക്കും സിനിമ കാണണമെന്നോ സിനിമയെ ക്കുറിച്ച് കൂടുതൽ അറിയണമെന്നോ ഇല്ല. അങ്ങനെ താൽപ്പര്യം ഉള്ളവരുമുണ്ട്. പക്ഷേ അവർക്ക് പലപ്പോഴും സിനിമ കാണാൻ സാധിക്കാറുമില്ല. മറ്റുള്ളവർ കയറി തിയേറ്റർ നിറഞ്ഞിരിക്കും. ആ ഒരു സ്ഥിതി മാറ്റിയെടുക്കേണ്ടതുണ്ട്. ഏകദേശം ഏഴാ യിരം സീറ്റുകൾ ഉള്ളതിലേക്കാണ് 13,000 ഡെലിഗേറ്റ് കാർഡ് കൊടുക്കുന്നത്. അതിനു കാരണം പലർക്കും ചില സിനി മകൾ മാത്രമാകും കാണാൻ താൽപ്പര്യം. ഇരിപ്പിട സൗകര്യം അനുസരിച്ചു മാത്രം ഡെലിഗേറ്റ് പാസ്സുകൾ നൽകുക എന്നൊരു നിബന്ധന ഇനിയിവിടെ കേരളത്തിൽ നടപ്പി ലാക്കാൻ പ്രായോഗികമായി പ്രയാസ മായിരിക്കും.'

'ഗോവയിൽ നമ്മൾ പോയാൽ സീറ്റ് കിട്ടും. അതുപോലെ നടപ്പിലാക്കാൻ കേരളത്തിൽ ഇനി സാധിക്കുമെന്ന് തോന്നുന്നില്ല. കാരണം ഇവിടെ ഫെസ്റ്റിവലിന്റെ സ്വഭാവം തന്നെ മാറിപ്പോയി. ഒരു ഫെസ്റ്റിവൽ എന്നതി നപ്പുറം ജനകീയമായ ഒരു കാർണിവൽ എന്നതുപോലെയായി. പക്ഷേ ഇവിടെ നന്നായി നടക്കുന്നുണ്ട്. '

'ഇപ്പോൾ ഇന്ത്യൻ പനോരമ നടത്തുന്നതു തന്നെ ജനങ്ങൾക്ക് എല്ലാം പങ്കെടുക്കാവുന്ന രീതിയിലാണ്. ഒരു അന്താരാഷ്ട്ര ചലച്ചിത്ര മേള ആലോചിക്കാവുന്നതാണ്. പക്ഷേ അതെങ്ങനെ നല്ല ഗുണനിലവാരമുള്ള സിനിമകൾ മാത്രം ഉൾക്കൊള്ളിച്ച് നടത്താം എന്നുള്ളത് ആലോചിക്കണം. '

'വാസ്തവത്തിൽ നമ്മൾ ഇപ്പോൾ പരിശ്രമി ക്കേണ്ടത് കോളേജുകളിൽ സിനിമ ക്ലബ്ബുകൾ തുടങ്ങുക എന്നതാണ്. എന്നിട്ടു നല്ല സിനിമകൾ കൊണ്ടുനടന്ന് എല്ലായിടത്തും കാണിക്കണം. ടൂർ ചെയ്യണം. ഈ ശ്രമം ഫിലിം സൊസൈറ്റികളും ഏറ്റെടുക്കണം. കോളേജുകളിലെ ഭൂരിഭാഗം ആളുകളും ഇതിൽ വരും എന്നൊരു മിഥ്യാധാരണ പാടില്ല. നൂറു പേർ സിനിമ കാണാൻ വരുന്നുണ്ടെങ്കിൽ അതിൽ ഒരു അഞ്ചു പേരെ മാറ്റിയെടുക്കാൻ സാധിച്ചാൽ അതു മതി. അങ്ങനെയാണ് സൂര്യ ഉണ്ടാക്കിയെടുത്തത്. '

'നല്ല സിനിമകൾ ഇപ്പോൾ സിനിമാ തിയേറ്ററുകളിൽ വരുന്നില്ല. അവർക്കതു കിട്ടില്ല. ഒ ടി. ടി. പ്ലാറ്റ് ഫോം അത് വാങ്ങില്ല. അപ്പോൾ മികച്ച സിനിമകൾ ജനങ്ങൾക്ക് എങ്ങനെ കാണാൻ കഴി യും? ഇപ്പോൾ ഗൂഗിൾ ഡ്രൈവ് ഉള്ളതു കൊണ്ട് വലിയ പ്രയാസമില്ലാതെ ഡിജിറ്റൽ പ്രിന്റുകൾ കാണാം . പൊതുവെ, സിനിമ ഡിസിപി സിസ്റ്റം ആയിട്ടാണ് ഇവിടെയെല്ലാം വരുന്നത്. ഡിസിപി യിൽ നിന്ന് ഡിജിറ്റൽ ആയി മാറ്റിയെടുക്കുക എന്നത് പ്രയാസമാണ്. അതിന് നിർമ്മാതാ ക്കൾ തയ്യാറാവില്ല. ഫിലിം സൊസൈറ്റി കൾ ആ ഭാരം വഹിക്കേ തായി വരും. അത് ഒരു പക്ഷേ സ്പോൺസർമാർ വഴി ചെയ്യാൻ സാധിക്കും.'



'മികച്ച സിനിമകൾ അമ്മമാർ ഉൾപ്പെടെ എല്ലാവരും കാണണം. അത് തിയേറ്ററിൽ വരില്ല. അപ്പോൾ നമ്മൾ എടുത്ത് കാണിക്കുകയും ഓരോ പ്രദർശനത്തിനും നിർമ്മാതാക്കൾക്ക് ഒരു ചെറിയ പ്രതിഫലമെങ്കിലും കൊടുക്കുകയും വേണം. അപ്പോൾ ആ നിർമ്മാതാവിന് അടുത്ത സിനിമ എടുക്കാൻ സാധിക്കും.

എല്ലാ ഫിലിം സൊസൈറ്റികളും ഒന്നിച്ചു നിന്ന് വൈകുന്നേരങ്ങളിൽ പ്രദർശനം സംഘടിപ്പിക്കുകയും കോളേജുകളിൽ കാണിക്കുകയും വേണം. ഒരു ജില്ലയിൽ അഞ്ച് - പത്ത് കോളേജ് എന്നോ മറ്റോ ഉള്ള രീതിയിൽ പദ്ധതി തയ്യാറാക്കണം. അങ്ങനെ പതിനാലു ജില്ലകളിലും കാണിച്ചു കഴി ഞ്ഞാൽ അതാണ് ഫിലിം സൊസൈറ്റി പ്രവർത്തനം. നമ്മൾ മറ്റുള്ളവരെ നല്ല സിനിമ കാണിച്ച് ശുദ്ധീകരിക്കണം. നല്ല സിനിമകൾ തിരഞ്ഞെടുക്കണം. മികച്ച സിനിമ കാണാൻ ആളുകുറവാണെന്നതിൽ കാര്യമില്ല. സൂര്യ ഇതിനെല്ലാം കൂടെയുണ്ട്.'





# IFFK - 2024 വിജയമാക്കിയതിന് എല്ലാവർക്കും നന്ദി - പ്രേംകുമാർ



**പ്രേംകുമാർ**
നടൻ , ചെയർമാൻ ,
കേരള ചലച്ചിത്ര അക്കാദമി

68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകളാണ് മേളയിൽ പ്രദർശിപ്പിച്ചത്. എട്ടു ദിവസങ്ങളിലായി ആകെ 427 പ്രദർശനങ്ങൾ നടത്തി. ഉദ്ഘാടന, സമാപന ദിവസങ്ങൾ ഒഴികെയുള്ള, റിസർവേഷൻ ഏർപ്പെടുത്തിയ ദിനങ്ങളിൽ 85,227 ബുക്കിംഗുകൾ നടന്നു. കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിർമ്മിക്കപ്പെട്ട, എല്ലാ വൈവിധ്യങ്ങളെയും ഉൾകൊള്ളുന്ന, ഏറ്റവും മികച്ച സിനിമകളാണ് ചലച്ചിത്ര അക്കാദമി മേളയിലെത്തിക്കാൻ ശ്രമിച്ചത്.

പ്രദർശിപ്പിച്ച സിനിമകളിൽ അധികവും മികച്ച ദൃശ്യാനുഭവങ്ങൾ പകർന്നു നൽകിയെന്ന് പ്രേക്ഷകരുടെ പ്രതികരണങ്ങളിൽനിന്ന് അറിയാൻ കഴിഞ്ഞു. മികച്ച മേളയെന്ന് മാധ്യമങ്ങളും പറഞ്ഞു. മേളയിൽ വിദ്യാർഥികളുൾപ്പെടെയുള്ള ഡെലിഗേറ്റുകൾ മാത്രം 13,000ത്തോളം പേർ പങ്കെടുത്തു. സിനിമകളുടെ അണിയറപ്രവർത്തകർ, മാധ്യമപ്രവർത്തകർ, അതിഥികൾ, ഒഫീഷ്യൽസ്, സ്പോൺസർമാർ തുടങ്ങിയവരുൾപ്പടെ 15,000ത്തിലധികം പേരുടെ സജീവമായ പങ്കാളിത്തം മേളയിൽ ഉണ്ടായി. വിദേശത്തുനിന്നുള്ളവർ ഉൾപ്പെടെ 238 ചലച്ചിത്രപ്രവർത്തകർ അതിഥികളായി പങ്കെടുത്തു. മേളയുടെ ഭാഗമായി ഇൻ






December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC



കോൺവെർസേഷൻ, ഓപ്പൺ ഫോറം, മീറ്റ് ദ ഡയറക്ടർ, ഡിജിറ്റൽ പെയിന്റിംഗ് എക്സിബിഷൻ, റെട്രോസ്പെക്ടീവ്, ഹോമേജ്, അരവിന്ദൻ സ്മാരക പ്രഭാഷണം, കേരള ഫിലിം മാർക്കറ്റ്, പാനൽ ഡിസ്കഷൻ, കലാപരിപാടികൾ, ലയാള സിനിമയിൽ 1980-കളുടെ തുടക്കംവരെ നിറ സാന്നിധ്യങ്ങളായിരുന്ന മുതിർന്ന അഭിനേത്രികളെ ആദരിക്കൽ, രക്തദാന ക്യാമ്പ് തുടങ്ങിയ അനുബന്ധ പരിപാടികളും സംഘടിപ്പിച്ചു. ടൂറിംഗ് ടാക്കീസിന്റെ നേതൃത്വത്തിൽ കാസർഗോട്ടെ കയ്യൂരിൽ നിന്നാരംഭിച്ച് വിവിധ ജില്ലകളിൽ സാംസ്കാരിക സദസ്സുകളും ചലച്ചിത്ര പ്രദർശനങ്ങളും സംഘടിപ്പിച്ച് വിജയകരമായി സ്ഥാനത്തിച്ചേർന്ന ഐ.എഫ്.എഫ്.കെയുടെ വിളംബര ജാഥ.



മലയാള സിനിമയുടെ പിതാവ് ജെ.സി. ഡാനിയേലിന്റെ സ്മൃതികുടീരത്തിൽ നിന്നാരംഭിച്ച, മലയാള സിനിമാരംഗത്തെ 'ഓർമ്മയായ' എല്ലാ അനശ്വര ചലച്ചിത്ര പ്രവർത്തകർക്കും ആദരമായി മാറിയ സ്മൃതിദീപ പ്രയാണം.15 തിയേറ്ററുകൾ, 177 സിനിമകൾ, 427 പ്രദർശനങ്ങൾ, എട്ട് രാപ്പകലുകൾ, ദിവസവും നടന്ന നിരവധി അനുബന്ധ പരിപാടികൾ... എല്ലാം ശ്രദ്ധേയമായി മാറി.ചലച്ചിത്രമേളയ്ക്കായി അഹോരാത്രം പ്രയത്നിച്ച ഒരുപാടുപേരുടെ ആത്മാർഥതയും ആത്മാർപ്പണവും കഠിനപ്രയത്നവുമാണ് ഈ വിജയത്തിന് കാരണമായത്. ഇത് നമ്മുടെയെല്ലാം കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ്.
എല്ലാ പിന്തുണയും സഹായവുമായി ഒപ്പം നിന്ന മുഖ്യമന്ത്രി, സംസ്ഥാന സർക്കാർ, സാംസ്കാരിക വകുപ്പ് മന്ത്രി, സാംസ്കാരിക കാര്യ വകുപ്പ്, ധനകാര്യ വകുപ്പ്, ഇതര വകുപ്പുകൾ , മന്ത്രിമാർ, ജനപ്രതിനിധികൾ, സാംസ്കാരിക സ്ഥാപനങ്ങൾ, തിരുവനന്തപുരം കോർപ്പറേഷൻ, കെ.എസ്.എഫ്. ഡി.സി, പി.ആർ. ഡി., ചലച്ചിത്ര അക്കാദമി സെക്രട്ടറി, അക്കാദമി ജനറൽ കൗൺസിൽ, എക്സി ക്യൂട്ടിവ് ബോർഡ് അംഗങ്ങൾ, ട്രഷറർ, ഫെസ്റ്റിവൽ, പ്രോഗ്രാം ഡെപ്യൂ ട്ടി ഡയറക്ടർമാർ, അക്കാദമിയിലെ മറ്റ് സഹപ്രവർത്തകർ, സംഘാടക സമിതി അംഗങ്ങൾ, തിയേറ്റർ ഉടമകൾ-ജീവനക്കാർ, വിവിധ സിനിമാ സംഘടനകൾ, ചലച്ചിത്ര പ്രവർത്തകർ, ഫിലിം സൊസൈറ്റി പ്രവർത്തകർ, മാധ്യമ പ്രവർത്തകർ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ സമുന്നത വ്യക്തിത്വങ്ങൾ, കേരള പോലീസ്, ആരോഗ്യ പ്രവർത്തകർ, ശുചീകരണ പ്രവർത്തകർ, വോളിയേഴ്സ്, രക്തദാന ക്യാമ്പിന് നേതൃത്വം നൽകിയവർ, നിറഞ്ഞ പങ്കാളിത്തം കൊണ്ട് മേളയെ സജീവമാക്കിയ ഡെലിഗേറ്റുകൾ തുടങ്ങി നന്ദി പറയാൻ ഇനി യും ഒരുപാട് പേർ മനസ്സിലുണ്ട്.

മേളയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും.... എല്ലാവർക്കും ഹൃദയ പൂർവ്വം നന്ദി അറിയിക്കുന്നു.

# ഫിലിം ജേർണലിസത്തിന്റെ ചരിത്രം



**വിജയകൃഷ്ണൻ**
സംവിധായകൻ, സിനിമ നിരൂപകൻ

സിനിമയിലേക്ക് കടക്കുന്നത് പോലെയല്ല ജേർണലിസം മേഖലയിലേക്ക് കടക്കുന്നത്. സിനിമ മേഖലയിലേക്ക് കടക്കുന്നവർ മിക്കവാറും തിരഞ്ഞെടുക്കുന്ന വഴി ഗ്ലാമറിന്റെയും പണത്തിന്റെയും പ്രശസ്തിയുടെയും ഒക്കെയാണ്. എന്നാൽ മറ്റു ചിലർക്ക് സിനിമ ഒരു പാഷനാണ്. ഒരു കവി എങ്ങനെയാണോ കവിത എഴുതുന്നതിൽ സന്തോഷം കണ്ടെത്തുന്നത്, അല്ലെങ്കിൽ ഒരു ചിത്രകാരൻ എങ്ങനെയാണോ തന്റെ സൃഷ്ടികളിലൂടെ ആത്മനിർവൃതി കണ്ടെത്തുന്നത്, അതേപോലെ തന്നെയാണ് ഒരു പാഷനുള്ള ഒരു ചലച്ചിത്രകാരൻ തന്റെ സൃഷ്ടികളിൽ പൂർണ്ണത തേടുന്നത്. എന്നാൽ അത്തരം ആളുകൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ഒക്കെ വളരെ വളരെ വലുതായിരിക്കും. കാരണം അയാൾക്ക് കച്ചവടം ചെയ്യാൻ അറിയില്ലല്ലോ !

സിനിമ മേഖലയിൽ അത്തരം ആളുകളെ ആർക്കും വേണ്ടാത്ത അവസ്ഥയുണ്ട്. അപ്പോൾ നിരവധി പ്രശ്നങ്ങൾ കൂടി നേരിടാൻ തയ്യാറായിക്കൊയിരിക്കും സിനിമ മേഖലയിലേക്ക് ഒരാൾ കടക്കുന്നത്. കച്ചവട സിനിമയും കച്ചവടേതര സിനിമയും എടുക്കുന്നവർ തമ്മിലുള്ള പ്രധാന വ്യത്യാസം, കച്ചവട സിനിമക്കാർ വിചാരിക്കുന്നത് ഒരു ജനപ്രിയമായ സിനിമ എടുക്കുമ്പോൾ അതിന് സിനിമയുടെ ഭാഷയും വ്യാകരണവും ഒന്നും ആവശ്യമില്ല എന്നാണ്. അപ്പപ്പോൾ ഉള്ള ട്രെൻഡുകൾക്ക് അനുസരിച്ച് മുന്നോട്ട് നീങ്ങുക എന്നതാണ് അവരുടെ രീതി.

പത്രപ്രവർത്തന മേഖലക്കും ഇപ്പോൾ വിവിധ ശാഖകൾ ഉണ്ട്. പണ്ട് അങ്ങനെയൊന്നുമില്ലായിരുന്നു. വലിയ പത്ര മാധ്യമ സ്ഥാപനങ്ങളിൽ ഓരോ വിഭാഗത്തിലും





വെവ്വേറെ ലേഖകരായിരിക്കും. രാഷ്ട്രീയം, സാംസ്കാരികം, സ്പോർട്സ് തുടങ്ങി വിവിധ ശാഖകളിലായാണ് അവർ പ്രവർത്തിക്കുന്നത്. എന്നാൽ അവിടെയും ഫിലിം ജേർണലിസത്തിന്റെ കാര്യം വലിയ കഷ്ടമാണ്. ഇപ്പോൾ മാതൃഭൂമി പത്രത്തിന്റെ കാര്യം തന്നെ എടുത്താൽ, അവരുടെ സിനിമാവാരികയായ ചിത്രഭൂമി പ്രസിദ്ധീ കരണം നിർത്തി വച്ചിരിക്കുകയാണ്. നമുക്കറിയാവുന്നതുപോലെ ഈ കോവിഡ് കാലത്ത് ഒട്ടേറെ പ്രസിദ്ധീകരണങ്ങൾ നിർത്തിയ കൂട്ടത്തിൽ തന്നെയാണ് ചിത്രഭൂമിയുടെയും പ്രവർത്തനം നിലച്ചു പോയത്. ചിത്രഭൂമിയുടെ പ്രസിദ്ധീകരണം നിർത്തിയ ശേഷം മാതൃഭൂമി ചെയ്തത് അവരുടെ പത്രത്തിന്റെ ഒപ്പം ഒരു സപ്ലിമെന്റ് ആയി ചിത്രഭൂമി എന്ന പേരിൽ ഒരു പംക്തി തുടങ്ങി. സിനിമയെ കുറിച്ചുള്ള ലേഖനങ്ങളും നിരൂപണങ്ങളും ഒക്കെയാണ് അതിൽ വന്നത്. അത് കൈകാര്യം ചെയ്തിരുന്ന ഒരു ലേഖകൻ സിനിമ യെ കുറിച്ച് വിശദമായ നിരൂപണങ്ങൾ എഴുതിത്തുടങ്ങി. ഈ നിരൂപണങ്ങൾ കാരണം സിനിമാക്കാർ ആ പത്രത്തെ ബോയ്ക്കോട്ട് ചെയ്യും എന്നു പറഞ്ഞു. വലിയ പ്രശ്നങ്ങളായി. ഒടുവിൽ ആ പ്രസിദ്ധീകരണം തന്നെ വേണ്ടെന്ന് വെച്ചു.

സിനിമ എടുക്കുമ്പോൾ ഉള്ള പ്രശ്നങ്ങളും പ്രതിസന്ധികളും ഒക്കെ നിരൂപണം എഴുതുമ്പോൾ ഉണ്ടാവില്ല എന്ന് തോന്നും.എന്നാൽ ഫിലിം ജേർണലിസം മേഖലയിലും ഇതുപോലെയുള്ള പ്രതിസന്ധികൾ ഉണ്ടാവുന്നു



എന്നുള്ളതാണ് വാസ്തവം. ഫിലിം ജേർണലിസം എന്ന ശാഖ എങ്ങനെ വികസിച്ചു വന്നു എന്നതിനെ കുറിച്ച് സംസാരിക്കാം.ലോകസിനിമാ ചരിത്രം എടുത്തു നോക്കി യാൽ,പത്രങ്ങൾ പ്ര ചരിച്ചു തുടങ്ങിയ ശേഷമാണ് സിനിമ കണ്ടുപിടിക്കപ്പെട്ടത് എന്നു കാണാം. സിന മയിൽ സാഹിത്യം, നാടകം, സംഗീതം, ചിത്രകല, തുടങ്ങിയ എല്ലാ കലാരൂപങ്ങളും സമന്വയിക്കുന്നു. ആദ്യത്തെ സിനിമ പ്ര ദർശനം 1895 ഡിസംബറിൽ ലൂമിയർ സഹോദരന്മാർ ആണ് നടത്തിയത്. ആ പ്രദർശനത്തെകുറിച്ചുള്ള വാർത്തകൾ റിപ്പോർട്ട് ചെയ്തുകൊണ്ടാണ് ഫിലിം ജേർണലിസം ആദ്യമായി തുടങ്ങുന്നത്.

ഒരു വലിയ അത്ഭുതം കാണിക്കാൻ പോകുന്നു എന്നാണ് വാർത്ത വന്നത്. അതായത് ചിത്രങ്ങളിലെ മനുഷ്യർ ചലിക്കാൻ തുടങ്ങുന്നു എന്ന തരത്തിൽ ആയിരുന്നു വാർത്ത. ആദ്യ കാലഘട്ടത്തിൽ സിനിമയെ ഒരു കലയായി ആരും കണ്ടില്ല. ആളുകളെ രസിപ്പിക്കുന്ന ചലിക്കുന്ന

KX Pharma
9995811166
Your Prescription Delivered Anytime Anywhere..

ചിത്രങ്ങളുടെ പ്രദർശനം എന്ന മട്ടിൽ ആയിരുന്നു ആദ്യമൊക്കെ വാർത്തകൾ വന്നത്. ഇതു കലയാണെന്ന ചിന്ത ലൂമിയർ സഹോദരന്മാർക്ക് പോലും ഇല്ലായിരുന്നു. ആളുകളെ രസിപ്പിക്കുന്ന ഒരു കളിപ്പാട്ടം പ്രവർത്തിപ്പിക്കുന്നതു പോലെയായിരുന്നു അവരും അതിനെ കണ്ടത്. ആദ്യ പ്രദർശനത്തിനു ശേഷം അവർ ഫ്രാൻസിലും മറ്റും പ്രദർശിപ്പിക്കുകയും അത് വൻ വിജയമായി തീരുകയും ചെയ്തു. ലൂമിയർ സഹോദരന്മാരുടെ പ്രതിനിധികൾ മറ്റു പല രാജ്യങ്ങളിലും പ്രദർശനം നടത്തുന്നതിന്റെ കൂട്ടത്തിൽ ഇന്ത്യയിലും വന്ന് പ്രദർശനം നടത്തുകയുണ്ടായി.

റഷ്യയിൽ വച്ച് നടത്തിയ പ്രദർശനം ലോകപ്രശസ്ത സാഹിത്യകാരനായ മാക്സിം ഗോർക്കി കാണുകയും ആദ്യത്തെ കാഴ്ചയിൽ തന്നെ സിനിമ




എന്ന മാധ്യമത്തിന്റെ ശക്തിയും അനന്ത സാധ്യതകളും മനസ്സിലാക്കുകയും അതിനെക്കുറിച്ച് ഒരു പത്രത്തിൽ വിശദമായ ഒരു ലേഖനം എഴുതുകയും ചെയ്തു. ആദ്യത്തെ സിനിമ നിരൂപണം എഴുതിയത് മാക്സിം ഗോർക്കിയാണ് എന്നു വേണമെങ്കിൽ പറയാം. സിനിമ എന്ന മാധ്യമത്തിന്റെ വളർച്ചയുടെ നാന്ദി ഇവിടെ നമുക്ക് കാണാം.

ഏതൊക്കെ ദിശയിലേക്കാണ് ഈ മാധ്യമം വളരേണ്ടത് എന്ന ധാരണ ഈ ഘട്ടത്തിൽ തന്നെ ഉണ്ടായി എന്നും പറയാം. ലൂമിയർ സഹോദരന്മാർക്ക് ശേഷം മറ്റ് ഫിലിം മേക്കേഴ്സ് ഒക്കെ വരുന്നുണ്ടെങ്കിലും അപ്പോഴും വിനോദത്തിനുള്ള ഒരു ഉപാധി എന്നതിലുപരി സിനിമയെ ഒരു കലയായി അവരും കിട്ടില്ല. പലരും ഈ രംഗത്ത് വളരെയേറെ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും സിനിമ എന്ന മാധ്യമത്തിൽ കലയുടെ പ്രകാശം വീഴ്ത്തിയത് ഡി.ഡബ്ല്യു. ഗ്രിഫിത്ത് ആണ് . ഇദ്ദേഹം 1915-ൽ ആദ്യത്തെ ഫീച്ചർ ഫിലിം നിർമ്മിച്ചു. അതിനുമുമ്പ് റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ വന്നു നിൽക്കുന്നതിന്റെയും, തൊഴിലാളികൾ ഫാക്ടറിയിൽ കയറി പോകുന്നതിന്റെയും മറ്റും ഓരോ റീൽ മാത്രമുള്ളവയായിരുന്നു പ്രദർശിപ്പിച്ചിരുന്നത്. എന്നാൽ ഗ്രിഫിത്തിന്റെ സിനിമയ്ക്ക് ഒന്നേമുക്കാൽ മണിക്കൂർ ദൈർഘ്യം ഉണ്ടായിരുന്നു. 'ബർത്ത് ഓഫ് എ നേഷൻ 'എന്ന സിനിമയായിരുന്നു അത്. ഒട്ടേറെ ചർച്ചകൾക്ക് വഴിയൊരുക്കിയ സിനിമയായിരുന്നു ഇത്. ഒരുപാട് വംശീയ പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ച സിനി മ ആയിരുന്നു 'ബർത്ത് ഓഫ് എ നേഷൻ'

KX Pharma
9995811166
A commitment to your Health and Wellbeing....-!

എന്നതായിരുന്നു അതിനു കാരണം. കറുത്തവരും വെളുത്തവരും തമ്മിലുള്ള പോരാട്ടങ്ങൾ, അവരുടെ അവകാശങ്ങളുടെ പ്രശ്നം, സംവിധായകൻ ആരുടെ ഭാഗത്തു നിൽക്കുന്നു തുടങ്ങിയവയൊക്കെ വലിയ രീതിയിൽ ചർച്ച ചെയ്യപ്പെട്ടു.

എപ്പോഴും നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം ഒരു ആഴമുള്ള കലയിലൂടെ ഗൗരവതരമായ ജീവിത പ്രശ്നങ്ങൾ എടുത്തുകാട്ടപ്പെടുമ്പോഴാണ് അത് അതി നുള്ളിൽ മാത്രം ഒതുങ്ങി നിൽക്കാതെ നിൽക്കാതെ പുറത്തേക്ക് പോകുന്നത്,

ഗ്രിഫിത്തിന്റെ അടുത്ത ചിത്രമായ 'ഇന്റോളറൻസ് ' അഥവാ 'അസഹിഷ്ണുത' വളരെയേറെ ചർച്ച ചെയ്യപ്പെട്ടു. അസഹി ഷ്ണുത എല്ലാകാലത്തും എല്ലായിടത്തും ഉണ്ടായിട്ടുണ്ട്. ഒരുവശത്ത് നിൽക്കുന്നവർ മറുവശത്ത് നിൽക്കുന്ന വരെ അസഹിഷ്ണുക്കൾ എന്ന് കുറ്റപ്പെടുത്തുകയും എന്നാൽ സ്വന്തം തെറ്റ് സമ്മതിക്കാനും സ്വന്തം അസഹിഷ്ണുത തിരിച്ചറിയാനും ശ്രമിക്കാറില്ല എന്നും കാണണം. ഈ ഒരു സത്യമാണ് തന്റെ രണ്ടാമത്തെ സിനിമയിലൂടെ ഗ്രിഫിത്ത് അവതരിപ്പിച്ചത്. അത് വെറുതെ



ജനങ്ങളുടെ ചർച്ചയ്ക്ക് വിധേയമാകുന്നത്, പത്രത്തിലേക്കും മറ്റു പ്രസിദ്ധീകരണ ങ്ങളിലേക്കും പോകുന്നത്. ആഴമുള്ള ഒരു രചന വന്നപ്പോൾ തന്നെ ഫിലിം ജേർണലിസം ശക്തമായി എന്ന് കാണാം. ഇതിന് തുടർന്നാണ് ഫിലിം ജേർണലിസത്തിനു മാത്രമായി പ്രസിദ്ധീ കരണങ്ങൾ ഉണ്ടായി തുടങ്ങിയത്.

അവതരിപ്പിക്കുകയായിരുന്നില്ല. നാലു കാലഘട്ടങ്ങളിലും നടക്കുന്ന നാല് കഥകളുടെ അന്തോളജിയാണ് ' ഇന്റോളറൻസ് ' എന്ന സിനിമ. എന്നാൽ ഈ സിനിമയിൽ അടൂർ ഗോപാലകൃഷ്ണന്റെ നാലു പെണ്ണുങ്ങൾ എന്ന സിനിമയിൽ എന്നത്പോലെ ഒരു കഥ കഴിഞ്ഞിട്ട് മറ്റൊരു കഥയിലേക്ക് കടക്കുകയല്ല ചെയ്തത്. ഒരു കഥ ഒരു വഴിത്തിരിവിലേക്ക് എത്തുമ്പോൾ

KX Pharma
9995811166
Promoting Healthy Lifestyle....

അടുത്ത കഥ തുടങ്ങും. അതൊരു വഴിത്തിരിവിലേക്ക് എത്തുമ്പോൾ, വീണ്ടും പഴയ കഥയുടെ ബാക്കിലേക്ക് പോകും. ചുരുക്കം പറഞ്ഞാൽ അന്നത്തെ പ്രേക്ഷകർക്ക് വലിയ ആശയക്കുഴപ്പമുണ്ടാക്കിയതാണ് ഈ രീതി. ആവിഷ്കരണത്തിൽ നൂതനത്വം വരുത്തുമ്പോൾ പ്രേക്ഷകർക്ക് കുറച്ചൊക്കെ ആശയക്കുഴപ്പമുണ്ടാകും. ഇത്തരം ആശയക്കുഴപ്പം ഉണ്ടാകുമ്പോൾ അതു മാറ്റാൻ വേണ്ടി, സിനിമ ഇന്നയിന്ന കാര്യങ്ങളാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നും, ഓരോ സീനിലും പറഞ്ഞിരിക്കുന്നത് ഇന്നതാണെന്നും, അതിന്റെ ആശയത്തിന്റെ ആഴം ഇന്നതാണെന്നുമൊക്കെ പ്രേക്ഷകനെ കൃത്യമായി പറഞ്ഞു മനസ്സിലാക്കുന്നതിനെയാണ് സിനിമാനിരൂപണം എന്നു പറയുന്നത്.

ആ അർത്ഥത്തിൽ നോക്കിയാൽ ഇന്ന് നിരൂപണം എന്ന് പറയുന്നവയൊക്കെ നിരൂപണങ്ങളേയല്ല എന്നു പറയേണ്ടി വരും. അതിനെ റിവ്യൂ ബോംബിങ് എന്നാണ് പറയുന്നത്. കൂടുതൽ വ്യൂവർഷിപ്പും അതുവഴി കൂടുതൽ പണവും കിട്ടണമെന്ന ഉദ്ദേശത്തോടു കൂടി സെൻസേഷണൽ ആയിട്ടുള്ള കാര്യങ്ങൾ പറയുക മാത്രമാണ് അവർ ചെയ്യുന്നത്. അതിൽ നിരൂപണം ഉണ്ടാവില്ല. സിനിമയിലെ വലിയ നിരൂപകർ എന്നറിയപ്പെടുന്നവർ പോലും അതിലെ ഉപരിപ്ലവങ്ങൾ ആയ കാര്യങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. സിനിമയിൽ അവതരിപ്പിച്ചിരിക്കുന്ന ജാതി മത രാഷ്ട്രീയങ്ങൾക്കാണ് അവർ ഊന്നൽ കൊടുക്കുന്നത്. പണ്ടൊന്നും ഇല്ലാത്ത





വിധത്തിൽ പൊളിറ്റിക്കൽ കറക്റ്റ്നെസ്സ് എന്ന ഒരു പദവും കൊണ്ടുവരും.

ഒരു സിനിമയുടെ കഥാകൃത്ത് അയാൾ അറിയുന്ന ജീവിതപശ്ചാത്തലത്തിൽ നിന്നു കൊണ്ടായിരിക്കും ആ കഥ എഴുതുന്നത്. സിനിമയിൽ ആ കഥയിലെ കഥാപാത്രം പെരുമാറുന്നതാണ് സിനിമയിൽ കാണിക്കുന്നത്. പൊളിറ്റിക്കൽ കറക്റ്റ്നെസ്സ് കാണിച്ചു കൊണ്ടിരുന്നാൽ ആ കഥാപാത്രത്തിന് ആ കഥയുടെ രീതിക്കനുസരിച്ച് സ്വാഭാവികമായി മുന്നോട്ടു പോകാൻ സാധിക്കില്ല. കഥയ്ക്ക് അങ്ങനെ പരിണമിക്കാനും സാധിക്കില്ല. സത്യത്തിൽ പൊളിറ്റിക്കൽ കറക്റ്റ്നെസ്സ് എന്നു പറയുന്നത് തന്നെ വിഡ്ഢിത്തമാണ്. പുരോഗമന ചിന്താഗതി വേണമെന്നുണ്ടെങ്കിലും അത്തരം ചിന്താഗതികളെ ചില അറകളിലായി തിരിച്ചിടാനുള്ളതല്ല.

ഗ്രിഫിത്ത് വരുന്നതോടു കൂടി ചലച്ചിത്ര പ്രസിദ്ധീകരണങ്ങൾ വരികയും, സിനിമ യെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ എഴുതപ്പെടുകയും ചെയ്തതോടു

KX Pharma
9995811166
Your Family Health Store




കൂടി ഫിലിം ജേർണലിസത്തിന്റെ ഒരു ശക്തമായധാര രൂപപ്പെട്ടു തുടങ്ങി. മലയാളത്തിലേക്ക് വരികയാണെങ്കിൽ നിങ്ങൾക്ക് അറിയാവുന്നതു പോലെ, ലോകസിനിമയിൽ ആദ്യത്തെ നിശബ്ദചിത്രം വരുന്നത് 1895-ലും, ശബ്ദ ചിത്രം വരുന്നത് 1927-ലുമാണ്. അതുകഴിഞ്ഞ് ഒരു വർഷം കൂടി കഴിഞ്ഞാണ് മലയാളത്തിൽ ഒരു നിശബ്ദ ചിത്രം വരുന്നത്. അപ്പോൾ നമ്മൾ അത്രത്തോളം പിന്നിലായിരുന്നു എന്ന് വേണം കാണാൻ. അതു പോലെ ആദ്യത്തെ ശബ്ദം ചിത്രം വരുന്നത് 1938 ലാണ്. അപ്പോഴും നമ്മൾ വളരെ പിന്നിലായിരുന്നു. ഇന്ത്യയിലെ മറ്റു ഭാഷകളിൽ കുറച്ചു കൂടി മുൻപ് തന്നെ സിനിമ വന്നു. ഹിന്ദിയിലാണ് ആദ്യം വരുന്നത്. 1913-ൽ റിലീസ് ആയ ദാദാസാഹിബ് ഫാൽക്കെയുടെ ' രാജ ഹരിചന്ദ്ര ' എന്ന സിനിമയായിരുന്നു അത്. അർദേശർ ഇറാനി സംവിധാനം ചെയ്ത ' ആലം ആര' എന്ന 1931-ലെ ചിത്രം ആയിരുന്നു ഇന്ത്യയിലെ ആദ്യത്തെ ശബ്ദ ചിത്രം.

ചിത്രങ്ങൾ വരുന്നതിലെ കാലതാമസം ഫിലിം ജേർണലിസത്തിലും സംഭവിച്ചിട്ടുണ്ട്. ചലച്ചിത്രത്തിന് വേണ്ടി മാത്രമായ ഒരു പ്രസിദ്ധീകരണം ആദ്യമൊന്നുമില്ലായിരുന്നു. ആദ്യമൊന്നും എഴുതാൻ വേണ്ടി മാത്രം സിനിമകൾ ഒന്നും ഉണ്ടായിട്ടുമില്ലല്ലോ. സിനിമ വികസിച്ചു തുടങ്ങുന്നതോടു കൂടിയാണ് ചലച്ചിത്രപ്രസിദ്ധീകരണങ്ങൾക്കും വികാസം സംഭവിച്ചു തുടങ്ങുന്നത്. വർഷത്തിൽ ഒരു സിനിമ വന്നാലായി എന്ന കാലഘട്ടത്തിൽ നിന്ന് 1950-ലെത്തുമ്പോൾ മലയാളത്തിൽ ആറു സിനിമ ഒന്നിച്ച് റിലീസ് ആയി.

ഇതിനുശേഷമാണ് മലയാളത്തിലെ ആദ്യത്തെ ചലച്ചിത്ര പ്രസിദ്ധീകരണമായ 'സിനിമ' പുറത്തുവരുന്നത്. ഇതു പ്രസിദ്ധീകരിച്ചത് കെ.വി. കോശിയാണ്. കുറച്ചുകൂടി വിശദീകരിച്ചാൽ ഈ കോശി ആരാണെന്ന് നിങ്ങൾക്ക് മനസ്സിലാകും. കെ ആന്റ് കെ പ്രൊഡക്ഷൻസിലെ ഒരു കെ ഈ കോശിയാണ്. മറ്റേ കെ കുഞ്ചാക്കോ ആണ്. കെ ആൻഡ് കെ പ്രൊഡക്ഷൻസ് തന്നെയാണ് സൂപ്പർ ഹിറ്റ് സിനിമയായ ' ജീവിതനൗക ' നിർമ്മി ച്ചത്. നമ്മൾ മലയാളികൾക്ക്






ആദരിക്കേണ്ടവരെ ആദരിക്കാതിരിക്കുക എന്നത് ഒരു ശീലമായതു കൊണ്ട് തന്നെയാണ് നമ്മൾ അദ്ദേഹത്തിന്റെ റോൾ അറിയാതിരുന്നത്. അതു പോലെ തന്നെ കേരളത്തിൽ ആദ്യമായി ഫിലിം ചേമ്പർ തുടങ്ങുന്നതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. സിനിമ എന്ന പ്രസിദ്ധീകരണം 1951-വരെ പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് വേണ്ടത്ര കറന്റ് ഇല്ലാത്തതുകൊണ്ട് അത് നിന്നു പോവുകയാണ് ചെയ്തത്.
ഫിലിം ജേർണലിസം എന്നാൽ ഗോസിപ്പ് റൈറ്റിംഗ് ആണ് എന്നൊരു ധാരണ തുടക്കം മുതൽ തന്നെ ഉണ്ടായിരുന്നു. അതു കൊണ്ടു തന്നെ അക്കാലത്തെ അറിയപ്പെടുന്ന സിനിമ മാസികകൾ ഒക്കെ നോക്കിയാൽ നായകന്റെയോ നായികയുടെയോ അവിഹിതബന്ധങ്ങൾ ഒക്കെയാണ് വാർത്തകളായി വന്നിരുന്നത്. അതിൽ തന്നെ സൂപ്പർ താരങ്ങളുടെ അവിഹിതബന്ധങ്ങൾക്കാണ് വാർത്താപ്രാധാന്യമുണ്ടായിരുന്നത്.
മലയാള സിനിമയിലെ ആദ്യത്തെ സൂപ്പർ താരം ഉണ്ടാകുന്നത് 1951-ലാണ്. അത് തിക്കുറിശ്ശി സുകുമാരൻ നായർ ആയിരുന്നു.

തൊട്ടടുത്തവർഷം പ്രേം നസീറും സത്യനും എത്തുന്നതോടെ ഫിലിം ജേർണലിസം രംഗം പുഷ്ടിപ്പെട്ടു തുടങ്ങി. ഒപ്പം കൂടുതൽ പ്രസിദ്ധീകരണങ്ങളും വന്നു തുടങ്ങി. പതുക്കെ പതുക്കെ അവയും ഗോസിപ്പിന്റെ പാത പിന്തുടർന്നു. എന്നാൽ ഇക്കാര്യത്തിൽ മലയാള പ്രസിദ്ധീകരണങ്ങൾ താരതമ്യേന ഭേദമായിരുന്നു എന്ന് വേണം പറയാൻ.

പിന്നീട് സിനിമകളുടെ എണ്ണവും, സൂപ്പർ താരങ്ങളുടെ എണ്ണവും വാർത്തകളുടെ എണ്ണവും കൂടിയതോടെ ഫിലിം ജേർണലിസവും അതിനൊപ്പം പുഷ്ടിപ്പെട്ടു തുടങ്ങി. ചിത്രകൗമുദി, ഫിലിം നാദം, ഗീത തുടങ്ങിയ പ്രസിദ്ധീകരണങ്ങളും അക്കാലത്ത് ഉണ്ടായി. ഇത്തരം സിനിമാപ്രസിദ്ധീകരണങ്ങളിൽ പിന്നീട് ഉണ്ടായ ഒരു മാറ്റം എന്ന് പറഞ്ഞാൽ, വേണ്ടത്ര ഗോസിപ്പുകൾ കിട്ടാത്തതുകൊണ്ട് അവർ കൽപ്പിത കഥകൾ ഉണ്ടാക്കി പ്രസിദ്ധീകരിക്കാൻ തുടങ്ങി. കഥകൾ എന്ന് പറഞ്ഞാൽ അശ്ലീലം തന്നെ. ഞാനൊക്കെ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് സാമാന്യം നന്നായി









വായിക്കുമായിരുന്നു. പബ്ലിക് ലൈബ്രറിയിലും മറ്റും അംഗത്വവും ഉണ്ടായിരുന്നു. അക്കാലത്ത് വായനശീലം ഇല്ലാതിരുന്ന എന്റെ ചില കൂട്ടുകാർ ചില പുസ്തകങ്ങൾ ആകാംക്ഷയോടെ വായിക്കുന്നത് കണ്ടു വാങ്ങിച്ചു നോക്കിയപ്പോഴാണ് അതിൽ തുടക്കത്തിൽ കുറച്ചു ഫിലിം സംബന്ധിയായ വാർത്തകൾ ഉണ്ടെങ്കിലും ബാക്കിയുള്ള ഭാഗത്ത് എഴുതിയിരുന്നത് മുഴുവൻ സെക്സ് കഥകളാണ് എന്ന് മനസ്സിലാകുന്നത്. എന്നാൽ ചില നല്ല പ്രസിദ്ധീകരണങ്ങൾ സിനിമയെ പറ്റിയുള്ള നല്ല നല്ല വാർത്തകൾ കൊടുത്തുമിരുന്നു. കെ. ബാലകൃഷ്ണന്റെ കൗമുദി വാരിക അതിലൊന്നായിരുന്നു. അദ്ദേഹം അതിന്റെ നടുവിലത്തെ രണ്ടു പേജുകൾ സിനി മ യ്ക്ക് വേണ്ടി മാറ്റി വച്ചിരുന്നു. സിനിമയെ പറ്റിയുള്ള ചില ലേഖനങ്ങൾ അദ്ദേഹത്തിന്റേതായും വന്നിരുന്നു. വായനയോഗ്യങ്ങളായ ലേഖനങ്ങൾ ആയിരുന്നു അവയൊക്കെ. ഫിലിം ജേണലിസത്തെ ഒട്ടും അപകർഷപ്പെടുത്താതെ അദ്ദേഹം ആ ലേഖനങ്ങൾ ഒക്കെ എഴുതി.

അക്കാലത്ത് മെറിലാൻഡിന്റെ കറുത്ത രാത്രികൾ എന്ന പേരിൽ മധു അഭിനയിച്ച ഒരു ചിത്രം പുറത്ത് വന്നു. അതിനെപ്പറ്റി കൗമുദിയിൽ വന്ന വാർത്ത കറുത്ത രാത്രികൾ ഒരു മഹാ വൃത്തികെട്ട പടമാണെന്നും, ഇത്രയും വൃത്തികെട്ട സിനിമ ഏതോ ഒരു മഹാൻ എഴുതിയ ഒരു പൊട്ട നോവലിന്റെ അഡാപ്റ്റേ ഷൻ ആണെന്ന് പഴവിള രമേശൻ പറഞ്ഞു എന്നാണ് അദ്ദേഹം എഴുതിയത്. പഴവിള രമേശൻ അന്ന് കൗമുദിയുടെ എഡിറ്റർ ആണ്. സിനിമ പൊട്ടയാണ് എന്നതുകൊണ്ട് അത് എഴുതിയ നോവലിസ്റ്റും ഒരു പൊട്ട എഴുത്തുകാരനാണ് എന്ന് പറഞ്ഞു വയ്ക്കുകയായിരുന്നു അദ്ദേഹം. വാസ്തവത്തിൽ അത് എഴുതിയത് ലോക പ്രശസ്ത എഴുത്തുകാരനായ ആർ.എൽ. സ്റ്റീവൻസൺ ആണ്. അദ്ദേഹം എഴുതിയ ' ഡോക്ടർ ജക്കിൽ ആൻഡ് മിസ്റ്റർ ഹൈഡ് ' എന്ന് പുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയാണ് സിനിമ വന്നത്.

ഇതിലെ പ്രധാന കഥാപാത്രമായ ഡോക്ടർ ജക്കിൽ എന്നു വിളിക്കപ്പെടുന്ന ആദർശവാനും, സദാചാരവാദിയുമായ ഡോക്ടർ സമൂഹത്തിലെ പല ദുഷ്ടതകളും മറ്റും കണ്ടു കഴിയുമ്പോൾ ഒരു രാജസ സ്വഭാവത്തിലേക്ക് വരുന്നു. അങ്ങനെ അയാൾ തിന്മകൾക്കെതിരെ പോരാടാൻ തീരുമാനിക്കുന്നു. പക്ഷേ ഇയാൾക്ക് ആരെയും ചീത്ത വിളിക്കാനോ ആക്രമിക്കാനോ ഉള്ള കഴിവില്ല. ആ കഴിവുകൾ നേടാൻ വേണ്ടി അയാൾ ഒരു മരുന്ന് കണ്ടുപിടിക്കുന്നു.  ആ മരുന്ന് കഴിച്ചു കഴിയുമ്പോൾ ഇയാളുടെ മുഖം തന്നെ മാറും. ഒപ്പം അയാളുടെ സ്വഭാവവും മാറും. സമൂഹത്തിലെ ദുഷ്ടരായ ആൾക്കാരെ



ആക്രമിക്കാനും കൊല്ലാനും തന്നെ അയാൾ പിന്നെ മടി കാണിക്കുകയില്ല. ഇന്ത്യൻ എന്ന സിനിമയുടെ കോൺ സെപ്റ്റും ഇതു തന്നെയാണ്. അങ്ങനെ സമൂഹത്തിലെ ദുഷ്ടരെ നശിപ്പിക്കുന്നത് കുറെ നാൾ തുടരുമ്പോൾ ഇയാൾക്ക് രാജസ സ്വഭാവം കൂടി കൂടി വരുന്നു. അതിനു കാരണം സാത്വിക സ്വഭാവം കൊണ്ട് നടക്കുന്നതിനേക്കാൾ എളുപ്പം രാജസ സ്വഭാവം കൊണ്ടു നടക്കുന്നതാണ്. ഇതിങ്ങനെ കൂടിക്കൂടി വരുമ്പോൾ എന്താണ് സംഭവിക്കുന്നത് എന്ന് വെച്ചാൽ , മരുന്നു കഴിച്ച ശേഷം പൂർവ്വ സ്ഥിതിയിലാകാൻ വളരെയേറെ സമയമെടുത്ത് തുടങ്ങുന്നു. ഒടുവിൽ പോലീസ് അയാളെ തിരിച്ചറിയുകയും അയാളെ പിന്തുടരുകയും രക്ഷയില്ലാതെ വരുമ്പോൾ അയാൾ സ്വന്തം വീട്ടിൽ ചെന്ന് ഒരു റിവോൾവർ എടുത്ത് സ്വയം നിറയൊഴി ക്കുകയും മരിക്കുകയും ചെയ്യുന്നു. മരിക്കുമ്പോഴേക്കും അയാളുടെ പരമമായ സാത്വികഭാവം പുറത്തുവരികയും ചെയ്യുന്നു. ഈ കഥ കേട്ടപ്പോൾ തന്നെ നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ ഇതൊരു നല്ല കഥയാണെന്ന്. പക്ഷേ എന്തു ചെയ്യാം, കറുത്ത രാത്രികൾ



എന്ന എന്ന പേരിൽ മലയാളത്തിൽ സിന മയാക്കിയപ്പോൾ അത് സ്റ്റണ്ടും പാട്ടുകളും ഒക്കെ നിറഞ്ഞ വെറുമൊരു കൊമേഴ്‌സ്യൽ സിനിമയായി മാറി. മരുന്നു കഴിക്കുമ്പോൾ മുഖത്ത് വരുന്ന മാറ്റമൊക്കെ മേക്കപ്പിട്ടാണ് മധു ചെയ്തത്. എന്നാൽ ഹോളിവുഡിൽ ചെയ്ത നടൻ ജോൺ ബാരിമൂർ മുഖത്ത് ഭാവവ്യത്യാസങ്ങൾ വരുത്തിയാണ് ആ മാറ്റങ്ങൾ സാധിച്ചെടുത്തത്. ഇതൊന്നുമറിയാതെയാണ് സിനിമ പൊട്ടയാണെന്ന് കണ്ട് അതിന്റെ എഴുത്തുകാരനെ പൊട്ടയാണെന്ന് കെ. ബാലകൃഷ്ണൻ ഇത്തരത്തിൽ അധിക്ഷേപിച്ചത്. അതുകൊണ്ടു തന്നെ യാണ് ഒരു സിനിമാ നിരൂപകന് ചരിത്രവും പശ്ചാത്തലവും ഒക്കെ ആഴത്തിലും പരപ്പിലും അറിയണമെന്നു പറയുന്നത്. ഇപ്പോഴത്തെ ഒരു ട്രെൻഡ് എന്ന് പറഞ്ഞാൽ താരങ്ങളെ എല്ലാവർക്കും അറിയാം. എന്നാൽ പലർക്കും സംവിധായകരെ പോലും അറിയാത്ത അവസ്ഥയാണ്. അറിഞ്ഞിരുന്നാൽ തന്നെ ഏറ്റവും കൂടുതൽ സൂപ്പർഹിറ്റുകൾ സൃഷ്ടിക്കുന്ന സംവിധായകരെ മാത്രമേ അറിയൂ. FIAPF sâ (Fédération Internationale des Associations de Producteurs de Films) അംഗീകാരം കിട്ടിയ ഫെസ്റ്റിവലുകളെയാണ് ലോകത്തിലെ മികച്ച ഫിലിം ഫെസ്റ്റിവലുകൾ എന്ന് വിളിക്കുന്നത്. നമ്മുടെ IFFI, IFFK തുടങ്ങിയവക്ക് FIAPF ന്റെ അംഗീകാരം കിട്ടിയതാണ്. രാജ്യാന്തര തലത്തിൽ കാൻ ഫിലിം ഫെസ്റ്റിവൽ, വെനീസ് ഫിലിം ഫെസ്റ്റിവൽ തുടങ്ങിയവ ഏറ്റവും മികച്ചവയാണ്. അവിടെ ഒരു അവാർഡ് കിട്ടിയാൽ അത് ആഘോഷിക്കപ്പെടേത് തന്നെയാണ്.

KX Pharma
9995811166
A commitment to your Health and Wellbeing....-!

ഇപ്പോഴത്തെ കാലത്താകട്ടെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകൾക്ക് പോലും ആധികാരികത നഷ്ടപ്പെട്ടു കഴിഞ്ഞു. ഇന്ന് ആർക്കുവേണമെങ്കിലും ഒരു ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ തട്ടിക്കൂട്ടാം എന്ന അവസ്ഥയാണ്. IFFK പോലെയുള്ള ഫെസ്റ്റിവലുകളെ കുറിച്ചല്ല ഞാൻ പറയുന്നത്. ഇതിന് കാരണം എന്താണെന്ന് വെച്ചാൽ ഇതൊക്കെ ഇപ്പോൾ ലാഭമുള്ള ബിസിനസ്സായി മാറിക്കഴിഞ്ഞു. പ്രവേശന ഫീസ് വഴി വലിയ വരുമാനം ഇത്തരക്കാർ ഉാക്കുന്നു. തട്ടിക്കൂട്ടി ഒരു ഫിലിം ഫെസ്റ്റിവൽ ഉണ്ടാക്കുക, അതിൽ ഏതെങ്കിലും ഒരു പടത്തിന് അവാർഡ് കൊടുക്കുക, അത് വാർത്തയാക്കുക എന്നിവയാണ് അവരുടെ രീതി. ഇങ്ങനെയുള്ള തട്ടിക്കൂട്ട് ഫെസ്റ്റിവലുകൾ ഇന്ന് ധാരാളമായി ലോകത്തുണ്ട്.

നമ്മൾ ഏതെങ്കിലും ഒരു ഫിലിം ഫെസ്റ്റിവലിൽ ഏതെങ്കിലും സിനിമ അയച്ചു കഴിഞ്ഞാൽ പിന്നെ തുടർച്ചയായി മറ്റു പല ഫിലിം ഫെസ്റ്റിവലുകളെ കുറിച്ചുള്ള അറിയിപ്പുകളും വന്നു കൊണ്ടിരിക്കും. അപേക്ഷിക്കാനുള്ള അവസാന തീയതി, അടയ്ക്കാനുള്ള തുക തുടങ്ങിയ വിവരങ്ങളും അവർ അറിയിച്ചു കൊണ്ടേയിരിക്കും. കാശുള്ളവർ എല്ലായിടത്തും അപ്പ്ലൈ ചെയ്യും. ഏതെങ്കിലും ഒക്കെ ആധികാരികമല്ലാത്ത ഫെസ്റ്റിവലിൽ അവർക്ക് അവാർഡ് കിട്ടുകയും ചെയ്യും. നല്ല പിടിപാടുള്ള വരാണെന്നുണ്ടെങ്കിൽ അവർ ഈ വാർത്ത കൊണ്ട് ഏതെങ്കിലും വലിയപത്രത്തിന് കൊടുക്കുകയും അത് വലിയ വാർത്തയായി പുറത്ത് വരികയും ചെയ്യും.


അതേസമയം മികച്ച ഫിലിം ഫെസ്റ്റിവലുകളിൽ വളരെ നല്ല സിനിമയ്ക്ക് കിട്ടിയ അവാർഡിന്റെ വാർത്ത പ്രാധാന്യമില്ലാതെ പോവുകയും ചെയ്യും. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാനായി പത്രപ്രവർത്തക വിദ്യാർഥികളോട് ഞാൻ എപ്പോഴും പറയുന്ന ഒരു കാര്യമാണ് ഇക്കാര്യത്തിൽ വിശദമായ പഠനങ്ങൾ ഉണ്ടാകണമെന്ന്.

ഓസ്കാർ അവാർഡിനെ കുറിച്ച് സംസാരിക്കുമ്പോൾ ഇതിനെക്കുറിച്ച് തുടക്കം മുതലേ നമ്മൾക്ക് വല്ലാത്ത തെറ്റിദ്ധാരണ ഉണ്ട് എന്നുള്ള കാര്യം ഓർമ്മ വരുന്നു. വാണിജ്യ സിനിമയ്ക്ക് നൽകുന്ന ഓസ്കാർ അവാർഡിനെ പറ്റി പത്രക്കാർ കാര്യമായി മനസ്സിലാക്കിയിട്ടില്ലെന്നുള്ളതാണ് സത്യം. കലാമേന്മയുള്ള സിനിമയ്ക്ക് ലഭിക്കുന്ന അംഗീകാരമല്ലിത് . കുറച്ചുകാലം മുമ്പ് വരെ ഈ ഓസ്കാർ അവാർഡ് എന്ന് പറഞ്ഞാൽ അമേരിക്കക്കാരന്റെ നാഷണൽ അവാർഡ് എന്നാണ് കരുതിയിരുന്നത്. ഇക്കാര്യത്തിൽ മറ്റു രാജ്യക്കാർക്കുള്ള താല്പര്യം മികച്ച വിദേശ സിനിമയ്ക്കുള്ള ഓസ്കാർ അവാർഡാണ്. എന്നാൽ കുറെക്കാലം മുമ്പ് വരെ ഇംഗ്ലീഷിലല്ല വിദേശ സിനിമകൾ എടുക്കുന്നത് എന്നത് കൊണ്ടു തന്നെ അവയ്ക്കൊന്നും അവാർഡുകൾ കിട്ടുമായിരുന്നില്ല. എന്നാൽ ഈ അടുത്ത കാലത്ത് കൊറിയയിൽ നിന്നുള്ള സിനിമകൾക്കും മറ്റും ഓസ്കാർ അവാർഡുകൾ കിട്ടിത്തുടങ്ങി. ഇപ്പോൾ മലയാളത്തിൽ ഉള്ള ഒരു സിനിമ ഓസ്കാർ അവാർഡിന് അയക്കുകയാണെന്ന്

KX Pharma
9995811166
Your Prescription Delivered Anytime Anywhere..

ഇരിക്കട്ടെ. അത് ഇംഗ്ലീഷിൽ ഡബ്ബ് ചെയ്ത് കാലിഫോണിയയിലെ തീയറ്ററുകളിൽ ഒരാഴ്ച പ്രദർശിപ്പിക്കണം. ഒരാഴ്ച കൊമേഴ്സ്യലായി പ്രദർശിപ്പിച്ചു കഴിഞ്ഞാൽ ഓസ്കാർ അവാർഡിനായി സബ്മിറ്റ് ചെയ്യാനുള്ള അനുമതി ലഭിക്കും. സബ്മിറ്റ് ചെയ്യുക എന്ന് പറയുന്നത് അവാർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുക എന്നത് മാത്രമാണ്. അതൊരിക്കലും നോമിനേഷൻ അല്ല. ഇങ്ങനെ സബ്മിറ്റ് ചെയ്ത പടങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത നാലെണ്ണ മാണ് അവസാനത്തെ നോമിനേഷൻ പട്ടികയിൽ വരുന്നത്. അത് ഒരു വലിയ ബഹുമതിയാണ്. അതിനെപ്പറ്റി വാർത്ത വരുന്നതിൽ ഒരു കുഴപ്പവുമില്ല. പക്ഷേ ഓരോ വർഷവും ഇന്നയിന്ന സിനിമകൾക്ക് ഓസ്കാർ നോമിനേഷൻ ലഭിച്ചു എന്ന തരത്തിൽ വാർത്തകൾ വരുന്നത് കാണാം. അവയ്ക്കൊന്നും നോമിനേഷൻ കിട്ടിയിട്ടില്ല എന്നുള്ളതാണ് സത്യം.ആദ്യമായി ഒരു ഇന്ത്യൻ ചലച്ചിത്രത്തിന് ഓസ്കാർ നോമിനേഷൻ കിട്ടിയത് ' മദർ ഇന്ത്യ' എന്ന സിനിമക്കാണ്. പിന്നീട് ലഭിച്ചത് ' ലഗാൻ ' എന്ന ചിത്രത്തിനാണ്. മറ്റു പല സിനിമകളും സബ്മിറ്റ് ചെയ്യപ്പെട്ടെങ്കിലും ഒന്നിനും നോമിനേഷൻ ലെവലിലേക്ക് എത്താൻ സാധിച്ചിട്ടില്ല. പത്രപ്രവർത്ത കരൊക്കെ ഇതൊക്കെ മനസ്സിലാക്ക ണമെന്നും തെറ്റുകൾ വരുത്താതിരിക്കാൻ നിഷ്കർഷ പാലിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

ഓരോ സിനിമയും സ്വയം കാണുകയും നല്ലതോ, ചീത്തയോ എന്ന് വിലയിരുത്തു കയും ചെയ്യാതെ , കേട്ടുകേൾവിയുടെയും പരസ്യങ്ങളുടെയും മാത്രം അടിസ്ഥാനത്തിൽ വിരൂപണവും വാർത്തയും എഴുതുന്നത് പത്രധർമ്മത്തിന് ചേർന്ന കാര്യമല്ല. ●






# " The experimental - independent works are the future of Cinema "



Dr. Lalitha Gouri,
FILCA

***( Interview with GOLDA SELLAM , Film Curator of IFFK from France by Dr . Lalitha Gouri , Filca)***

Golda Sellam, curator of the 28th International Film Festival of Kerala (IFFK 2024) shares with the FILCA team, her insights on her global experience in curation and the scope of marketing young talent and experimental films during festivals.



**Would you tell us about your experience of the process of curation, the months of work, that was behind yet another successful international film festival?**

I go to most international film festivals, Cannes, Venice, Berlin and some very small festivals. I am invited there and I do my selection of films. I do Berlin, Cannes, Venice, Málaga in Spain, the Rotterdam festival, and I do many other festivals in Europe. I also do the Busan film festival in Korea. I don't go to Latin American film festivals, but I am able to make a selection of films from South America because in the Málaga International Film Festival in March, they have a section on South America. Spain has very close links with the south of America. So, all the films that come to South America come to Málaga. That's how I select the films.

At these festivals they make the first selection. So, you know you get to see good quality films. From these good films, I make my selection of films that I think are the best, films that promote new talent, and films that are relevant. For



instance, in Berlin, I saw a movie called Pepe from a film director from South America, and I selected it here because I found it very good. I have been doing this for over 20 years.

**How do you arrive at the major themes that a festival covers? Do you have any thematic preference when you select films?**

This year we have chosen female themes. There was a section on female gaze last year here at IFFK. Let's say, complementary to that, this year we have a lot of women first-film-directors, who are remarkable, and most festivals were showing these films. So, we decided to do this year as a tribute to women. We have selected 177 films this year, and of this we have about 17% women debut film directors. I do not include all, for instance, at least 2 female members in the jury, and all the people we have invited are women.

**What is your curatorial approach to experimental and new forms of films in world cinema?**

I do look for experimental films, because it's only in independent film, that we are looking for the originality and creativity. How the film is shot, the content and the narrative style. Sometimes the story is not so great, but the way it's shot, or the way of narration will be very personal and very new. Then I take such films, because I think, that's where we find talent.

Some of these films are so daring. It's good to have a film maker who dares to express some ideas in their own way,






and I am always looking for that. There are many of these in the international film festival scene.

**About this years IFFK package, what do you say about the selection of films?**

Regarding the selection for IFFK it's very difficult, because there are many, many film festivals before this. Most of them are looking for new films and new film directors. Since we come at the end of the year, in December, there are many festivals earlier in the year, like for instance Goa, Singapore, Busan.

The theme selection for festivals is based on the global production of the year. When you select during all the film festivals, there are some themes that come up. Two years ago, in Cannes, the theme was death. Every year we can see some themes coming up. Now, we have a lot of female issues, female sexuality, - all these issues will come up because they are the echo of the world.

**What do you think is the scope of experimental cinema these days? Do you think there is a market for experimental cinema?**

I personally think that it's the future of cinema, because nowadays the technique, and the training of film direction are being developed all over the world. There are many schools of thought in all countries; so there are a lot of film directors coming out from the schools and making new kinds of films. So, we have to look for this young talent who come from the new Art schools, because they experience a new way of showing the reality. I am looking for some independent film directors who could be or work like some plastic artist who can bring this type of images and who can have some vision of conscience, and a bit of the human in a different way.

There are many new styles of films. But for the marketing of these films, may be there's one or two which will be very good and that's how we discover talent. But I think it's still staged to a very narrow audience. If we categorise the film festivals, as A, B or C, these films are mostly screened in A category festivals. Most of the festivals in this category have a market attached to the festival and prizes. For instance, Cannes, Venice, Berlin and there are many more all over the world. B category festivals do not have a market as part of the festival.

Are there any recent changes that you find in marketing in the film industry?

Nowadays, it's very, very difficult to bring independent international films to the theatre, because due to the introduction of platforms, because they cannot find a selector or distributor, they sell it directly

KX Pharma
9995811166

Your Prescription Delivered Anytime Anywhere..

to platforms, which is the end of the life of a film, because this film once shown on the platform, nobody will hear much about it.

Festival is a great platform to show a film and talent. Now as you see in the market, there are many people who come to see the director and ask questions.

**Are there institutions to promote the new genres and experimental cinema?**

There is one in the north of France, in Lille, which is very well known. It's the institute Le Fresnoy. It is dedicated to creation and innovation in art and it's only for experimental cinema. They promote new technology and new ways of film making. There are two sections one for independent film making and the other for experimental film making. Most of the experimental film makers can also seek to get funds from museums, from schools and it's a very selected circle in Europe.

I am very keen on experimental cinema. It's a pity there is no theatre market for such films here. The Archives has a section on experimental films. You can also see a lot of experimental films on platforms and channels, but it's still a very small stream. But I think it's the future of cinema. ●



KX Pharma
9995811166
Your Health needs delivered right to Door steps, Hassle - free...



Sabu Sankar,
Gen Secretary FILCA

# " Making films has something more to do with feelings than with ideology "

**Interview with Ann Hui, acclaimed director of new wave cinema from Hong Kong, Lifetime Achievement Award winner of IFFK - 2024 by Sabu Sankar, Novelist, Film Author, Director, and Chief correspondent to Nerkazhcha Weekly, America and Samiksha Magazine, Canada**

**@ What is the main subject you constantly express through films?**

" I don't start with issues. Usually, I start with a particular story of a particular character. But later people can talk about what I was trying to say through the character. But I don't start with, let's say, an issue about women and then I start to make a film about women; I start with a woman character. If I like her story and I feel for her story. But I don't mean to give publicity for feminism. I don't think making films is dealing with that kind of issue. Making films is something more to do with feelings than with ideology. It starts with feelings. Probably it ends with feelings too. But I have no issues with other people making films in whatever way they want. It is a good thing about movies that whoever wants to do anything can do it. "



**@ Even though there is no socio-political or ideological aspects, isn't there a focus on women's situation in your films?**

" No, I don't particularly want to do women's situations either, just because it's fashionable now and everybody talks about it. Honestly, I don't, because I always feel that either men or women, belong to a civil society, and they have different problems. And as a filmmaker, I think I should not be concentrating on women's problems alone. It is okay to




do one issue, but I should be allowed to do other issues as well. I agree that a lot of the characters in my films are women. That's because a lot of their stories strike me and I find it easier to talk about them because I am a woman myself.

I have never moved away from human sentiments in my films. I tell a story about a person's life, and that's all I think I am good at doing. "

**@ In your films, do you try to present the Chinese or Hong Kong culture?**

" I don't intend to do Hong Kong culture directly in my films. I don't like to take that kind of stance as if I am a representative of culture. I am just any person who lives in Hong Kong, likes to live there and shoots the life of the people there. I don't like people to talk about my films always showing Hong Kong culture. That is not relevant, and that will make the film very enclosed. You can make a film in Hong Kong even about characters who are not in Hong Kong, like they can be emigrants, and let's say, they emigrated to Canada, and I can make a film about them, and what they think about Hong Kong. They don't need to be in the social locations that the films represent.

**@ Is there any identification of the Hong Kong people as different to the Chinese, in your films? Do you see any such difference?**

" Of course, there are differences that only we notice and they notice, that other people don't notice. But usually, we don't worry about the identity being different. It is only when there is competition among the film-makers, that we see how we compare ourselves. Or, like the students, the university now accepts students from



KX Pharma
9995811166
Promoting Healthy Lifestyle....

China and there's big competition. The Chinese students are very targeted and high-level, so the local students feel threatened, in a way. "




**@ Could you talk about how you entered the field of filmmaking?**

" In the 1970s, I was a film buff and I entered the film school and into television. For television, we shot dramas. That was a long time ago, and it was much easier. From there, I moved on to films. My first film called The Secret was made in 1979 when I was 32."

**@ What is your view of experimental movies and the present commercial context of filmmaking?**

" We don't have a separate commercial film system. I wasn't aware I was making art films. I thought I was just making a film. The whole system now has different grades in art films and commercial films, and everybody tries to make commercial films with stars and all that. But ours is perhaps more individualistic, a little bit more lyrical."

**@ How can you survive amidst this commercial film industry?**

" It is very difficult. At that time, about 40 years ago, I wasn't aware of the problem. I was just asking whether I can do this or that, and if they let me do it, I do it. But these days they want a commercial subject and they want stars to presell the film. But I just let the producers do, and then if we say, we are beyond this, and it not take in another proposal or we do another subject, and so I just got to make sense out of it.

Before I started making films, in Hong Kong, there was a studio system. There are two big studios, the Shaw Brothers, and Golden Harvest, still making films, and they got sets. In the early 80s, these two studios were on the decline and so they wanted to make modern-day films and less costume dramas that were more expensive. So, they preferred to shoot everyday life. These studios, especially Golden Harvest commission small, independent companies to let them shoot their films. So, we get a lot of chances; if we have a company, we shoot a film and move on to another film, like freelancing. "



**@ What are your future projects?**

" I find a good subject and I can still do it, I will do it. If not, I won't do it anymore. "

**@ Could you tell us about the other cultural movements in Hong Kong, perhaps in the field of literature or art compared to the field of cinema?**

" I think, in the last few years, there is minimum more happening in the art circles, like museums, exhibitions, and installations. All kinds of art-related projects seem to be on the rise because of the opening of much of the M+, they have a very big, world-class venue and good exhibitions and a lot of people go there. The local artists also get a good chance to present their work."

**@ What do you think about the Hong Kong audience's liking for this kind of new film?**


" The people like this sort of film on modern day drama, realistic ones, but still using stars, but sometimes not too much action, with artistic ideas.

So, if we have a reasonable budget, we can sustain ourselves. We do have a considerable audience for art films. But the audience is not split either into commercial and art film audiences, and they enjoy both. Our films are not difficult, they are easy to understand. No one says they don't understand my movies. " ●





# " The Resonance of the theme is the soul of film music " Béatrice Thiriet



Adv . Anagha . S

**( An Interview with the Renowned French Composer and Film music director, Béatrice Thiriet by Adv. Anakha S., Filca. )**



Béatrice Thiriet, born on May 4, 1960, in Paris, is a celebrated French composer known for her exceptional contributions to music in cinema and opera. Beginning her musical journey at the tender age of five and training at the prestigious Versailles Music Academy, she has become a beacon of creativity and dedication in the world of film and music.

As a distinguished guest at the 29th International Film Festival of Kerala (IFFK) 2024, Béatrice Thiriet delivered a thought-provoking session on her musical journey and creative process. In this exclusive interview, she reflects on her career, collaborations, and her deep belief in music as a universal language that transcends cultural boundaries.

**Interview Highlights**

**@ How did your journey in music begin?**

"I began my musical journey at the age of five, inspired by my mother, who was a musician. At 14, I joined the renowned Versailles Music Academy, where I studied under mentors like Jean Aubin and Solange Ancona. My love for the piano and dedication to music shaped my career from a very young age."

**@ How did you begin composing for films?**

"At 18, I scored my first film, which introduced me to the intricate world of storytelling through music. A pivotal moment came in 1993 with my score



for Petits Arrangements avec les morts, directed by Pascale Ferran. That collaboration became a foundation for future projects like Lady Chatterley (2006) and Bird People (2014)."

**@ What inspires your creative process in film scoring?**

"Each film brings its unique challenges. I begin by immersing myself in the script, understanding the director's vision, and imagining the emotions the music should convey.

I believe in imposing limits on my compositions to maintain focus and create something resonant. Too much experimentation can alienate audiences, but thoughtful constraints lead to creativity. My process is always reflective and meditative as if I am entering a new world with every film."

**@ How important is collaboration in your work?**

"Collaboration is the essence of film music. It's not just about the composer; it's about the director, sound engineers, editors, and musicians working together. The film itself dictates the tone, style, and emotional depth of the music, which evolves uniquely for each project."

**@ Tell us about your work with Indian filmmaker Anup Singh.**

"Working with Anup Singh on Qissa and The Song of Scorpions was a deeply enriching experience. These films allowed me to blend Western orchestration with Punjabi folk instruments, such as the Ektara. Anup introduced me to the beauty



KX Pharma
9995811166
Your Health and Wellness, our Priority!




of Indian music, and this cross-cultural collaboration challenged and inspired me."

**@ How do you ensure your music complements a film's narrative?**

"Music should deepen the emotional resonance of a scene, not overpower it. For example, in Lady Chatterley, we used music to highlight the protagonist's emotional transformation rather than narrate the plot. The soul of a film lies in its theme, and music must align with that essence."

**@ Have you come across any Indian film that uses musical composition as a central element in its cinematic structure?**

"Yes, I've been deeply moved by the compositions in the works of the world-renowned Malayalam film director G. Aravindan, particularly in Twilight (Pokkuveyil). I couldn't experience it on the big screen, but I watched it online. The layered, emotive flute music of Hariprasad Chaurasia added profound depth to the narrative and reinforced my belief that music is a universal language."

**@ Actually, it was a cinematic experiment in form, built around a pre-recorded music track...**

" However, Aravindan's film transcends this structure, emerging as a poetic, cinematographic, and musical essay. The choice of Raaga, though pre-recorded, is deeply intentional. It shapes the tonal landscape of the entire film, serving as a means of 'tuning' his visual instrument. Aravindan shifts his focus entirely to the image, moving away from conventional narrative devices and shot structures. Instead, he evokes the essence of the theme through subtle shadows, illuminating it with his own visual tones and poetic sensibilities."

**@ How do cultural differences shape your compositions?**

"While cultural nuances inform a film's soundscape, I've never felt restricted by these differences. Music transcends boundaries. Whether it's a French opera or an Indian film, the goal remains the same: to connect with the audience's emotions."



**@ What challenges does composing for silent films present?**

" By improvising on the silent film, we discovered that while there are countless possibilities, there is ultimately only one choice.

In silent films, music becomes the sole storyteller. During my workshop in Kerala, I composed for Les Trois Mousquetaires without dialogue or sound effects. It was a thrilling challenge to use music to convey character arcs and emotions, proving how music alone can bring a story to life. During my workshop, I improvised on the silent film The Three Musketeers with the musicians present. They came to listen to me, but we moved beyond theory into practice. We experimented. Composition is always an experimental process-you have to do it to truly understand it. The pure theory holds little value. Just as every painter has their brush, every film requires its own unique, original score. "



**@ How has experimentation shaped your career?**

"Experimentation drives creativity. Whether combining electronic music with jazz or blending folk with symphonic styles, I love pushing boundaries. But it's essential to balance innovation with discipline; experimentation must serve the story."

**@ How do you view cinema's connection with spirituality?**

"Cinema and music have a profound spiritual dimension. They allow us to explore themes like identity, loss, and rebirth. While working on Qissa, I felt deeply connected to the film's exploration of these themes, and my time in Kerala reminded me of art's power to unite us."

**@ What advice would you give to aspiring composers?**

"Stay curious and keep learning. Study classical composers, experiment with new instruments, and draw inspiration from diverse sources. Most importantly, listen deeply-to stories, emotions, and people. Collaboration and patience are key to a fulfilling career."

**@ What are your thoughts on visiting Kerala?**

"Kerala's vibrancy and warmth have

KX Pharma
9995811166
Promoting Healthy Lifestyle....

been unforgettable. The landscapes, culture, and music resonate deeply with me, reminding me of my roots in Corsica. This visit has been an inspiring and transformative experience."

**@ What does the future hold for you?**

"I'm working on a new opera addressing contemporary social issues and have several film projects lined up. Additionally, I hope to mentor young composers and conduct workshops worldwide, sharing my passion for music."

## Final Reflections

**@ Any parting thoughts for your audience?**

"Music is a universal language that transcends time and culture. It has the power to inspire, heal, and transform. My goal is to create music that touches hearts and lingers in the soul long after it's heard."

This interview captures Béatrice Thiriet's wisdom, artistry, and belief in the transformative power of music, offering readers a glimpse into the mind of a visionary composer.



KX Pharma
9995811166
Your Prescription Delivered Anytime Anywhere..

# സ്വത്വ ഭൂമികയുടെ സ്മൃതി താളം ; സിദ്ദി സമൂഹത്തിന്റെ സങ്കീർണത



ഗിരിജ സുരേന്ദ്രൻ
ഫിൽക്ക

( Rhythm of Dammam എന്ന സിനിമയുടെ സംവിധായകൻ ജയൻ ചെറിയാനുമായുള്ള അഭിമുഖം : ഗിരിജ സുരേന്ദ്രൻ , നടി , വൈസ് പ്രസിഡന്റ് - ഫിൽക്ക ഫിലിം സൊസൈറ്റി & അഡ്വ . അനഘ.എസ്, നടി, ലീഗൽ അഡ്വൈസർ - സൗപർണിക പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈ.ലിമി )

സംവിധായകനും നിർമ്മാതാവുമായ ജയൻ ചെറിയാൻ സംവിധാനം ചെയ്ത ' **ഡമാമിന്റെ താളം** ' ഗോവയിലെ സിദ്ദി സമൂഹത്തിന്റെ ജീവിതത്തെയും സംസ്കാരപാരമ്പര്യത്തെയും നിലനില്പിനെയും ആഴത്തിൽ അന്വേഷണവിധേയമാക്കുന്ന അപൂർവ സിനിമയാണ്. ഉത്തര കന്നഡയുടെ പശ്ചാത്തലത്തിൽ സജ്ജമാക്കിയ ഈ സിനിമ, ബാലനായ ജയരാം സിദ്ദിയുടെ മനോവ്യാപാരത്തിന്റെ കഥ ആവിഷ്കരിക്കുന്നു. തന്റെ മരിച്ച മുത്തച്ഛൻ രാമ ബന്തു സിദ്ദിയുടെ ആത്മാവുമായി ഉള്ള ബന്ധം ആഫ്രിക്കൻ വംശജർ പോർട്ടുഗീസ് ഗോവയിൽ അടിമകളായി പായ്ക്കപ്പലിൽ വന്നു ചേർന്ന ചരിത്രത്തിലേക്ക് കടന്നുചെല്ലുന്നു .

### ○ ജയൻ ചെറിയാൻ പറയുന്നു :

' സിദ്ദി സമൂഹത്തിന്റെ സംസ്കാരിക പൈതൃകവും തലമുറകളിലൂടെയുള്ള മാനസിക പോരാട്ടവും ഡമാം സംഗീതത്തിലൂടെയുള്ള ഐകതയും ചേർത്തിണക്കിയ സിനിമയാണിത്. ഡമാം എന്നത് മദ്ദളം പോലുള്ള പരമ്പരാഗത താളവാദ്യമാണ് . ആഫ്രിക്കൻ മൂലങ്ങളുടെ പ്രതിഫലനമാണ് ഈ താളമേളം



' ജയരാം സിദ്ദി എന്ന ബാലന്റെ ജീവിതം തന്റെ മുത്തച്ഛന്റെ ആത്മാവിന്റെ അധീനതയിലൂടെ അസാധാരണമായ വഴിത്തിരിവുകളിലേക്കാണ് കടക്കുന്നത്. സ്വപ്നങ്ങളാൽ നിറഞ്ഞ്, യാഥാർഥ്യത്തിൽ നിന്ന് അകന്നുപോകുന്ന ബാലനെ രക്ഷപ്പെടുത്താൻ കുടുംബം താന്ത്രികന്മാരുടെ സഹായം തേടുന്നു. എന്നാൽ, സഹായം ഒന്നും ലഭിക്കാതിരുന്ന സാഹചര്യത്തിൽ ജയരാം തന്റെ മുത്തച്ഛന്റെ കൈവശമുായിരുന്ന 'മാജിക്കൽ' ഉപകരണങ്ങളുടെ സഹായത്തോടെ ഓർമ്മകളുടേതായ ലോകത്തിലേക്ക് , സിദ്ദി സമൂഹത്തിന്റെ സമ്പന്നമായ ചരിത്രത്തിലേക്കു പ്രവേശിക്കുന്നു . '








' പോർച്ചുഗീസുകാരായ വ്യാപാരികൾ 350 – 400 വർഷങ്ങൾക്കു മുമ്പ് അടിമകളായാണ് ഇവരെ ഇന്ത്യയിലേക്ക് അതായത് ഗോവ യിലേക്ക് കൊണ്ടുവന്നത്. ഡമാം താള ത്തി ന്റെ ശക്തിയിലൂടെ അവർ അഭിമാനത്തോടെ തങ്ങളുടെ ആത്മീയ ഐക്യവും പൈതൃക വും സൂക്ഷിക്കുന്നു . സ്വത്വത്തിനും അതിജീവ നത്തിനും വേണ്ടി തലമുറകളിലൂടെയുള്ള പോരാട്ടമാണത് .'

@ 'ഡമാമിന്റെ താളം ' എന്ന സിനിമ കൊങ്കിണിയും കന്നഡയും സംസ്കൃതവും കലർന്ന സിദ്ദി ഭാഷയിലുള്ളതാണ് . 92 മിനി റ്റ് ദൈർ ഘ്യമുള്ള ഈ സിനിമ ഗവേഷണ പരമായ മികവുകൊണ്ടാണ് പ്രേക്ഷകനെ ആകർഷിക്കുന്നത്. ആഫ്രിക്കൻ വംശജരായ സിദ്ദി സമൂഹം,പ്രധാനമായും കർണാടക, ഗുജറാത്ത്,തെലങ്കാന എന്നിവിടങ്ങളിലാണ് കൂടുതൽ ഇടം പിടിച്ചിരിക്കുന്നത്. നൂറ്റാണ്ടുകൾ നീണ്ടു നിന്ന അവഗണന യിലും അവർ അവരുടെ അനന്യമായ , ആഫ്രിക്കൻ വേരുകളുള്ള, ആത്മീയത യും സാമൂഹിക ഐക്യവും കാത്തു സൂക്ഷിക്കുന്നു . എങ്കിൽ കൂടി വർഗീയ വേർതിരിവും സാമ്പത്തിക വ്യത്യാസവും കീഴാളന്മാരുടെ അവസ്ഥയും ഇപ്പോഴും നേരിടുകയാണ് . പൊതുവെ ശ്രദ്ധിക്ക പ്പെടാത്തൊരു സാമൂഹിക പ്രശ്നമാണ് ജയൻ ചെറിയാൻ സിനിമയിലൂടെ ലോകത്തോട് പറയുന്നത്.ആധുനിക സമൂഹത്തിലെ അധികാരഘടനകൾ, പൈതൃക സംരക്ഷണം, സിദ്ധി സമൂഹ ത്തിന്റെ ഒറ്റപ്പെടൽ , സമകാലിക വെല്ലു വിളികൾ , സങ്കീർണതകൾ എന്നിവ ഈ സിനിമയിൽ ആവിഷ്കരിക്കുന്നു . ഇതിലെ കഥാപാത്രങ്ങൾ എല്ലാവരും തന്നെ സിദ്ധി സമൂഹത്തിലുള്ള സാധാരണക്കാരാണ് . അവരുടെ ഗ്രാമങ്ങളിൽ താമസിച്ച് ആ സമൂഹത്തിന്റെ സംസ്കാരവും പാരമ്പര്യ ങ്ങളും നേരിട്ട് കറിയുകയാണുണ്ടായത്.





സിദ്ധി സമൂഹത്തിന്റെ താളവും ആട്ടവും പാട്ടും അവരിൽ നിലനിൽക്കുന്ന ആത്മീയ ബന്ധങ്ങളും മനസ്സിലാക്കാൻ, അവരോടൊപ്പം വസിച്ചും അവരുടെ യാഥാസ്ഥിതിക ആഘോഷങ്ങളിൽ പങ്കെടുത്തും വ്യക്തിപരമായി ബന്ധം സ്ഥാപിച്ചും അവരുടെ ഭാഷ, ആത്മീയത , സങ്കല്പങ്ങൾ , ഓർമ്മകൾ , വസ്ത്രധാരണ ശൈലി, പൊതുവായ ജീവിതശൈലി എന്നിവ മുഴുവൻ പഠിച്ചു. പൊതുസമൂഹവും ഭരണവ്യവസ്ഥയും അവഗണിച്ച സിദ്ധികളുടെ പിന്നാമ്പുറം അവതരിപ്പിക്കുന്നതിനായി നിരവധി പ്രാദേശിക ചരിത്രകാരന്മാരുടെ സഹായം തേടി . അഭിനയത്തിന് പ്രൊഫഷണലുകൾക്കു പകരം സിദ്ധി സമൂഹത്തിലെ അംഗങ്ങളെയെല്ലാം സിനിമയിൽ ചേർക്കുക എന്ന ദുഷ്കരമായ ലക്ഷ്യവും കൈവരിച്ചു.

അവരുടെ അസാധാരണ ജീവിതാനുഭവങ്ങളിലൂടെയുള്ള സംഭവങ്ങളുടെ സ്വാഭാവികത ചിത്രത്തിൽ നിലനിർത്തി. പലപ്പോഴും ഡോക്യുമെന്ററിയോട് അടുത്ത് നിൽക്കുന്ന ആഖ്യാനം കൂടിയാണിത് .ഈ സിനിമയിലൂടെ ജയൻ ചെറിയാൻ, വിശിഷ്ട സമൂഹത്തിന്റെ പൈതൃകവും പോരാട്ടവും അവർക്ക് മുന്നിലുള്ള രാഷ്ട്രീയ - സാംസ്കാരിക അധിനിവേശങ്ങളും രേഖപ്പെടുത്തുന്നു. ഇപ്പോൾ അമേരിക്കയിൽ വസിക്കുന്ന ജയൻ ചെറിയാൻ മൂന്ന് സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട് . 'ബോഡി സ്കേപ്പ്സ്' (2016) ഇന്ത്യയിലെ മതനിയമങ്ങളെയും അമിത രാഷ്ട്രീയവാദത്തെയും ചോദ്യംചെയ്യുന്ന , LGBTQIA+ അവകാശങ്ങൾ ഉന്നയിക്കുന്ന ചിത്രമാണ്. 'പപിലിയോ ബുദ്ധ' (2014) വർഗീയ വേർതിരിവിന്റെയും പരിസ്ഥിതി ദുരുപയോഗത്തിന്റെയും പ്രശ്നം വിവാദങ്ങൾക്കിടയാക്കിയിരുന്നു. 'ദ ഷേപ് ഓഫ് ദ ഷേപ് ലെസ് ' (2010) ലൈംഗികതയും ജാതിയും ആസ്പദമാക്കിയ പരീക്ഷണമാണ് .

ജയൻ ചെറിയാന്റെ ചിത്രങ്ങൾ ബർലിൻ , ഡർബൻ,മോൻട്രിയാൽ തുടങ്ങി ലോകപ്രശസ്ത ചലച്ചിത്രോത്സവങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്.

**@ 'റിഥം ഓഫ് ഡമാം ' എന്ന സിനിമയുടെ പ്രമേയം രൂപപ്പെടുത്തിയതിനു പിന്നിലുള്ള ഗവേഷണ - നിരീക്ഷണങ്ങളെ കുറിച്ച് പറയാമോ ?**

○ **ജയൻ ചെറിയാൻ** :
' ഇന്ത്യൻ സമുദ്രത്തിലൂടെയുള്ളഅടിമ വ്യാപാരവും ചരക്കു കപ്പലുകളുടെ സഞ്ചാരവും ഇന്ത്യ - ആഫ്രിക്ക - ലാറ്റിൻ അമേരിക്ക ഭൂഖണ്ഡങ്ങളെ ലക്ഷ്യമാക്കിയായിരുന്നു. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ ഗവേഷണം ആരംഭിച്ചി



രുന്നു , ന്യൂയോർക്കിലെ സിറ്റി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട്. നോർത്ത് അമേരിക്കയിലേക്കും സൗത്ത് അമേരിക്കയിലേക്കും ഉള്ള സാധാരണ പലായന പാത 1835 – ലാണ് തുടങ്ങിയതെന്നു പറയാം . അതിനു മുൻപ് അടിമവ്യാപാരം ശക്തമായ കൊളോണിയൽ കാലത്ത്, പോർട്ടുഗീസ്,സ്പാനിഷ്,ഡച്ച്,ബ്രിട്ടീഷ് ആധിപത്യമായിരുന്നു. പോർട്ടുഗീസുകാർ കിഴക്കനേഷ്യൻ ഭാഗത്തും സ്പാനിഷുകാർ സൗത്ത് അമേരിക്ക, യൂറോപ്പ് മേഖലയി ലു



മായിരുന്നു. ചില ഗവേഷണങ്ങളുമായി ബന്ധപ്പെട്ടു ഒരു വലിയ ആഫ്രിക്കൻ പ്രവാസി സമൂഹം ഇന്ത്യയിലുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നത് അന്നാണ് . അതിനുശേഷം ആഫ്രിക്കൻ പ്രവാസത്തെ കുറിച്ച് കൂടുതൽ പഠനത്തിനായി സൗത്ത് ഏഷ്യയിൽ ഉണ്ടായിരുന്നു.ആഫ്രിക്കക്കാർ പാക്കിസ്ഥാനിലെ സിന്ധിലും ബംഗ്ലാദേശിലും ശ്രീലങ്കയിലും ഉണ്ട് .ആ അന്വേഷണമാണ് കൊങ്കൻ മേഖലയിലെ സിദ്ധികളിലെത്തിച്ചത് . '

**@ ആഫ്രിക്കൻ അടിമകൾ വനത്തിലേക്ക് പലായനം ചെയ്തതാണോ ?**

○ **ജയൻ ചെറിയാൻ** :
'അതെ . പോർട്ടുഗീസ് ഗോവൻ അടിമത്തത്തിൽ നിന്നും രക്ഷപെട്ട് കൊങ്കൻ കാടുകളിലേക്ക് സിദ്ധികൾ എന്ന് വിളിക്കുന്ന ആഫ്രിക്കക്കാർ കുടിയേറി . ഭൂവുടമകളായിരുന്ന ഹെബ്ബർമാരും ഹെഡ്ഗിമാരും ഈ അടിമകളെ കുടികിടപ്പുകാരാക്കി . ബ്രാഹ്മണിക്കൽ ഇടപെടലിലൂടെ അവരെ ഹൈന്ദവ സിദ്ധികളാക്കി .അനന്യമായ , ഇന്ത്യൻ ദേശീയ സങ്കൽപ്പങ്ങളിൽ നിന്ന് അന്യമായ, ഈ ആഫ്രിക്കൻ വംശജരെ വനത്തിലുള്ളിൽ ഒരു നിശ്ചിത സ്ഥലത്തു പാർപ്പിച്ചു. 'ലാൻഡ് ലോക്ക്ഡ് പ്ലാന്റേഷൻ 'നടത്തുന്ന പ്രത്യേക സ്ഥലത്തു മാത്രമേ അവർക്ക് ജീവിക്കാൻ സാധിക്കൂ . ചിലപ്പോൾ പ്ലാന്റേഷനോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്ന ഒരവസ്ഥയും ഉണ്ടായിരുന്നു. അടിമകൾ ആയിട്ടുതന്നെ . ഇപ്പോഴും ഈ അടിമത്തം നിലനിർത്താൻ. ഇവർക്ക് നേരിട്ട് ബന്ധമുള്ളത് പഴയ ജന്മി ബ്രാഹ്മണരുമായിട്ടാണ്. വേറൊരു തരത്തിൽ അവിടെ ഹിന്ദുവൈവൈസേഷനേക്കാൾ കൂടുതൽ ബ്രാഹ്മണിക്കൽ സ്ട്രകച്ചറിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുകയാണുണ്ടായത്. ഇവർക്ക് മറ്റ് ഇന്ത്യൻ ജാതിസമൂഹങ്ങളുമായോ ദളിതരുമായിട്ടു പോലുമോ ബന്ധപ്പെടാൻ അവകാശമില്ല .

ഇവരെ വേർതിരിച്ചു നിർത്തി, നാനാവിധമായ മർദ്ദനങ്ങൾക്കിടയാക്കുമ്പോഴും ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം എന്നൊരു വിഭാഗീയത ഇവർക്കിടയിൽ രൂപപ്പെട്ടു . ഇവ

KX Pharma
9995811166
Your Health and Wellness, our Priority!

രുടെ റെസ്പെക്റ്റീവ് മാസ്റ്റേഴ്സിന്റെ മതം ഇവരിൽ നിർബന്ധിതമായി . ബീജാപ്പൂർ സുൽത്താന്റെ കീഴിലുള്ള അടിമകൾ എല്ലാം മുസ്ലികൾ ആയിമാറി. അതു പോലെ ഹിന്ദു സിദ്ധികളായി മാറിയത് ഹെബ്ബാർമാരുടെയും ഹെഡ്ഗിമാരുടെ യും കീഴിലുള്ള അടിമകളായിരുന്നു. ഗോവൻ ക്രിസ്ത്യൻ കരിമ്പു കർഷകരുടെ കീഴിലുള്ളവർ ക്രിസ്ത്യാനികളായി മാറി. പക്ഷെ അപ്പോഴും അടിമകൾ തന്നെ . '

**@ ഇവരിൽ സംഘടിതമായ ഐക്യം നില നിൽക്കുമോ ?**

○ **ജയൻ ചെറിയാൻ** :

' അത് വളരെ സങ്കീർണമാണ് . സാമ്പത്തിക സ്വാതന്ത്ര്യം , ഭൂമിയിലുള്ള പൂർണമായ അവകാശം , സാംസ്കാരിക തനിമ നിലനിർത്തൽ തുടങ്ങിയ കാര്യങ്ങൾക്ക് പരിഹാരമില്ല . ഇത് ഈ സിനിമയിലൂടെ യെങ്കിലും ചർച്ച ചെയ്യപ്പെടണം . സിദ്ധികളെ ഐക്യപ്പെടുത്തുന്ന ഒരു ഘടകം അവ രുടെ പിതൃ-ദൈവ ആരാധനയാണ്. പരേ താത്മക്കളെ ഇവർ എങ്ങിനെയാണ് ആരാ ധിച്ചിരുന്നത് എന്നതിനെ ആശ്രയിച്ചാണ് ബന്ധുഗോത്രവുമായി അവരെ നേരിട്ട് ബന്ധപ്പെട്ടിരുന്നത്. ഇവർ ഗുരുതരമായ സാംസ്കാരിക വംശഹത്യക്ക് വിധേയ രായിട്ടുണ്ട് . എങ്കിൽപ്പോലും ഇത്തര ത്തിലുള്ള സവിശേഷ ആചാരക്രമങ്ങൾ ഇവർ ഉള്ളിൽ സൂക്ഷിച്ചിരുന്നു. ഇപ്പോഴും അവരെ ഒന്നിപ്പിക്കുന്ന ആത്മീയ - സാംസ് കാരിക ഘടകങ്ങൾ ഉണ്ട് ' .



**@ 'ഡമാമിന്റെ താളം ' സിനിമയിൽ ഉപയോ ഗിച്ചിരിക്കുന്നത് സിദ്ധികളുടെ സങ്കര ഭാഷയാണല്ലോ . അത് അവരെ ഒന്നിപ്പിക്കുന്ന പ്രധാന ഘടകമാണല്ലോ . അവരിൽ നിന്നും ആ വായ്മൊഴി ഭാഷയും അന്യമാകുമോ ?**

○ **ജയൻ ചെറിയാൻ** :

' ലോകത്ത് പലയിടത്തും അടിമകൾക്കി ടയിൽ സങ്കര ഭാഷയുണ്ട് . ഫ്രഞ്ച് ഹെയ്തി യിലെ അടിമകൾ ഫ്രഞ്ച് ക്രയോൾ ഭാഷ സംസാരിക്കുന്നതുപോലെ . സിദ്ധികൾ ഇവിടെ കൊങ്കണി മാസ്റ്റേഴ്സിന്റെ ഭാഷ യിൽ നിന്ന് വ്യത്യസ്തമായി ഉടമകൾക്ക് മനസ്സിലാകാത്ത രീതിയിൽ മറ്റൊരു തരത്തിലുള്ള ക്രയോൾ ഭാഷ ഉപയോ ഗിക്കുന്നു . അതാണ് ' സിദ്ധി ഡയലക്റ്റ് ഓഫ് കൊങ്കിണി '. എന്റെ അന്വേഷണ ത്തിന്റെ ഭാഗമായി ഞാൻ ഈ കമ്മ്യൂണി റ്റിയിൽ എത്തുകയും 2016 - ൽ എന്റെ ആദ്യ സിനിമ പൂർത്തിയാക്കുകയും ചെ യ്തിരുന്നു.ഞാൻ ഇവരുടെ ഗ്രാമങ്ങളിൽ പലപ്പോഴായി 12 വർഷമാണ് ചെലവിട്ടത്. കൃത്യമായ ഒരു ചരിത്രരേഖ ഇവർക്കില്ല . വാമൊഴിയായി പറയുന്ന ചരിത്ര സ്മൃതി കളേയുള്ളൂ . തലമുറകൾ കൈമാറുന്ന

KX Pharma
9995811166
Your Prescription Delivered Anytime Anywhere...

ചരിത്രമേയുള്ളൂ. പിന്നെ അവിടെയുള്ള ഇംഗ്ലീഷ് അറിയാവുന്ന മോഹൻ സിദ്ധി യെപ്പോലുള്ളവരുടെ സഹായത്തോടെ ഭാഷാപരമായ ഘടനയും സങ്കലനവും ഉറവിടങ്ങളും അറിയാൻ ശ്രമിക്കുന്നു . കൊങ്കിണി, കൂർഗ് ഭാഷകളെ പോലെ , ലിപി ഇല്ലാത്ത ഭാഷയാണ് സിദ്ധി ഭാഷ . അതിൽ കന്നഡ,മറാട്ടി,കൊങ്കിണി, സംസ് കൃതം തുടങ്ങിയവ കൂടിച്ചേർന്നുള്ള ഒരു സങ്കര ഭാഷയുണ്ടായി . അതിനെ ക്രയോൾ എന്ന് പറയും. ക്രയോൾ ലാംഗ്വേജ് ഇപ്പോൾ അമേരിക്കയിലൊക്കെ അംഗീകരിച്ചിട്ടുണ്ട് . ഹെയ്തിലെ ഔദ്യോഗിക ഭാഷ ഫ്രഞ്ച് ക്രയോൾ ആണ്. ജമൈക്കയുടെ ഔദ്യോ ഗിക ഭാഷ ഇംഗ്ലീഷ് ക്രയോളായ പാത്വ ആണ് . ബ്രസീലിൽ പോർട്ടുഗീസ് ക്രയോൾ. അടിമകളുടെ ഭാഷ. ലോകത്താകമാനമുള്ള ആഫ്രിക്കൻ മിശ്രിത രൂപമാണ് ഈ ഭാഷ.'

**@ ആഫ്രിക്കൻ വംശജരായ സിദ്ധികളെ ഏകോപിപ്പിക്കുന്ന ഒരു സാംസ്കാരിക ഘടകമാണല്ലോ അവരുടെ സംഗീതം. അതിപ്പോഴും ആഘോഷങ്ങളോടെ തുടരു ന്നുണ്ടോ ?**

○ **ജയൻ ചെറിയാൻ :**
'അവരുടെ സംഗീതം അവരുടെ അസ്തി ത്വത്തെ നിർവചിക്കുന്ന ഒരു ഘടകമാണ് . ആചാരപരമായ മതാത്മകത അല്ലെങ്കിൽ ആത്മീയത അവരെ ഒന്നിപ്പിക്കുന്നു . സംഗീതവും പാട്ടും പ്രധാന പങ്ക് വഹിക്കുന്നു . അവർ വിശ്വാസപരമായോ രേഖകൾ പ്രകാരമോ ഹിന്ദുവോ മുസ്ലിമോ ക്രിസ്ത്യാനിയോ ആയിട്ടുണ്ടെങ്കിൽ പോലും ഡമാമിന്റെ താളം ഉണർന്നാൽ അവർ മറ്റെല്ലാം മറന്ന് ഒന്നുചേരും . ചുവടു വെച്ച് നൃത്തമാടാൻ തുടങ്ങും . ആ സംഗീതം അവ



KX Pharma
9995811166
Promoting Healthy Lifestyle....



രുടെ ആത്മാവാണ്.സ്വത്വമാണ്.പാരമ്പര്യ മാണ്.ഓർമ്മകളാണ്.ആഘോഷമാണ്. 24 മണിക്കൂർ നീണ്ടുനിൽക്കുന്ന പാട്ട് ഈ സിനിമ യുടെ തുടക്കത്തിൽ അല്പം ചേർത്തിട്ടുണ്ട് . '

**@ ഈ സിനിമ ഡോക്യൂമെന്ററിയും കഥാ ചിത്ര വും ലയിച്ചു നിൽക്കുന്ന ഒന്നാണ് . കൃത്രിമത്വം ഇല്ല . നേരിട്ടുള്ള ഇടപെടൽ . ഈ ചലച്ചിത്രരൂപം തനിയെ ഉരുത്തിരിഞ്ഞ താണോ ?**

○ **ജയൻ ചെറിയാൻ :**
' കേവലം ഒരു ഡോക്യൂമെന്ററിയിൽ നിന്ന് ഫിക്ഷനിലേക്ക് പോകാനുള്ള കാരണം ഡോക്യൂമെന്ററി രൂപത്തിൽ സ്മൃതി കളും മനോവ്യാപാരങ്ങളും കലാപരമായി ഉൾപ്പെടുത്താനാവില്ല എന്നതാണ് . ഇതിൽ സോഷ്യൽ ഫാന്റസി എന്നൊരു ഘടക മുണ്ട് . ബാലനായ ജയരാം സിദ്ധി തന്റെ മുത്തച്ഛൻ മരിച്ച ശേഷം ഒരു വിഭ്രാന്തിയിൽ അല്ലെങ്കിൽ ഒരു സ്വപ്നത്തിൽ അകപ്പെടുന്നു . അത് പരേതാത്മാവിന്റെ പുനർജന്മം അല്ല .മറിച്ച് 'ഇന്റർ ജനറേഷൻ മെമ്മറി' ആണ്. ഈ സ്മൃതിയെ പിന്തുടരാൻ ഞാൻ ഉപയോ ഗിക്കുന്ന മനഃശാസ്ത്രപരമായ സങ്കേതമാണ് , സിനിമയിലെ ' ഡ്രാമറ്റിക് സിൻഡ്രം ' . ഈ സങ്കല്പം ഞാൻ വികസിപ്പിച്ചത് പ്രശസ്ത ആഫ്രിക്കൻ അമേരിക്കൻ സൈ ക്യാട്രിസ്റ്റ് ഡോ.ജോയ് ഡിഗ്രുവേ വഴിയാണ് .അദ്ദേഹത്തിന്റെ ഒരു പ്രശസ്ത പുസ്തകം ഉണ്ട്. 'പോസ്റ്റ് ഡ്രമാറ്റിക് സ്ളേവ് സിൻഡ്രം ' .ആ പുസ്തകത്തിൽ പറയുന്നത്, ഇന്ന് അമേരിക്കയിലെ ആഫ്രിക്കൻ വംശജരിലെ യുവതലമുറയിൽ 70 % പേരിൽ കാണുന്ന കുറ്റകൃത്യങ്ങൾക്കും ലഹരിക്കും കാരണം ,ഇവരുടെ ' ഇന്നർ ജനറേഷൻ ട്രോമാ ' ആണെന്നാണ് . അത് ഇവരെ ഒരു സൈ ക്കോ സോഷ്യൽ സിറ്റുവേഷനിലേക്ക് ,



KX Pharma
9995811166
Your Prescription Delivered Anytime Anywhere..

ഒരു പ്രത്യേക മൈൻഡ് സ്കേപ്പ്ലേക്കു എടുത്തെറിയുന്നു എന്നാണ് . ചില പ്രകടനങ്ങളും ഈ സാമൂഹിക - വംശീയ സ്മൃതിയിൽ നിന്ന് വെളിപ്പെടുന്നതാണ് . ഈ ഘടകത്തെ ഞാൻ സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട് .'

**@ അവയെ സ്വത്വബോധത്തിന്റെ സ്മൃതി താളങ്ങൾ എന്ന് പറയാമോ ?**

○ **ജയൻ ചെറിയാൻ :**
' ഏറെക്കുറെ . അവരുടെ സ്വത്വം നിർവചിക്കുന്ന പ്രധാന ഘടകമാണ് അവരുടെ ' കളക്റ്റീവ് ഇമേജിനേഷൻ' . ഓർമ്മ ഉണർത്തുന്ന ബിംബങ്ങൾ അവരുടെ സത്തയാണ് . ചരിത്രം അവരുടെ ഓർമ്മയിലൂടെ ഉണരുന്നു . എന്നാൽ അവരുടെ ഓർമ്മകളിൽ നിന്ന് സാംസ്കാരിക തനിമകൾ നഷ്ടമായാലോ ? ചരിത്രവും സംസ്കാരവും ഒന്നിച്ചുനിൽക്കണം . എങ്കിലേ അവർ തനിമയുള്ള , പാരമ്പര്യമുള്ള സമൂഹമായി ഭൂമിയിൽ നിലനിൽക്കുകയുള്ളൂ . ജൈവ വൈവിധ്യങ്ങൾ എന്നത് പോലെ സാംസ്കാരിക വൈവിധ്യവും നിലനിൽക്കേതുണ്ട് . അതിനായി അവരിൽ യുവതലമുറ പ്രവർത്തിക്കുന്നുണ്ട് . ആഫ്രിക്കൻ വംശജരായ സിദ്ധികൾ ഇന്ത്യയിൽ ഒന്നര ലക്ഷം പേരുണ്ട് . അതിൽ അൻപതിനായിരം പേര് വസിക്കുന്നത് കാർവാർ മേഖലയിലാണ് . ഭൂമിയും വസ്തുക്കളും അവർക്കുണ്ടാവണം . അവരിൽ ഇപ്പോൾ പ്രശാന്ത് ഷിൻഡെ , മോഹൻ ഷിൻഡെ തുടങ്ങിയ സാമൂഹിക പ്രവർത്തകരും നടന്മാരും ഒക്കെയുണ്ട് . സിദ്ധികളെ തന്നെ ഉൾപ്പെടുത്തിയുള്ള ചിത്രീകരണം നടക്കുമ്പോൾ അവരുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടായിരുന്നു . ചിത്രീകരണത്തിന് മുൻപ്, 2018 -ൽ തുടങ്ങിയതാണ് തിരക്കഥ തയ്യാറാക്കൽ . പല രൂപത്തിലും തിരക്കഥയെഴുതി . ഒടുവിൽ ഇപ്പോഴത്തെ സിനിമയിലെത്തി .

*'റിഥം ഓഫ് ഡമാം ...*
***സിദ്ധി സമൂഹത്തിന്റെ സങ്കീർണ്ണത...***
***സ്വത്വ ഭൂമികയിൽ സ്മൃതി താളം മുഴങ്ങുന്നു.............***





1



2025 JANUARY 17 RELEASE
THROUGH GEETHAM MOVIES
എല്ലാവർക്കും
ക്രിസ്തുമസ്
നവവത്സര
ആശംസകൾ
J.J PRODUCTIONS PRESENTS
ആടച്ചായി
AADACHAYI
STORY & DIRECTION DR. BINOY G RUSSEL
PRODUCER SIJI JOSEPH
SCRIPT SUNIL K ANAND
DOP SUNIL K.S.
EDITING SUBIN KRISHNA
LYRICS MANKOMBU GOPALAKRISHNAN, SUNIL K. ANAND, VARKALA G R EDWIN, Dr. PHILIPOSE JOSHUA & SUNNY
MUSIC DR. JOJI JOSHUA PHILIPOSE & VARKALA G R EDWIN
ART & PRODUCTION CONTROLLER G. LAKSHMAN MALAM
SONGS DR. JOJI JOSHUA PHILIPOSE, VARKALA G R EDWIN, SUNNY & ANCY ISSAC BABU
BGM SAJU RAMANCHIRA
SOUND MIXING VINOD P SIVARAM
MAKEUP MADHU PARAVUR
COSTUMES BINU PULIYARAKONAM
DI SIVALAL RAMAKRISHNA
ASSO. CAMERA RAHUL PAMPADY
SUBTITLES DR. ANOOP PRATHAPAN
PRO AIYMANAM SAJAN & G KRISHNAN MALAM
DESIGN BOAZ MALAM
https://sites.google.com/view/aadachayimovie
binoygr7@gmail.com
Ph: +91 9400 368 729

December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC








December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
61
IFFK-2024 SPECIAL EDITION
KSFDC

# 'മലു' : സുവർണ്ണ ചകോരം



വിദ്യ ശോഭന
ഫിൽക്ക




ഇരുപത്തി ഒൻപതാമത് ഐ എഫ് കെ യിൽ സുവർണ്ണ ചകോരം നേടിയ ബ്രസീലിയൻ ചിത്രമാണ് പേഡ്രോ ഫ്രേയർ രചനയും സംവിധാനവും നിർവഹിച്ച മലു.

പ്രശസ്തിയുടെയും ചെറുപ്പത്തിന്റെയും നാൾ വഴികൾ താണ്ടി അൻപതു വയസിനോ ടടുത്തെത്തി നിൽക്കുന്ന ഒരു അഭിനേത്രിയാണ് മലു. മലുവിനൊപ്പം അവരുടെ അമ്മയുടെയും മകളുടെയും കൂടി കഥയാണ് സംവിധായകൻ പറയുന്നത്. മൂന്നു തലമുറ കളുടെ സംഭാഷണങ്ങളും പ്രായ ഭേദങ്ങളിലെ അന്തരങ്ങളും യാഥാ സ്ഥിതിക പുരോഗമന ചിന്തകളും സാംസ്കാരികവും കലാപരവും രാഷ്ട്രീയപരവുമായ മാറ്റങ്ങളുമെല്ലാം ചിത്രം ചർച്ച ചെയ്യുന്നു.

മലു തന്റെ ഭർത്താവുമായി വേർപിരിഞ്ഞാണ് ജീവിക്കുന്നത്. അവർ പ്രശസ്തയായ ഒരു തീയേറ്റർ ആർട്ടിസ്റ്റ് ആയിരുന്നു. മാറുന്ന കാലത്തിനൊപ്പം തീയേറ്റർ പ്രസക്തമല്ലാതായതും ടി വിയും സിനിമയും ജനപ്രീതിയാർജിച്ചതുമെല്ലാം മലുവിൽ നിരാശയുണ്ടാക്കുന്നുണ്ട്. അതിനെക്കുറിച്ചവർ അവരുടെ മകളോട് വ്യാകുലപ്പെടുന്നുമുണ്ട്. മലുവിന്റെ മകൾ അവളുടെ അച്ഛനോടൊപ്പമാണ് താമസിക്കുന്നത്. വളരെ നാളിനു ശേഷം അമ്മയെ കാണാൻ റിയോ ഡി ജെനി റോയിൽ എത്തുന്ന മകളും അമ്മയും കണ്ടു മുട്ടുമ്പോഴാണ് മലു തന്റെ ആകുലതകൾ പങ്കുവയ്ക്കുന്നത്. 1990 ൽ റിയോ ഡി ജനീറോയിലാണ് കഥ നടക്കുന്നത്

പ്രായമായ അമ്മയ്ക്കൊപ്പം തന്റെ വേർപിരിഞ്ഞ ഭർത്താവിന്റെ പേരിൽ, അവകാശം നിലനിൽക്കുന്ന വീട്ടിലാണ് മലുവിന്റെ താമസം. മലുവിന്റെ പല പ്രവൃത്തികളും പ്രത്യേകിച്ചും മതപരമായ അവളുടെ നിലപാടുകൾ, അമ്മയെ വേദനിപ്പിക്കുന്നുണ്ട്. തികഞ്ഞ യാഥാസ്ഥിതികയായ അവർ എപ്പോഴും മകളുമായി വാഗ്വാദത്തിൽ ഏർപ്പെടുന്നു. തന്റെ മകളുടെ ജീവിത രീതിയിൽ അവർ വേദനിക്കുന്നുണ്ട്. അവളെ എപ്പോഴും ഉപദേശിക്കുവാനും



നേർവഴിക്കു നടത്തുവാനും ആ അമ്മ സദാ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. അമ്മയും മകളും  വഴക്കിടുന്നതും പരസ്പരം ഉപദ്രവിക്കുന്നതും പതിവായി മാറുന്നു. പൊറുതി മുട്ടിയ മലു വൃദ്ധയായ അമ്മയെ, തന്റെ വീട്ടിൽ നിന്നും മാറ്റി, പുറമെയുള്ള കളിമണ്ണ് കൊണ്ട് പണിത ചെറിയൊരു മുറിയിൽ താമസിപ്പിക്കുന്നു.

മലുവിന്റെ മകളും അമ്മയും തമ്മിൽ ഹൃദ്യമായൊരു ബന്ധം നിലനിൽക്കുന്നുണ്ട്. അവർ പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു്. മുത്തശ്ശിയെ മാറ്റി താമസിപ്പിച്ചിരിക്കുന്നതിൽ അമ്മയോട് അവൾക്കു നീരസവുമുണ്ട്. മലുവിന്റെ പുരുഷ സുഹൃത്തിൽ അമ്മ ഒട്ടും സംതൃപ്തയല്ല. അയാൾ നൽകുന്ന ലഹരി പദാർത്ഥം ആണ് മലുവിലെ സ്വഭാവ വ്യതിയാനത്തിനും ആരോഗ്യം ക്ഷയിക്കുന്നതിനും കാരണമെന്നു അമ്മ മലുവിന്റെ മകളെ അറിയിക്കുന്നു.

ചോറിൽ വെളുത്തുള്ളി ഉപയോഗിച്ച് പാചകം ചെയ്യുന്നതു ഇഷ്ടമല്ലാത്ത മലു അമ്മയോട് കുപിതയാവുന്നത് മകളെ അലോസരപ്പെടുത്തുന്നു. മുത്തശ്ശിയുടെ പാചകം അവൾക്കു വളരെയധികം ഇഷ്ടമാണെന്നവൾ അഭിപ്രായപ്പെടുന്നു. മകളുടെ ഈ പെരുമാറ്റം മലുവിനെ പ്രകോപിതയാക്കുന്നു. അമ്മയും മകളും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളും അകൽച്ചയും അവിടെ ഉടലെടുത്തു തുടങ്ങുന്നു. മലു നിരന്തരം അവളുടെ മകളുമായി പലകാരണങ്ങളിൽ തർക്കിക്കുവാൻ



ആരംഭിക്കുന്നു. മൂന്ന് സ്ത്രീകൾക്കിടയിലെ സംഘർഷഭരിതമായ മുഹൂർത്തങ്ങൾക്ക് ആ വീട് സാക്ഷിയാകുന്നു.

തന്റെ തകർന്ന അഭിനയ ജീവിതത്തിന്റെ നിരാശ  മലുവിൽ നിരന്തരം വേട്ടയാടി കൊണ്ടിരിക്കുന്നു. ചോർന്നൊലിക്കുന്ന വീട്ടിൽ അറ്റകുറ്റപണികൾ നടത്താത്തതിന് മലുവും മകളും തമ്മിൽ കടുത്ത അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും ഉടലെടുക്കുന്നു. മകൾ അമ്മയെ കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നു.

വീട് പണിതത് മലുവിന്റെ പണം ഉപയോഗിച്ചാണെന്നും അവൾ അന്നൊരു സ്റ്റാർ ആയിരുന്നെന്നും ഭർത്താവ് വെറുമൊരു നടൻ മാത്രമായിരുന്നുവെന്നും അവൾ മകളോട് അലറി വിളിച്ചു പറയുന്നു. തന്റെ പേരിൽ അവകാശം മാറ്റി എഴുതാതെ വീടിനു വേണ്ടി ഒരു തരി പണം ചെലവഴിക്കില്ലെന്നും തീർത്തു പറഞ്ഞ്, അവൾ വീടിനു പുറത്തു പോകുന്നു. ശാന്തയായ





മകൾ ആത്മസംയമനം വീടെുക്കുകയും അല്പനേരത്തിനു ശേഷം അവൾക്കരികിൽ എത്തുകയും സമാധാനിപ്പിക്കുവാൻ ശ്രമം നടത്തുകയും ചെയ്യുന്നു.അന്തരീക്ഷം ശാന്തമായപ്പോൾ അമ്മയ്ക്കു വേണ്ടതിപ്പോൾ ഒരു കൗൺസിലിങ് ആണെന്നും അതിനു അത്യാവശ്യമായി ഒരു സൈക്കോളജിസ്റ്റിനെ കാണണമെന്നും ഉപദേശിക്കുന്നു.അതു കേട്ട് കുപിതയായി മാറുന്ന മലുവിനോട് അങ്ങനെ ചെയ്തില്ലെങ്കിൽ, മകൾ ഇനി ഒരിക്കലും അമ്മയെ കാണാൻ വരില്ല എന്ന് പറയുന്നതൊക്കെ മലു തീർത്തും അവഗണിക്കുന്നു.മലുവിനെയും സുഹൃത്തിനെയും അമ്മ നിരന്തരം വീക്ഷിക്കുന്നു. അയാൾ മലുവിന് സ്ഥിരമായി ലഹരി പദാർത്ഥം നൽകുകയും മലുവിന്റെ ആരോഗ്യസ്ഥിതി കൂടുതൽ മോശമായി വരികയും ചെയുന്നു.

ഇതിനിടയിൽ അമ്മയുടെ പിറന്നാൾ സുഹൃത്തുക്കളെയെല്ലാം വിളിച്ചു ചേർത്ത് മലു ആഘോഷമാക്കുന്നുണ്ട്. അന്ന് അമ്മ താഴെ തണുപ്പാണെന്നും മലുവിനൊപ്പം വീട്ടിൽ കഴിഞ്ഞു കൊള്ളട്ടെ എന്നും ചോദിക്കുന്നത് മലു സന്തോഷത്തോടെ അംഗീകരിക്കുന്നു.അമ്മയും മകളും തമ്മിൽ വേർപെടാതെ അവശേഷിക്കുന്ന ആത്മബന്ധത്തിന്റെയും നിർമല സ്നേഹത്തിന്റെയും അവശേ ഷിപ്പുകൾ കൂടിയാണാരംഗങ്ങൾ.

തന്റെ മകളെ ജീവിതത്തിലോട്ടു തിരികെ കൊണ്ട് വരുവാൻ ധീരമായ പ്രവൃത്തികൾ ചെയ്യുവാൻ മലുവിന്റെ അമ്മ സന്നദ്ധമാകുന്നു. സുഹൃത്ത് പുറത്തു പോകും നേരം മുറിയിൽ കയറി, അവർ ഉപയോഗിക്കുന്ന ലഹരി പദാർത്ഥം എന്തോ മായം ചേർത്ത് നശിപ്പിച്ചു കളയുന്നു. അത് ഉപയോഗിച്ച മലു നിർത്താതെ ചുമയ്ക്കുകയും ശാരീരികമായി അവശയാകുകയും ചെയ്യുന്നു. ഇതിനു കാരണക്കാരിയായ അമ്മയെ അടുത്ത ദിവസം തന്നെ അവൾ വീട്ടിൽ നിന്നും പൂർണ്ണമായും പുറത്താക്കുന്നു. അമ്മ തന്റെ വസ്ത്രങ്ങളും മറ്റു മടങ്ങുന്ന പെട്ടിയുമായി തെരുവിലൂടെ തനിയെ നടന്നകലുന്നു.

ആ സംഭവത്തോടെ സുഹൃത്തും അവിടെ നിന്ന് മാറി പോകുന്നു. തീർത്തും ഒറ്റപ്പെട്ട മലുവിൽ ഇടയ്ക്കിടെ വന്നുപോകാറുള്ള തലകറക്കം ശക്തമാകുന്നു. മലു മകളെ ഫോൺ വിളിച്ചു വരുത്തുന്നു. മകളെ കാണുന്നതും പഴയതുപോലെ കെട്ടിപിടിച്ചു സന്തോഷവും സ്നേഹവും പങ്കുവയ്ക്കുന്നു. എപ്പോഴത്തെയും പോലെ, പണിയാൻ പോകുന്ന വീടിന്റെ ബലിഷ്ഠമായ അടിത്തറയെയും അതിനു മുകളിൽ

KX Pharma
9995811166
Your Prescription Delivered Anytime Anywhere...

പണിയുന്ന ചെറിയ തീയേറ്ററിനെ കുറിച്ചും വാചാലയാകുന്നു. പതിവുപോലെ വളരെയധികം സംസാരിക്കുന്നു. ഓർമ്മകൾ വീണ്ടെടുക്കുവാൻ ശ്രമിക്കുന്നു. സുഹൃത്ത് താമസം മാറിയത് മറന്നുപോകുന്നു. മകളുടെ സ്നേഹത്തോടെയുള്ള നിർബന്ധത്തിനു വഴങ്ങി അവൾ ഡോക്ടറെ കാണുന്നു.

മലുവിനു മാഡ് കൗ ഡിസീസ് ആണെന്ന് കണ്ടെത്തുന്നു. അതവളെ പൂർണ്ണമായും തകർത്തുന്നു. മകളുടെ പേരിലേക്ക് തന്റെ സ്വത്തിന്റെ പകുതി അവൾ മാറ്റിവയ്ക്കുന്നു. തന്റെ അരക്ഷിതാവസ്ഥയിൽ മകൾ തന്നെ സംരക്ഷിക്കുമോ എന്നവൾ ആകുലപ്പെടുന്നു. മകൾക്കൊപ്പം അവളുടെ താമസ സ്ഥലത്തേക്ക് പോകുവാൻ തയ്യാറെടുക്കുന്നു. യാത്രയിലുടനീളം അവൾ സംസാരിച്ചുകൊണ്ടേയിരുന്നു. പറഞ്ഞതു തന്നെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു അവൾ യാത്ര തുടരുന്നു. അത്തരം സംസാരങ്ങൾ മകളെ അസ്വസ്ഥയാക്കുന്നു. ആ അസ്വസ്ഥതയിലും അവർ യാത്ര തുടരുന്നിടത്തു ചിത്രം അവസാനിക്കുന്നു.

സംവിധായകൻ സ്വന്തം അമ്മ മലുവിന്റെ കഥ തന്നെയാണ് ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. തീയറ്ററിൽ സിനിമ തുടങ്ങുന്നതിനു മുന്നേയുള്ള അദ്ദേഹത്തിന്റെ പരിചയപ്പെടുത്തലിൽ, ഇത് തന്റെ അമ്മയുടെയും സഹോദരി യുടെയും കഥ തന്നെയാണെന്ന് അദ്ദേഹം പറയുന്നു. ജീവിച്ചിരുന്ന മനുഷ്യരുടെ ജീവിതം ജീവിതം കഥയായി മുന്നിലേക്ക് അവതരിപ്പിക്കപ്പെടുമ്പോൾ കഥയ്ക്കും ജീവൻ ഉണ്ടാകുന്നു. അതുതന്നെയായിരുന്നു മലുവിന്റെയും വിജയം. ഒട്ടും നാടകീയമല്ലാത്ത രീതിയിൽ സംഘർഷങ്ങൾ നിറഞ്ഞ പച്ചയായ ജീവിതത്തെ നമുക്ക് മുന്നിൽ വരച്ചുകാട്ടുകയാണ് മലുവിലൂടെ സംവിധായകൻ.

തന്റെ പഴയകാല പ്രതാപത്തിൽ നിന്നും താഴോട്ടിറങ്ങാൻ മടിക്കുന്ന മലു തന്റെ വീടിനെക്കുറിച്ചും ചുറ്റുപാടിനെ കുറിച്ചും നിറഞ്ഞ സ്വപ്നങ്ങൾ കാണുന്നവളാണ്. സാധാരണക്കാരായ ജനങ്ങൾ താമസിക്കുന്ന ചേരി പ്രദേശത്തിലെ പഴയൊരു കെട്ടിടവും പരിസരപ്രദേശങ്ങളുമാണ് ചിത്രീകരണത്തിനായി സംവിധായകൻ ഉപയോഗിച്ചിരിക്കുന്നത്. മലുവിന്റെ മാനസിക സ്ഥിതിയുമായി ചേർന്നുപോകും വിധമുള്ള വരണ്ടതും പ്രസരിപ്പില്ലാത്തതും അസന്തുഷ്ടി നിറഞ്ഞതുമായ ഒരന്തരീക്ഷം ചിത്രത്തിലൂട നീളം കാണുവാൻ കഴിയും.
സുവർണ്ണ ചകോരം നേടിയ ഈ സിനിമയുടെ ശിൽപ ശൈലിയിൽ യഥാതഥ ആഖ്യാനത്തിന്റെ ഒഴുക്കിനൊപ്പം ക്യാമറ



KX Pharma
9995811166
Your Health needs delivered right to Door steps, Hassle - free...

നിരന്തരം ഒരു ദൃക്സാക്ഷിയെ പോലെ ഒഴുകിനീങ്ങുന്നു. അതുകൊണ്ട് തന്നെ ഓരോ സന്ദർഭത്തിലും നാടകീയത ഒഴിവാക്കപ്പെട്ടിരിക്കുന്നു. കഥാപാത്രങ്ങളുടെ ക്ഷോഭങ്ങളും സ്നേഹലീനതയും മറ്റ് ഭാവഗരിമകളും അനുഭവമാക്കുന്നു. ക്യാമറയുടെ സാന്നിധ്യം പോലും പ്രേക്ഷകൻ അറിയുന്നില്ല. ദൃശ്യവേഗതയും ദൃശ്യതാളവും സംവിധാന മികവാണ്.

സൺ ഡാൻസ് ഫിലിം ഫെസ്റ്റിവൽ , സാവോ പോളോ ഫിലിം ഫെസ്റ്റിവൽ , ബാങ്കോക്ക് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, മെൽബൺ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ എന്നിവയിൽ ഒഫീഷ്യൽ എൻട്രി ആയിരുന്നു മലു.

സംഘർഷഭരിതമായ ജീവിതത്തിലൂടെ കടന്നുപോയ മലുവും തന്റെ അമ്മയുടെ അസ്വാഭാവികമായ പെരുമാറ്റത്തിൽ പൊറുതിമുട്ടുന്ന മകളും വാർദ്ധക്യത്തിലും മകളോട് പോരടിക്കേണ്ടി വരുന്ന അമ്മയുടെ ദൈന്യതയും നമുക്ക് മുന്നിൽ വരച്ചുകാട്ടുന്നത് സാധാരണ ജീവിതങ്ങളുടെ നേർക്കാഴ്ചയാണ്.





# രജത ചകോരം സംവിധാനത്തിന്



**ജ്യോതിഷ് കുമാർ.പി.എസ്.**
ഫിൽക്ക .




**Me, Maryam, the Children and 26 Others**
Iran - Germany ( 2024 )
Direction : Farshad Hashemi .

കേരള അന്താരാഷ്ട്ര ചലച്ചിത്ര മേള യിൽ പ്രദർശിപ്പിക്കുന്ന ഇറാനിയൻ ചിത്രങ്ങൾക്ക് മിനിമം ഗ്യാരണ്ടി ഉണ്ടായിരിക്കും. കാരണം, ആവിഷ്കാര ത്തിന്റെ പുത്തൻ തലങ്ങൾ കൊണ്ടു വരുന്നതിൽ ഇറാനിയൻ സംവിധായകർ മിടുക്ക് കാട്ടാറുണ്ട്. ഇത്തവണയും ആ പ്രതീക്ഷ നിലനിർത്തിയ ചിത്രമാണ് ഫർഷാദ് ഹാഷമി തിരക്കഥ എഴുതി സംവിധാനം ചെയ്ത് 2024 – ൽ ഇറങ്ങിയ ഇറാൻ ചിത്രം – **Me, Maryam, the Children and 26 Others**.

ഇന്റർനാഷണൽ കോമ്പറ്റീഷൻ വിഭാഗ ത്തി ലാണ് 29വേ IFFK യിൽ ഈ ചിത്രം പ്രദർശിപ്പിച്ചത്. മുപ്പതുകാരിയായ മെഹ്ബൂ ബെ ഗൊലാമി ഏകാന്തമായ അസ്തിത്വം ആസ്വദിച്ചു വരികെയാണ് തന്റെ വീട് ഒരു സിനിമാ സംഘത്തിന് ആറ് ദിവസത്തേക്ക് വാടക യ്ക്ക് കൊടുക്കാൻ തീരുമാനിക്കുന്നത്. അതോടെ അവളുടെ ശാന്തവും ഏകാന്ത വുമായ അസ്തിത്വം പെട്ടെന്ന് താളം തെറ്റുന്നു.മുൻ വാതിൽ തുറന്നിടരുത്, ബെഡ്റൂമിൽ കയറരുത്, അടുക്കള വൃത്തി കേടാക്കരുത്, മുത്തശ്ശിയുടെ ചായക്കപ്പ് എടുക്കരുത്, അച്ഛൻ വരച്ച പെയിന്റിംഗ് ചുമരിൽ നിന്നും മാറ്റരുത്, ചുമരിന്റെ നിറം മാറ്ററുത് തുടങ്ങിയ അവളുടെ നിബന്ധന കൾ ലംഘിക്കപ്പെടുന്നത് അവൾ നീരസ ത്തോടെ കണ്ടുനില്ക്കുന്നു. സംവിധായക നായ ഫർഷാദ് ഹാഷമിയുടെ കഥാപാത്ര ത്തോട് മെഹ്ബൂബെ തന്റെ പ്രതിഷേധം അറിയിക്കുന്നുവെങ്കിലും അവളെ ദേഷ്യം പിടിപ്പിക്കുന്ന പ്രവർത്തികൾ സിനിമ സംഘത്തിലെ അംഗങ്ങൾ തുടരുന്നു.

പുരോഗമിക്കുന്ന ചിത്രീകരണ പ്രക്രിയ അവളെ മാനസികമായി ആഴത്തിലുള്ള തലത്തിൽ ബാധിക്കുന്നു. എങ്കിലും ഓരോ സീനു കളും അവൾ അവളുടെ ജീവിത വുമായി, അവളെ ഒരു കഥാപാത്ര മായി സങ്കല്പിച്ചുകൊണ്ട് ഷൂട്ടിംഗ് ആസ്വദിക്കുന്നു. സിനിമ സംഘത്തി നൊപ്പം ഭക്ഷണം കഴിക്കുകയും അവ രുമായി സൗഹൃദം സ്ഥാപിക്കുകയും





നിർമ്മാതാവിന്റെ ജന്മദിനാഘോഷത്തിൽ പങ്കു ചേരുകയും മേക്കപ്പ് റൂമിൽ ചെന്ന് തലമുടി വെട്ടിക്കുറക്കുകയും മറ്റും ചെയ്യുന്നുണ്ട് മെഹ്ബൂബെ.നൈറ്റ് വാച്ചറുമായി തന്റെ ഏകാന്തതയുടെ വിഹ്വലതകൾ അവൾ പങ്കുവെക്കുന്നുണ്ട്. തുടർന്ന് ,തന്റെ നിബന്ധനകൾ ലഘുകരിക്കുകയും ചുമരിന്റെ നിറം മാറ്റുന്നതിനും തന്റെ പുസ്തക ഷെൽഫ് ചിത്രീകരണത്തിനു ഉപയോഗിക്കുന്നതിന് അനുമതി നല്കുന്നതുമുൾപ്പടെയുള്ള പിന്തുണ അവൾ അവർക്ക് നല്കുന്നു.

സിനിമാ സംഘത്തിന്റെ ഇടപെടലുകളിൽ ആകൃഷ്ടയായി, അവരുടെ ഹ്രസ്വ ചിത്രത്തിന്റെ കഥാസന്ദർഭത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, മഹ്ബൂബ് തന്റെ ഭൂതകാലത്തിന്റെ പരിഹരിക്കപ്പെടാത്ത വശങ്ങളെ അഭിമുഖീകരിക്കാൻ നിർബന്ധിതയാകുന്നു.

ഏകാന്തത അത്ര രസകരമായ സംഗതി അല്ലെന്നു മനസിലാക്കുന്നു. ചിത്രീകരണത്തിന്റെ അവസാന ദിവസം അടുക്കുമ്പോൾ, അവൾ ഒരു സുപ്രധാന തീരുമാനത്തെ അഭിമുഖീകരിക്കുന്നു. അവളുടെ പരിചിതമായ ജീവിതത്തിൽ മുറുകെ പിടിക്കണോ അതോ പരിവർത്തനാത്മകമായ ഒരു പുതിയ അധ്യായത്തിനുള്ള അവസരം സ്വീകരിക്കണോ എന്ന്. ജനങ്ങൾ അവരുടെ ജീവിതരീതിയെയും അവരെ ഭരിക്കുന്നവരെയും അവർ നടപ്പിലാക്കുന്ന ഘടനകളെയും ചോദ്യം ചെയ്യുന്നത് യാഥാർത്ഥ്യവും ഫിക്ഷനും തമ്മിലുള്ള അതിർവരമ്പുകൾ മങ്ങി കാണിക്കുന്നതിൽ ഇറാനിയൻ സിനിമ വിജയിക്കുന്നു.

16 സെപ്റ്റംബർ 2022 – ൽ നടന്ന, 22കാരിയായ മഹ്സ അമിനിയുടെ കൊലപാതകത്തെത്തുടർന്ന്, 'സ്ത്രീ, ജീവിതം, സ്വാതന്ത്ര്യം' എന്ന പ്രസ്ഥാനം രാജ്യത്ത് പിന്തുണ വളർത്തിയെടുക്കുമ്പോൾ, ഫർഷാദ് ഹാഷമിയുടെ സംവിധാന അരങ്ങേറ്റമായ ഈ ഫീച്ചർ ഫിലിം മഹ്ബൂ ബെയുടെ ജീവിതത്തിന്റെ മഞ്ഞുപാളികൾ ക്രമേണ അകറ്റുന്നു. ഒരു സ്ത്രീയെന്ന നിലയിൽ അവൾ അഭിമുഖീകരിക്കുന്നപരിമിതികളോടും, അടിച്ചമർത്താൻ പണ്ടേ തിരഞ്ഞെടുത്തതും എന്നാൽ ഇപ്പോൾ അവളുടെ ഉണർന്നിരിക്കുന്ന സമയങ്ങളെ വേട്ടയാടുന്നതുമായ ഒരു ചരിത്രവുമായും അവൾ പൊരുത്തപ്പെടുന്നു. അതേസമയം, ദൈനംദിന ജീവിതത്തിന്റെ സങ്കീർണ്ണതയെ യഥാർത്ഥത്തിൽ പകർത്താനുള്ള കഴിവ് പര്യവേക്ഷണം ചെയ്യുന്ന ചലച്ചിത്രനിർമ്മാണത്തിന്റെ സ്വഭാവത്തിന്റെ പ്രതിഫലനമാണ് ഈ സിനിമ. ●


KX Pharma
9995811166
Your Health and Wellness, our Priority!

# ഓർമ്മകളിൽ ജ്വലിക്കുന്ന സ്ത്രീശരീര രാഷ്ട്രീയം



വിനോദ്കുമാർ. പി
ഫിൽക്ക

**മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി**
കോസ്റ്ററിക്ക - സ്പെയിൻ / 2024/ സംവിധാനം - അന്റോനെല്ല സുഡാസാസി ഫർണീസ്




ലൈംഗികത നിഷിദ്ധമായിരുന്ന ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസം നേടിയ, പറയാത്ത നിയമങ്ങളിലൂടെയും പരോക്ഷമായ അടിച്ചേൽപ്പിക്കലിലൂടെയും സ്ത്രീത്വത്തിന്റെ അർത്ഥം കണ്ടെത്തിയ മൂന്ന് സ്ത്രീകളുടെ ചെറുപ്പക്കാലത്തെ കഥയാണ് ' **മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി** എന്ന ചിത്രത്തിന്റെ പ്രമേയം .

അറുപത്തഞ്ചു വയസ്സുള്ള ഒരു സ്ത്രീയുടെ ഓർമകളിലൂടെ ആണ് ഈ ചിത്രം സഞ്ചരിക്കുന്നത്. അന, പട്രീഷ്യ, മായേല എന്നീ മൂന്ന് സ്ത്രീകളുടെ ജീവിതത്തെയാണ് ഈ സ്ത്രീ പ്രതിനിധീകരിച്ചു അവരുടെ ഭൂതകാല രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത്. ചെറുപ്പത്തിൽ അവർ അനുഭവിക്കേണ്ടി വന്ന യാതനകൾ, മോഹഭംഗങ്ങൾ, പൂർത്തീകരി ക്കാത്ത ലക്ഷ്യങ്ങൾ ഇവയുടെ എല്ലാം ഓർമ്മകളാണ് കവിതാ ശൈലിയിൽ തുറന്നു കാട്ടുന്നത്.ബാല്യം , ഋതുമതിയാവൽ , പ്രണയം, വിവാഹം, കുട്ടികൾ,കുടുംബ ജീവിതം, വിവാഹമോചനം തുടങ്ങിയ സംഭവങ്ങൾ ഒരു സ്ത്രീയുടെ ജീവിതത്തെ എത്ര മാത്രം സ്വാധീനിക്കുന്നുവെന്ന് വളരെ മനോഹരമായാണ് സംവിധായക അവതരിപ്പിച്ചിരിക്കുന്നത്. ഒരേ സമയം തന്നെ ഭൂതകാലത്തിലേക്കും വർത്തമാന കാലത്തേക്കും പ്രേക്ഷകരെ എത്തിക്കുന്ന ആഖ്യാന ശൈലി എടുത്തു പറയേണ്ടതാണ്. ഓർമ്മകളിലേക്ക് കടക്കുമ്പോൾ തന്റെ അരികിലൂടെ സ്വന്തം ഭൂതകാല പ്രതിരൂപങ്ങൾ കടന്നു വരികയും പഴയ കാലത്തിലേക്ക് ദൃശ്യം സജീവമാവുകയും ചെയ്യുന്നു. വീണ്ടും ഭൂതകാല ആത്മകഥനത്തിൽ നിന്ന് തിരിച്ചെത്തുമ്പോൾ മുൻകാല പ്രതിരൂപങ്ങൾ ഒഴിഞ്ഞു പോവുകയും ചെയ്യുന്നു .

സ്ത്രീയുടെ ഓരോ ജീവിതഘട്ടത്തിലും അവൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിന്റെ വൈരുധ്യങ്ങൾ അവളെ അലോസരപ്പെടുത്തുന്നു.അതിനെ സഹനശക്തിയോടെ അതിജീവിക്കുന്നു . സ്വന്തം





അസ്തിത്വം സ്ഥാപിക്കുവാനുള്ള , രൂപപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യത്തിന്റെ പ്രശ്നം കൂടി ഉരുത്തിരിയുന്നു . ചുറ്റുവട്ട മനുഷ്യ ബന്ധങ്ങൾക്കും ബന്ധനങ്ങൾക്കും നടുവിൽ സ്ത്രീശരീര രാഷ്ട്രീയം സഹനഭാഷയിൽ അപഗ്രഥിക്കുന്നു .

കോസ്റ്ററിക്കയുടെയും സ്പെയിനിന്റെയും സഹനിർമ്മാണ സംരംഭത്തിൽ ആണ് ഈ ചിത്രം പൂർത്തീകരിച്ചത്. 2024 ഫെബ്രുവരി 19-ന് ലോക പ്രീമിയർ പ്രദർശനം നടത്തി 74-ാമത് ബെർലിൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പനോരമ വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെടുകയും മികച്ച ഫീച്ചർ ഫിലിമിനുള്ള പനോരമ ഓഡിയൻസ് അവാർഡ് നേടുകയും ചെയ്തു. 97-ാമത് അക്കാദമി അവാർഡിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനുള്ള കോസ്റ്റാറിക്കൻ എൻട്രിയായി ഇത് തിരഞ്ഞെടുക്കപ്പെട്ടു.





December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC


# ഞാൻ നെവങ്കയാണ്, നെവങ്ക



ആശ നായർ
ഫിൽക്ക




I AM NEVANKA
Spain - Italy (2024 )
Dir: Iciar Bollain

സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ അതിജീവിക്കുക യും നീതിയ്ക്കായി പോരാടി വിജയം കണ്ടെത്തുകയും ചെയ്യുന്ന ഒരു യുവതിയുടെ കഥയാണ് ' **ഐ ആം നെവാങ്ക** '.

നെവാങ്ക നടത്തുന്ന ധീരമായ പോരാട്ടമാണ് ഈ സിനിമയിൽ ഉടനീളം കാണുന്നത്. തന്റെ ജീവിതം കരുപിടിപ്പിക്കാനുള്ള ഓട്ടപ്പാച്ചിലിൽ അവൾ പല ജോലികളും തേടുന്നു. ഒടുവിൽ രാഷ്ട്രീയത്തിൽ ഒരു കൈ നോക്കാനായി തയ്യാറെടുക്കുന്നു. അതിനുള്ള അന്നെ അന്വേഷണത്തിനൊടുവിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയിൽ പ്രവേശിക്കുന്നു. അവിടെ അവൾക്കു സ്വപ്നതുല്യമായ ഒരു അവസരമാണ് കിട്ടുന്നത്. പ്രശസ്തനായ അവിടുത്തെ മേയറുടെ കാബിനറ്റിൽ വരെ അവൾ എത്തുന്നു. 'ഇസ്മായിൽ ' എന്ന മേയറുടെ പ്രീതി വേഗം തന്നെ നെവാങ്ക പിടിച്ചു പറ്റുന്നു. അയാളുടെ എല്ലാ ഔദ്യോഗിക കാര്യങ്ങളും കൃത്യമായി ചെയ്തു കൊടുക്കാൻ സഹായിക്കുന്നു. കൂടാതെ അയാളുടെ എല്ലാ യാത്രകളിലും പങ്കാളിയായി കൂടെ പോകുന്നു. ക്രമേണ അവർ തമ്മിൽ അടുപ്പത്തിലാകുന്നു. ഇസ്മായിലിന്റെ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തിലും കൂടെ നിൽക്കുന്ന നെവാങ്ക അയാളുടെ ലൈംഗിക ചൂഷണത്തിനും വിധേയയാകുന്നു.

ആദ്യമൊക്കെ അയാളോടുള്ള ഇഷ്ടം കൊണ്ട് വഴങ്ങുന്ന നെവാങ്ക മെല്ലെ താൻ പറ്റിക്കപെടുകയാണെന്നു മനസിലാക്കി അയാളിൽ നിന്നും അകലാൻ തുടങ്ങുന്നു. ഇതിനിടയിൽ തന്റെ പഴയ സ്നേഹിതനെ കണ്ടുമുട്ടുന്ന നെവാങ്ക എല്ലാം അവനോടു തുറന്നു പറയുന്നു. ജോലിയിൽ നിന്നും രാജി വയ്ക്കാൻ അവൻ അവളോട് ആവശ്യപ്പെടുന്നു...ഇസ്മായലിനു ഒരു സന്ദേശത്തിലൂടെ അവൾ രാജി സന്നദ്ധത അറിയിക്കുന്നു. അതിൽ ക്ഷുഭിതനായ ഇസ്മായിൽ അവളെ മാനസികമായി തളർത്തുവാനും തുടങ്ങുന്നു . ധനകാര്യവും അഴിമതി യും പദവിയും രാഷ്ട്രീയ





തന്ത്രങ്ങളും അവൾക്ക് ബന്ധനം പോലെയാവുന്നു . അതിൽ മനനൊന്ത അവൾ മാനസികപിരിമുറുക്ക ത്തിലായി. മേയറുടെ കാര്യാലയത്തിലെ മറ്റു മെമ്പർമാരും അവൾക്കെതിരെ തിരിയുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൽ പദവികൾ കൈവരിക്കാനുള്ള മാർഗ്ഗങ്ങൾ കുതന്ത്രങ്ങളുടേതും മനുഷ്യവിരുദ്ധവും ആണെന്ന് തിരിച്ചറിയുമ്പോഴേക്കും അവൾ രക്ഷപ്പെടാനാവാത്ത ഒരു കോട്ടയ്ക്കുള്ളിൽ അകപ്പെട്ടത് പോലെയായി . കാരണം നിരവധി രഹസ്യങ്ങൾ ആ കോട്ടയ്ക്കുള്ളിൽ നിറച്ചുവെച്ചിരിക്കുന്നു.ആ വലയം ഭേദിക്കുക അത്ര എളുപ്പമല്ല . പ്രത്യേകിച്ച് ഒരു ജോലി തേടിയെത്തിയ സാധാരണക്കാരിയ്ക്ക് . സ്വാതന്ത്രമാവാൻ ശ്രമിച്ചാൽ രാഷ്ട്രീയ പാർട്ടിയെന്ന കോട്ടയ്ക്ക് അപകടകരവുമാണ് . അവിടെ ബന്ധങ്ങൾ യാന്ത്രികമാണ് . സാമൂഹിക മൂല്യങ്ങൾ , മനുഷ്യ സ്വാതന്ത്ര്യം , സത്യസന്ധത എന്നിവയൊക്കെയും അപ്രസക്തമാണ് .

ലൂക്കാ എന്ന അവളുടെ സ്നേഹിതൻ എല്ലാ പിന്തുണകളും കൊടുത്തുകൊണ്ട് ഒരു തീരുമാനമെടുക്കാൻ അവൾക്കൊപ്പം നില്കുന്നു. നെവാങ്ക ജോലി ഉപേക്ഷിച്ചതറിഞ്ഞു മാതാവ് അവളോട് കയർത്തു സംസാരിക്കുന്നു. ലൂക്കയുടെ വീട്ടിൽ ചെന്ന് അവളെ തിരികെ വീട്ടിലേക്കു കൊണ്ട് പോകാനും വീടിന്റെ അവസ്ഥയിൽ സഹായിക്കാൻ വീണ്ടും ജോലിയിൽ പ്രവേശിക്കാനും ആവശ്യപ്പെടുന്നു .തന്റെ മാതാവിന്റെ അത്തരം പെരുമാറ്റത്തിൽ നെവാങ്ക തളരുന്നു. എന്നാൽ ലൂക്കാ അവളെ ആശ്വസിപ്പിക്കുന്നു . കൂടാതെ നെവാങ്കയുടെ മാതാവിനോട് തിരികെ പോകാൻ ആവശ്യപ്പെടുന്നു.

ഇസ്മായാലിന്റെ കുൽസിത പ്രവർത്തനങ്ങളെക്കുറിച്ചു ജനങ്ങളെ അറിയിക്കാൻ നെവാങ്കയും സ്നേഹിതനും തയ്യാറാകുന്നു. രാഷ്ട്രീയ പാർട്ടിയെന്ന ശക്തിയ്ക്ക് മുന്നിൽ ഒരു പോരാട്ടത്തിന് തന്നെ തയ്യാറാവുന്നു . അതിനു അവർക്കു തുണയായി കാര്യാലയത്തിലെ മെമ്പർ മാർത്ത എന്ന സ്ത്രീയും പങ്ക് ചേരുന്നു് . സമൂഹ വിരുദ്ധമായ രാഷ്ട്രീയം നാടിനു തന്നെ ആപത്താണെന്നും വ്യക്തികൾ അടിമകളാക്കപ്പെടുന്നുവെന്നും മനുഷ്യ സ്വാതന്ത്ര്യവും നീതിയും ഉയർത്തിപ്പിടിക്കേണ്ടതുണ്ടെന്നും അവർ



KX Pharma
9995811166
Your Family Health Store

തിരിച്ചറി യുന്നു . ഒരു സ്ത്രീയുടെ ഒറ്റയാൾ പോരാട്ടമാവാതിരിക്കാൻ മാർത്തയും ഉറച്ചു നിൽക്കുന്നു . വാസ്തവത്തിൽ തങ്ങൾ ഒരു ധർമ്മയുദ്ധത്തിലാണെന്നു അവർ ബോധ്യപ്പെടുന്നു . അവർ ഒരു പബ്ലിക് പ്രോസിക്യൂട്ടറിനോട് കാര്യങ്ങൾ വിശദീകരിക്കുന്നു. അവരുടെ നിർദ്ദേശ പ്രകാരം നെവാങ്ക ഒരു പ്രെസ്സ് മീറ്റിംഗ് ഏർപ്പാട് ചെയ്യുന്നു. മീറ്റിംഗിൽ നെവാങ്ക എല്ലാം തുറന്നു പറയുന്നു...

ഇതറിഞ്ഞ മേയർ അവളെ രൂക്ഷമായി വിമർശിക്കുന്നു. ഭീഷണി മുഴക്കുന്നു. മേയറുടെ മാനസിക പീഡനം സഹിക്കാൻ വയ്യാതെ അവൾ ലൂക്കയ്ക്കൊപ്പം കോടതിയിൽ പോകുന്നു. കേസ് ഫയൽ ചെയുന്നു. കോടതിയിൽ വിസ്താരം നടക്കുന്നു. എന്നാൽ കാര്യാലയത്തിലെ മെമ്പർമാർ ഭൂരിഭാഗവും ഇസ്മായലിനു അനുകൂലമായി സംസാരിക്കുന്നു.

മാർത്ത മാത്രം അവൾക്കൊപ്പം നില്കുന്നു. തന്റെ മകൾക്കു നീതി കിട്ടാനായി നെവാങ്കയുടെ മാതാപിതാക്കളും കോടതിയിൽ എത്തുന്നു് . കോടതിയിൽ പല തവണ മേയറുടെ വക്കീലിന്റെ മുൾമുനയുള്ള ചോദ്യങ്ങൾക്കു മുന്നിൽ നെവാങ്ക വിഷമിക്കുകയും അപമാനിക്കപെടുകയും ചെയുന്നു.ദീർഘമായ ചോദ്യം ചെയ്യലിനും വാദ പ്രതി വാദങ്ങൾക്കൊടുവിൽ നെവാങ്കയ്ക്ക് നീതി കിട്ടുന്നു. ഇസ്മായലിനു കോടതി ജയിൽ ശിക്ഷ വിധിച്ചു. നെവാങ്കയുടെ മാതാപിതാക്കളും സംതൃപ്തരായി . അവർ അവളെ ലൂക്കക്കൊപ്പം വിടുന്നു...

വിവാദങ്ങളും കാറും കോളുമൊക്കെ ഒഴിഞ്ഞു ലൂക്കാ നെവാങ്കയെ തന്റെ ഭാര്യയായി സ്വീകരിച്ചു .അവരുടെ സന്തോഷഭരിതമായ ജീവിതത്തിനിടയിൽ കുട്ടികൾ ജനിച്ചു . സുഖ സുന്ദരമായ അവരുടെ ജീവിതത്തിനിടയ്ക്കു അവർക്കു വീണ്ടും തിരിച്ചടികൾ നേരിടേണ്ടി വരുന്നു...

ജയിൽവാസത്തിനൊടുവിൽ ഇസ്മായിൽ ജയിൽ മോചിതനായി. സ്വാഭാവികമായും ഇസ്മായിലിനെ പാർട്ടി സ്വീകരിക്കുന്നു. പാർട്ടി ഇസ്മായിലിനു വീണ്ടും പദവികൾ നൽകുന്നു . വീണ്ടും തെരെഞ്ഞെടുപ്പിൽ മത്സരിക്കാൻ നിർദ്ദേശിക്കുന്നു. തെരെഞ്ഞെടുപ്പിൽ വിജയിക്കുന്ന ഇസ്മായിൽ ഭരണം തുടങ്ങി ....

നെവാങ്ക വീണ്ടും ഭീഷണിയുടെ നിഴലിലായി. ഇസ്മായിൽ ഭരിക്കുന്ന ആ നാട്ടിൽ ജോലി കിട്ടാൻ ബുദ്ധിമുട്ടാണെന്നു മനസിലാക്കിയ നെവാങ്കയും ലൂക്കയും മക്കളും മറ്റൊരു ദേശത്തേക്കു കുടിയേറാൻ നിർബന്ധിതരായി . അവരുടെ പലായനത്തിൽ സിനിമ അവസാനിക്കുന്നു.

സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾക്കു നേരെ കണ്ണടച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുക്കൾ എന്തൊക്കെയാണെന്നു ലോകത്തോട് വിളിച്ചു പറയുന്ന ഈ ചിത്രം യഥാർത്ഥ സംഭവത്തെ ആസ്പദമാക്കി നിർമ്മിച്ചതാണ് . സ്പെയിനിൽ ആദ്യമായി ഒരു ഭരണാധികാരി സ്ത്രീചൂഷണത്തിന് ശിക്ഷിക്കപ്പെട്ട സംഭവമായിരുന്നുവത്. ●


KX Pharma
9995811166

A commitment to your Health and Wellbeing....-!

വോള്യം -7 ലക്കം -133 ഡിസംബർ 2024 മലയാളം - ഇംഗ്ലീഷ്
December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION


# മൃത്യുവിനു മുന്നിൽ

മൃത്യുവിനു മുന്നിൽ ജീവിതാന്തസ് ഉയർത്തിപ്പിടിച്ച നായികാ കഥാപാത്ര ത്താൽ ശ്രദ്ധേയമായ പെഡ്രോ അൽമൊദോവർ ചിത്രം



**ജോൺ തോമസ്**
ഫിൽക്ക




**The Room Next Door**
Spain (2024)
Dir: Pedro Almodovar

യൗവനകാല സുഹൃത്തുക്കളും സഹ പ്രവർത്തകരും ആയിരുന്ന മാർത്ത യേയും ഇംഗ്രിഡിനെയും ജീവിത നദി രണ്ടു വഴിക്ക് കൊണ്ടുപോയി. മാർത്ത യുദ്ധമുഖങ്ങളിൽ റിപ്പോർട്ടറായും ഇൻഗ്രിഡ് എഴുത്തുകാരിയായും തിളങ്ങി നിന്നു. ന്യൂയോർക്കിൽ വച്ചുള്ള തന്റെ ഒരു ബുക്ക് സൈനിങ് ചടങ്ങിൽ ഇൻഗ്രിഡ് യാദൃ ച്ഛികമായി മനസ്സിലാക്കുന്നു മാർത്ത ക്യാൻസർ രോഗബാധിതയായി അതേ പട്ടണത്തിൽ തന്നെ ഒരു സാനറ്റോറി യത്തിൽ ചികിത്സയിൽ ഉണ്ടെന്ന്.

വർഷങ്ങൾക്ക് ശേഷം തമ്മിൽ കൂടി കാണുന്ന അവർ സ്നേഹപ്രകടനങ്ങൾക്ക് ശേഷം തങ്ങളുടെ ജീവിതാനുഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നു. കൗമാരത്തിൽ തന്നെ ഒരു പെൺകുഞ്ഞിന്റെ അമ്മയായി മാറിയ മാർത്തയ്ക്ക് യുദ്ധരംഗത്തെ സാഹസിക ജീവിതം തിരഞ്ഞെടുക്കാൻ തീരുമാനിച്ച തന്റെ പങ്കാളിയോട് എന്നെ ന്നേക്കുമായി വിടപറയേണ്ടി വന്നു. താൻ അച്ഛനില്ലാതെ വളരേണ്ടി വന്നതിന് കാരണക്കാരി അമ്മയാണെന്ന പഴിചാരി മകൾ അവരിൽ നിന്നും അകന്ന് കഴിയുക യാണ് ചെയ്തത്.

തന്റെ ജീവിതപങ്കാളിയെ കുറിച്ചുള്ള അന്വേഷണം മാർത്തയെ എത്തിക്കുന്നത് പിന്നീട് മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെട്ട അയാൾ ഭാര്യയോടൊപ്പം വിജനമായ വഴിയിലൂടെ കാറിൽ പോകുമ്പോൾ , തർക്കോവ്സ്കിയുടെ 'സാക്രിഫൈസി'ലെ പോലെ തീ പിടിച്ചു കണ്ട ഒരു ഭവനത്തിൽ നിന്നും കേട്ട നില വിളി അയാളെ രക്ഷാപ്രവർത്തനത്തിനു വേണ്ടി



December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC





ആ ഭവനത്തിലേക്ക് ആകർഷിച്ചതായും തുടർന്ന് എത്തിയ അഗ്നിശമന ജോലിക്കാർ തീ അണച്ചപ്പോൾ  അയാളുടെ ജഡം മാത്രം മനുഷ്യവാസം ഇല്ലാത്ത ആ കെട്ടിടത്തിൽ കത്തിയെന്നുമുള്ള വിചിത്ര വാർത്തയി ലാണ്.

ക്യാൻസർ ചികിത്സയുടെ ഭാഗമായി തനിക്ക് നൽകപ്പെട്ട കീമോതെറാപ്പി തന്റെ ശരീരത്തിനെയും മനസ്സിനെയും ചിന്തയെ തന്നെയും ദുർബലപ്പെടുത്തുന്നതായി മാർത്ത വിവരിക്കുന്നു. ആശുപത്രിയിലെ ചിട്ടകൾ ഒപ്പിച്ചുള്ള വാസം  കാരാഗൃഹവാ സമായി അവർക്ക് അനുഭവപ്പെടുന്നു. ഏറെ പ്രതീക്ഷയർപ്പിച്ച ഇമ്മ്യൂണോ തെറാ പ്പി ചികിത്സ തന്റെ ശരീരത്തിൽ ഫലപ്രദം ആകുന്നില്ലെന്ന് ഡോക്ടർമാർ അറിയിച്ച തായി അവർ  അടുത്തൊരു ദിവസം വ്യസനസമേതം സുഹൃത്തിനോട്പറയുന്നു. തുടർന്ന് അവർ താൻ ആശുപത്രിവാസം എന്നെന്നേക്കുമായി അവസാനിപ്പിച്ച് പട്ടണത്തിൽ നിന്നും ദൂരെയല്ലാത്ത ഒരിടത്ത് ഒരു വീട് എടുത്ത് താൽക്കാലികമായി താമസിക്കുവാൻ പോകുന്നതായും ആത്മ സുഹൃത്തായി മാറിക്കഴിഞ്ഞ ഇംഗ്റിഡ് തന്റെ മുറിക്ക് തൊട്ടടുത്ത മുറിയിൽ ചുരുങ്ങിയ കാലത്തേക്കുള്ള താമസത്തിന് കൂട്ടുാവണമെന്നും അവരെ നിർബന്ധിച്ച് സമ്മതിപ്പിക്കുന്നു.

ഇത്തരമൊരു താമസത്തിന് തന്നിൽ നിന്നും അകന്നു ജീവിക്കുന്ന മകളെയോ തിരക്കു പിടിച്ചതും തനിക്കുവേണ്ടി സമയം കണ്ടെ ത്താൻ കഴിയാത്തതും തന്റെ ആത്മവത്ത യുടെ ഭാഗമാകാത്തതുമായ സുഹൃത്തുക്ക ളെയോ തനിക്ക് തിരഞ്ഞെടുക്കാൻ കഴിയു ന്നില്ലെന്നും അവർ പറയുന്നു. അങ്ങനെ ന്യൂയോർക്കിന് സമീപത്തുള്ള വുഡ്സ്റ്റോക്ക് എന്ന സ്ഥലത്ത് (1960 കളിലെ ഹിപ്പി പ്രസ്ഥാനത്തിന്റെ സംഗമ ഭൂമിയായിരുന്നു ഈ പ്രദേശം എന്നോർക്കുന്നു)  ഒരു മാസത്തേക്ക്  വാടക നൽകിയെടുത്ത മനോഹരമായ വില്ലയിലേക്ക് മാനസികമായി ഇണങ്ങിക്കഴിഞ്ഞ അവർ രണ്ടുപേരും ചേർന്ന് പോകുന്നു.

പരസ്പരമുള്ള ദീർഘമായ സംഭാഷണങ്ങൾ, പ്രകൃതി ഭംഗി ആസ്വദിച്ചു കൊണ്ട് പതിയെ യുള്ള നടത്തങ്ങൾ, ഇഷ്ടപ്പെട്ട കൃതികളെ കുറിച്ചുള്ള ചർച്ചകൾ, സംഗീതം എന്നിവ കൊണ്ട് നിറഞ്ഞതായിരുന്നു അവരുടെ ദിനങ്ങൾ. എഴുത്തുകാരിൽ ഫോക്നറും ജോയിസും ഹെമിംഗ്വേയും ഒക്കെ പ്രിയ എഴുത്തുകാരായി ചർച്ച ചെയ്യപ്പെടുന്നു. ഭക്ഷണം, വേഷവിധാനം, ലൈംഗികത, രോഗം, മരണം എല്ലാം അവരുടെ ദീർഘ മായ സംഭാഷണത്തിൽ പരാമർശിക്ക പ്പെടുന്നു. അടുത്തുള്ള ബുക്ക് സ്റ്റോറിൽ എത്തുമ്പോൾ എലിസബെത്ത് ടെയ്ലറുടെ യും റിച്ചാർഡ് ബർട്ടന്റെയും  പ്രണയവും



കലഹവും നിറഞ്ഞ ബന്ധത്തെ അധികരിച്ച് എഴുതപ്പെട്ട 'Erotic Vagrancy' എന്ന കൃതി താല്പര്യത്തോടെ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും തന്റെ ഇപ്പോഴത്തെ അവസ്ഥയിൽ വായിക്കാൻ കഴിയുന്നില്ലെന്ന് മാർത്ത പറയുന്നു.



ഒരു യുദ്ധ റിപ്പോർട്ടർ ആയിരുന്ന മാർത്ത യുദ്ധരംഗത്തെ കെടുതികളെക്കുറിച്ച് പറയുന്നുണ്ട്. പുരുഷകേന്ദ്രീകൃതമായ ഒന്നാണ് യുദ്ധം എന്ന കോപ്രായമെന്നും ഇതിനിടയിൽ പുരുഷന്മാർ തമ്മിൽ ഉണ്ടാകുന്ന ശാരീരികാകർഷണങ്ങൾ യുദ്ധത്തിന്റെ ക്രൂരതകൾക്കെതിരെയുള്ള സമരായുധമായി കാണണമെന്നും അവർ പറയുന്നു.

ആത്മസുഹൃത്തുമൊത്തുള്ള ഉള്ളു തുറന്ന സംഭാഷണങ്ങൾ, ശാരീരിക സ്പർശങ്ങൾ, രാത്രിയും പകലുമുള്ള പ്രകൃതിഭാവങ്ങളെ ഒത്തു ചേർന്ന് ആസ്വദിക്കൽ ഇവയൊക്കെ മാർത്തയെ ഉല്ലാസവതിയാക്കിയതായി അനുഭവപ്പെടുന്നു. ഇൻഗ്രിഡ് ശാരീരികമായി ദുർബലയായി കാണപ്പെട്ട തന്റെ പ്രിയ സുഹൃത്തിനെ ചേർത്തുപിടിച്ച് ചുംബിക്കുന്ന രംഗം അതീവമനോഹരം.

ഒരു രാത്രിയിൽ ജനലിൽ കൂടി നോക്കുമ്പോൾ മഞ്ഞിന്റെ അടരുകൾ ഭൂമിയിൽ പതിക്കുന്ന മനോഹരമായ കാഴ്ച അവരിരുവരും കാണുന്നു. എമ്പാടും ധൂളികളായി പാറി വീഴുന്ന മഞ്ഞിൻകണങ്ങളെ നോക്കിക്കൊണ്ട് ജെയിംസ് ജോയിസിന്റെ വിഖ്യാതമായ 'Dead' എന്ന കഥയുടെ അന്ത്യഭാഗങ്ങൾ വായിക്കാൻ അവർ ഇംഗ്രിഡിനോട് ആവശ്യപ്പെടുന്നു. മൃതരായവർക്കും ജീവിച്ചിരിക്കുന്നവർക്കും മേലെ ഒരുപോലെ പാറി വീണ് ഇല്ലാതായിത്തീരുന്ന മഞ്ഞിൻ കണങ്ങളെ കുറിച്ച് വിവരിക്കുന്ന കഥയിലെ ആ ഭാഗം തന്റെ മാനസികാവസ്ഥയുമായി ബന്ധപ്പെടുത്തി വാക്കുകൾ മാറ്റിക്കൊണ്ട് മാർത്ത ഒരിക്കൽ കൂടി ഉരുവിടുന്ന രംഗം അവിസ്മരണീയം.

രോഗം മനുഷ്യനെന്ന നിലയിലുള്ള തന്റെ അന്തസ്സിനെ നശിപ്പിച്ച് തന്നെ കീഴ്പ്പെടുത്തി ഇല്ലാതാക്കുന്നതിന് മുൻപ് തന്റെ ജീവിതം തന്റെ കൈകളിലാണെന്ന് തെളിയിച്ചുകൊണ്ട് മരിക്കാനാണ് അവർ നിശ്ചയിച്ചത്. തന്റെ അന്ത്യ ദിനങ്ങൾ സന്തോഷപ്രദമാക്കാനും അന്ത്യത്തിന് സാക്ഷിയാവാനും വേണ്ടിയാണ് കൂട്ടുകാരിയെ അവർ തിരഞ്ഞെടുത്തത്. ചികിത്സയുമായി ബന്ധപ്പെട്ട അടയാളങ്ങൾ ഒക്കെ അവർ തന്റെ ശരീരത്തിൽ നിന്നും നീക്കിക്കളയുന്നു. ശരീരത്തെ സുന്ദരമാക്കി, നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ ധരിച്ച് കോൺട്രാസ്റ്റ്കളേഴ്സിനാൽ മനോഹരമാക്കപ്പെട്ട സോഫയിൽ കിടക്കുന്ന മാർത്ത അന്ന് രാത്രിയിൽ

KX Pharma
9995811166
Your Prescription Delivered Anytime Anywhere...

താൻ കരുതി വച്ചിരുന്ന യൂത്തനേഷ്യയ്ക്ക് (മേഴ്സി കില്ലിംഗ്) ഉപയോഗിക്കുന്ന മരുന്ന് കഴിച്ച് ജീവിതത്തിന് അന്ത്യം കുറിക്കുന്നു .

പിറ്റേദിവസം ഇൻഗ്രിഡിനെ ചോദ്യം ചെയ്യുന്ന അന്വേഷണസംഘത്തോട് മരണാസന്നയായ സുഹൃത്തിന് ഉല്ലാസ പ്രദമായ ജീവിതം ഏതാനും ദിവസത്തേ ക്കാണെങ്കിലും നൽകാൻ കൂട്ട് നിന്നതിൽ തനിക്ക് കുറ്റബോധം ഇല്ലെന്നും അവർ ഇത്തരത്തിൽ ജീവിതം ഒടുക്കുമെന്ന് അറിയുമായിരുന്നില്ലെന്നും ഇംഗ്രിഡ് വെളിപ്പെടുത്തുന്നു .മാർത്തയുടെ മകളെ വിളിച്ചുവരുത്തി മാർത്ത കിടന്നിരുന്ന സോഫയിൽ കിടന്ന മകളും ഇംഗ്രിഡും മാർത്തയെക്കുറിച്ചുള്ള ദീപ്ത സ്മരണകൾ പങ്കിടുന്നിടത്ത് ചിത്രം അവസാനിക്കുന്നു.

സ്പെയിനിൽ കാളയോട് ഏറ്റുമുട്ടി വിജയിക്കുകയും പരാജയപ്പെട്ട് മരണം വരിക്കുകയും ചെയ്യുന്ന മെറ്റഡോർമാരെ കഥാപാത്രങ്ങളാക്കി സിനിമ നിർമ്മിച്ചിട്ടുള്ള അൽമൊദോവർ മരണത്തിനു മുൻപിൽ സ്വാഭാവികമായ കീഴടങ്ങലിന് വിധേയമാ കാൻ വിസമ്മതിച്ച ഇത്തരമൊരു കഥാപാത്ര ത്തിനെ തിരഞ്ഞെടുത്തതിൽ അത്ഭുതമില്ല. ആൽബേർ കമ്മ്യൂവിന്റെ നാടകങ്ങളിലെ പോലെ 'സ്വരം നന്നായിരിക്കുമ്പോൾ പാട്ട് അവസാനിപ്പിക്കുക' എന്ന ആപ്ത വാക്യം അനുസ്മരിപ്പിക്കുന്ന തരത്തിൽ സ്വന്തം ജീവിതത്തോട് ധൈര്യപൂർവ്വം വിട പറഞ്ഞു പോകുന്ന കഥാപാത്രങ്ങളെ അനുസ്മരിപ്പിച്ചു മാർത്തയുടെ ജീവിതം.



'What are you going through' എന്ന ജന പ്രിയ നോവൽ അടിസ്ഥാനമാക്കി ചിത്രീ കരിച്ച ഈ സിനിമയിൽ ടിൽഡാ സ്വിന്റൻ, ജൂലിയൻ മൂർ എന്നീ പ്രശസ്ത ഹോളിവുഡ് -ഇംഗ്ലീഷ് നടിമാരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചത്. പശ്ചാത്തലം,ഫോട്ടോഗ്രാഫി, സംഗീതം ഇവയിൽ ഒക്കെ ഹോളിവുഡ് സ്പർശം ഉണ്ടെങ്കിലും വേറിട്ട് നിൽക്കുന്ന അനുഭവം പ്രദാനം ചെയ്യുന്നു എന്നതിനാൽ മികച്ച ചിത്രമായി ഈ സിനിമ നിലകൊള്ളുന്നു. അഞ്ചു വർഷങ്ങൾക്ക് മുൻപ് ഫിൽക്ക ഫിലിം സൊസൈറ്റി നടത്തിയ ഏഴ് പെഡ്രോ അൽമൊദോവർ ചിത്രങ്ങളുടെ മേളയുടെയും 2020 - ലെ IFFK മേളയിൽ പ്രേക്ഷകശ്രദ്ധയ ാകർഷിച്ച 'പെയിൻ ആന്റ് ഗ്ലോറി' എന്ന അൽമൊദോവർ സിനിമയുടെയും ഓർമ്മയു ണർത്തി ഈ സിനിമ. ●

KX Pharma
9995811166
Your Health needs delivered right to Door steps, Hassle - free...

# മരുഭൂമി പൂക്കുന്ന കാലം



**സാം ആന്റണി**
ഫിൽക്ക




**ഫ്ലൈറ്റ് 404**
ഈജിപ്ത്,അറബിക് , 2024
ഡയറക്റ്റർ - ഹാനി ഖലീഫ .

മാന്യമായി തൊഴിൽ ചെയ്തു ജീവിക്കുന്ന ഒരു യുവതിയുടെ ജീവിതം അവൾ ഒരു പുണ്യ യാത്രയ്ക്ക് തയ്യാറെടുക്കുമ്പോൾ ഉണ്ടാകുന്ന അപ്രതീക്ഷിത സംഭവം കൊണ്ട് തകിടം മറിയുന്നതും, അവളുടെ കഴിഞ്ഞ കാല ജീവിതത്തിലെ പുഴുക്കുത്തുകൾ പൈശാചികതയോടെ അവളെ ആക്രമിക്കുന്നതും, അവൾ അതിനെയൊക്കെ എങ്ങനെ നേരിടുന്നു എന്നുള്ളത് ആണ് സിനിമയുടെ പ്രമേയം.

സിനിമയിലെ തുടർന്നുള്ള സംഭവങ്ങൾ അവളുടെ ജീവിതത്തിലുണ്ടായിട്ടുള്ള പുഴുക്കുത്തുകൾക്കും താളപ്പിഴകൾക്കും പിന്നിലുള്ള കാരണങ്ങൾ വ്യക്തമാക്കുന്നു. തങ്ങൾ സ്നേഹിക്കുന്നവർക്ക് വേണ്ടി യിട്ട് സ്വന്തം ജീവിതം തന്നെ ഉഴിഞ്ഞ് വയ്ക്കുന്നവർക്ക് സംഭവിക്കുന്ന കൈപ്പേറിയ അനുഭവങ്ങളും, നഷ്ടങ്ങളും തകർച്ചകളും ഒക്കെ ഗദ്ദയുടെ ജീവിതത്തിലും ഉണ്ടാകുന്നുണ്ട്. പഴയ വഴികളൊക്കെ വിട്ട് നേരിന്റെയും നന്മയുടെയും വിശുദ്ധിയുടെയും ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന അവളെ ദുരിതത്തിലേക്ക് വീണ്ടും തള്ളി വിടുന്നത് അവളുടെ സ്വന്തം മാതാപിതാക്കൾ തന്നെയാണ്. തങ്ങളുടെ സ്വാർത്ഥതയ്ക്കും സുഖലോലുപതയ്ക്കും വേണ്ടി സ്വന്തം മകളുടെ ജീവിതം തന്നെ ഹോമിക്കാൻ തയ്യാറായ അവർ രണ്ടുപേരോടും അവൾ പൊട്ടിത്തെറിക്കുന്നുണ്ട്. തങ്ങളുടെ ജീവിതത്തിലെ ആരുമാകട്ടെ, അത് അച്ഛനോ ,അമ്മയോ,കാമുകനോ,മകനോ,ഭാര്യയോ , ഭർത്താവോ , ആരു തന്നെയായിക്കോട്ടെ, അവർ അവരുടെ കടമകൾ ചെയ്യാതിരിക്കുകയും, തങ്ങളെ വെറും ഉപഭോഗ വസ്തുവായി മാത്രമാണ് കണക്കാക്കുകയും, സ്വന്തം സുഖവും, സംതൃപ്തിയും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ, അവർ ആ



പദവിക്കോ, ബഹുമാനത്തിനൊ യോഗ്യരല്ല എന്ന് ഈ ചിത്രം പറഞ്ഞു വയ്ക്കുന്നു. ഒപ്പം തങ്ങളുടേതായ വ്യക്തിത്വത്തിനും, അവകാശങ്ങൾക്കും ജീവിതത്തിനും വേണ്ടി പോരാടാൻ ഒരാളും ഒരു തരത്തിലും മടിക്കരുത് എന്നും ഏറ്റവും നെഗറ്റീവായ സന്ദർഭങ്ങളിൽ പോലും ഒരു വ്യക്തി എത്രമാത്രം കരുത്തോടെയും, പ്രതീക്ഷയോടെ യും തന്റെ വിശ്വാസങ്ങളെ മുറുകെപ്പിടിച്ച് മുന്നോട്ടു പോക ണമെന്നും ഈ ചിത്രം പറയുന്നു.



ഒരു റിയൽ എസ്റ്റേറ്റ് കമ്പനിയുടെ സെയിൽസ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ഗദ്ദ എന്ന ഈജിപ്ഷ്യൻ യുവതി ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനായി മക്ക യിലേക്ക് പോകാൻ ഫ്ലൈറ്റ് 404-ൽ ടിക്കറ്റ് ബുക്ക് ചെയ്ത് കാത്തിരിക്കുകയാണ്. യാത്ര യ്ക്ക് ദിവസങ്ങൾ മാത്രം ബാക്കിയുള്ളതി നാൽ പോകുന്നതിനു മുമ്പുള്ള തന്റെ ജോലികൾ ഒതുക്കാൻ ഉള്ള തത്രപ്പാടിലാണ് അവൾ. വലിയ തുക മുടക്കി ഹജ്ജ് യാത്രക്ക് തയ്യാറെടുക്കുകയാണ് തന്റെ മകൾ എന്നറി ഞ്ഞ ഗദ്ദയുടെ അമ്മ അവളുടെ ഓഫീസിന്റെ മുന്നിലെ റോഡിൽ വച്ച് ആ പണം തനിക്ക് അവകാശപ്പെട്ടതാണെന്നും, അത് തനിക്ക് വേണമെന്നും പറഞ്ഞു ഒരു ഭ്രാന്തിയെ പോലെ വഴക്കുണ്ടാക്കുന്നു. സഹികെട്ട ഗദ്ദ അവരെ പിടിച്ച് തള്ളിയിട്ട് റോഡ് മുറി ച്ചു കടക്കുന്നു. അവളുടെ പിന്നാലെ പായുന്ന അമ്മയെ ഒരു കാർ ഇടിച്ചു വീഴ്ത്തുന്നു. ആശുപത്രിയിൽ എത്തിക്കപ്പെട്ട അവർക്ക് ഒരു മേജർ സർജറി വേണ്ടി വന്നേക്കുമെന്നും അതിന് വൻതുക വേണ്ടി വരുമെന്നും അറിയുന്ന ഗദ്ദ തന്റെ യാത്ര മുടങ്ങി യേക്കുമെന്നുള്ള ഭയം കൊണ്ട് ആശുപ ത്രിയിൽ നിന്നും ഇറങ്ങിപ്പോകുന്നെങ്കിലും തന്റെ ആവശ്യം അവിടെ വന്നേക്കുമെന്ന അസ്വസ്ഥപ്പെടുത്തുന്ന ചിന്തയോടെ തിരികെ വരുന്നു.തന്നോട് ക്രൂരമായി പെരുമാറിയ അമ്മയോട് അവൾക്ക് പുറമേ ദേഷ്യം ഉണ്ടെങ്കി ലും ഉള്ളിന്റെ ഉള്ളിൽ എവിടെയോ അല്പം സ്നേഹം ബാക്കി നിൽക്കുന്നുണ്ട് എന്ന് നമുക്ക് ബോധ്യ മാവും.

അമ്മയെ ചികിത്സിക്കാനുള്ള പണം കണ്ടെത്താനായി അവൾ ഓട്ടം ആരംഭി ക്കുന്നു. താൻ വളരെയേറെ ആഗ്രഹിച്ചു വാങ്ങിച്ച തന്റെ എസ്.യു.വി വിൽക്കാൻ അവൾ ശ്രമിക്കുന്നെങ്കിലും വളരെ കുറച്ച് പണം മാത്രമേ അതിന് ലഭിക്കുക യുള്ളൂ എന്നുള്ള അറിവ് അവളെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. ഹജ്ജിനായി അടച്ചിരിക്കുന്ന പണം തിരികെ എടുത്താ ലോ എന്നും അവൾ ചിന്തിക്കുന്നു്. തുടർന്ന് താൻ മുൻപ് ജോലി ചെയ്തിരുന്ന നൈറ്റ് ക്ലബ്ബിലെ ചുമതലക്കാരിയായിരുന്ന സ്ത്രീ യെയും അവൾ വിളിക്കുന്നു. അവൾ ആവശ്യപ്പെടുന്ന പണം കൊടുക്കാൻ ആ സ്ത്രീ തയ്യാറാവുന്നു. അവർ കൊടുത്ത



പണത്തിന്റെ ചെക്കുമായി സന്തോഷത്തോടെ പുറത്തേക്ക് പോകുന്ന ഗദ്ദയുടെ കാറിന്റെ എതിരെ വന്ന ഒരു ലക്ഷ്വറി കാർ അവളുടെ വാഹനത്തെ കടന്ന് ഉള്ളിലേക്ക് പോകുന്നുണ്ട്. ആശുപത്രി ലക്ഷ്യമാക്കി വണ്ടി ഓടിച്ചു കൊണ്ടിരുന്ന ഗദ്ദയെ നൈറ്റ് ക്ലബ്ബിലെ സ്ത്രീ തിരികെ വിളിക്കുന്നു. തിരികെ പോകുന്ന വഴിക്ക് നമ്മുടെ ഒരു പഴയ കസ്റ്റമർ നിന്നെ കണ്ടു എന്നും അയാളോടൊത്ത് ഒരു രാത്രി ചെലവിടാൻ നീ തയ്യാറാകണമെന്നും അവർ പറയുന്നു.

'സൗഹൃദത്തിന്റെ പുറത്താണ് ഈ പണം നീ എനിക്ക് തന്നത് എന്നും ഈ പണത്തിനു വേണ്ടി ആരുടെയെങ്കിലും ഒപ്പം ചെലവിടാൻ ഞാൻ തയ്യാറല്ല ' എന്നും അവൾ പറയുന്നു. വല്ലാത്ത നിരാശയോടും ദേഷ്യത്തോടും വിഷമത്തോടും കൂടിയാണ് ഗദ്ദ അവിടെനിന്ന് പുറത്തു പോകുന്നത്.



തന്റെ പഴയകാല ജീവിതത്തിൽ താനുമായി സൗഹൃദം ഉണ്ടായിരുന്ന ചില കസ്റ്റമേഴ്സിനെ സഹായത്തിനായി വിളിക്കാൻ അവൾ തീരുമാനിക്കുന്നു. അങ്ങനെ വിളിക്കുന്ന കൂട്ടത്തിൽ തന്റെ ജീവിതത്തിലെ ആദ്യ പുരുഷനും കാമുകനും ആയിരുന്ന ആളെയും അവൾ ആളറിയാതെ വിളിക്കുന്നു. താൻ ആരുമായാണ് സംസാ



രിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ ഗദ്ദ അയാളുടെ ഓഫീസിൽ ചെന്ന് അയാളെ കാണുന്നു. പണക്കാരിയായ മറ്റൊരു പെൺകുട്ടിക്ക് വേണ്ടി തന്നെ ചതിച്ചു കടന്നു കളഞ്ഞ അയാളോടുള്ള കാലാകാലങ്ങളായുള്ള ദേഷ്യവും സങ്കടവും അവൾ പറഞ്ഞു തീർക്കുന്നു. അവൻ പുറത്തേക്കിറങ്ങുന്ന സമയത്ത് തന്നെ അയാളുടെ ഭാര്യ അവിടേക്ക് വരുന്നത് കണ്ട ഗദ്ദ ആ അവസരം മുതലെടുക്കുന്നു. ഗദ്ദയും തന്റെ ഭർത്താവുമായി അവിഹിതബന്ധം ഉണ്ടെന്ന് തെറ്റിദ്ധരിക്കുന്ന അയാളുടെ ഭാര്യയെയും അയാളെയും വിട്ട് ഒരു പ്രതികാരം ചെയ്ത സംതൃപ്തിയോടെ അവൾ ഇറങ്ങിപ്പോകുന്നു.

തുടർന്ന് അവൾ വിളിക്കുന്നത് ഒരിക്കൽ തന്റെ കസ്റ്റമറും പിന്നീട് തന്റെ ഭർത്താവുമായിരുന്ന മനുഷ്യനെയാണ്. അയാളുടെ വിളിയിൽ എത്തുന്ന ഗദ്ദ മയക്കുമരുന്നു ലഹരിയിൽ ഉന്മത്തനായ നിൽക്കുന്ന അയാളെയാണ് കാണുന്നത്. അയാൾ അവൾക്ക് പണം കൊടുക്കാൻ തയ്യാറാകുന്നു. എങ്കിലും തങ്ങളുടെ കഴിഞ്ഞ കാലത്തെ കുറിച്ചുള്ള സംസാരം അവർ തമ്മിലുള്ള വലിയ സംഘർഷത്തിന് ഇടയാക്കുന്നു. മയക്കുമരുന്നു കേസിൽ



ജയിലിൽ പോയ അയാൾക്ക് അവൾ വിവാഹമോചന നോട്ടീസ് അയച്ചതും അവൾ ഗർഭം അലസിപ്പിച്ചതും മറ്റും പറഞ്ഞു അവർ തമ്മിൽ വലിയ വഴക്കാവുന്നു. ഒടുവിൽ അയാളുടെ പണം വേണ്ട എന്നു വച്ച് ഗദ്ദ അവിടെ നിന്ന് ഇറങ്ങിപ്പോകുന്നു.തന്റെ കാർ കിട്ടിയ വിലക്ക് വിൽക്കാം എന്ന് വിചാരിക്കുന്ന ഗദ്ദയോട് അവളുടെ പഴയ പെൺ സുഹൃത്ത് മുൻപ് പറഞ്ഞതിലും കുറഞ്ഞ വില പറയുന്നു. അവളും അവളുടെ കാമുകനും ചേർന്ന് തന്നെ പറ്റി ക്കുകയാണെന്ന് മനസ്സിലാക്കുന്ന ഗദ്ദ അവളോട് പൊട്ടിത്തെറിക്കുന്നു. ഇതിനിടയ്ക്ക് നൈറ്റ് ക്ലബ്ബിൽ പോകാൻ തയ്യാറാകാതിരുന്ന ഗദ്ദയുടെ ജോലി നഷ്ടപ്പെടുന്നുമുണ്ട്.

വേറെ നിവൃത്തിയില്ലാതെ തന്റെ മക്ക യാത്രയ്ക്ക് അടച്ചിരുന്ന പണം തിരികെ വാങ്ങിയാലോ എന്ന ചിന്ത അവൾക്ക് വരുന്നു. ട്രാവൽ ഏജൻസിയിൽ പോകുന്നെങ്കിലും ഹജ്ജിനു പോകണമെന്ന് അടങ്ങാത്ത ആഗ്രഹം അവളെ പണം തിരികെ വാങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. തിരികെ വരുന്ന വഴിക്ക് മുറിയിലേക്ക് പോകാൻ നിവൃത്തിയില്ലാതെ നിൽക്കുന്ന അന്ധയായ ഒരു വൃദ്ധയെ അവൾ കാണുന്നു. അവരെ അവരുടെ ഫ്ലാറ്റിൽ ആക്കിയ ശേഷം തിരികെ വരാൻ തുടങ്ങുന്ന ഗദ്ദയോട് അവർ തന്റെ ഗുളിക എടുത്തു തരാൻ ആവശ്യപ്പെടുന്നു. മരുന്നെടുക്കാനായി ഉള്ളിലെ മുറിയിലേക്ക് പോകുന്ന ഗദ്ദ മുറിയിലെ മേശപ്പുറത്ത് തുറന്നു കിടക്കുന്ന സ്വർണാഭരണങ്ങളുടെ പെട്ടിയിലെ വൻ ശേഖരം കണ്ട് അന്തംവിട്ടു പോകുന്നു.

അവിടെനിന്നു പുറത്തു കടക്കുന്ന ഗദ്ദക്ക് ഒരു ഫോൺ കോൾ വരുന്നു. ഒരുവൻകിട പാർട്ടിയുമായുള്ള വസ്തു ഇടപാട് നടത്തിക്കൊടുത്താൽ അവളുടെ പ്രശ്നങ്ങൾ തീർക്കാൻ തക്കവണ്ണം മാത്രമുള്ള ഒരു വലിയ തുക കമ്മീഷൻ ആയി കിട്ടും എന്നതായിരുന്നു ആ ഫോൺ കോളിന്റെ ഉള്ളടക്കം. ഒരു ഇടനിലക്കാരനുമായി വിൽപ്പനയ്ക്കുള്ള പ്ലോട്ടിലേക്ക് പോകുന്ന ഗദ്ദ നല്ല തുകയ്ക്ക് ആ കച്ചവടം ഉറപ്പിക്കുന്നു. സന്തോഷത്തോടെ തിരികെ വരുന്ന വഴിക്ക് ഒരു ഫോൺകോൾ വരികയും ആ ഡീൽ ക്യാൻസലായി എന്ന വാർത്ത അറിയുകയും ചെയ്യുന്നു. അതിന്റെ ദേഷ്യത്തിൽ ഇടനിലക്കാരൻ അവളെ മരുഭൂമിയിലെ ഒരു ഉൾപ്രദേശത്തേക്ക് കൊണ്ടുപോയി ആക്രമിക്കുകയും ബലാൽകാരം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു. അയാളെ ശക്തമായ് എതിർക്കുന്ന ഗദ്ദയുടെ നേരെ അവളുടെ ബാഗ് വലിച്ചെറിഞ്ഞ് അയാൾ അവിടെനിന്ന് വണ്ടിയോടിച്ചു പോകുന്നു.

ആ ബാഗിൽ നിന്ന് വൃദ്ധയുടെ സ്വർണാഭരണങ്ങൾ ചുറ്റിനും തെറിച്ചു വീഴുമ്പോഴാണ് ഗദ്ദ ആഭരണങ്ങൾ അവിടെ നിന്നും മോഷ്ടിച്ചു എന്ന് നമ്മൾ അറിയുന്നത്. തന്റെ





ദുര്യോഗങ്ങളെയും കഴിഞ്ഞകാല ജീവിതത്തിലെ തെറ്റുകളെയും ഒക്കെ ഓർത്തു കൊണ്ട് കരഞ്ഞു കൊണ്ട് ആ മരുപ്രദേശത്തു കൂടി നടക്കുന്ന ഗദ്മക്ക് തൊഴിലാളികളുമായി പോകുന്ന ഒരു ബസ് സഹായത്തിന് എത്തുന്നു. തിരികെ വൃദ്ധയുടെ ഫ്ലാറ്റിൽ എത്തുന്ന ഗദ്ദ അവർക്കു മുമ്പിൽ കരഞ്ഞു കൊണ്ട് തന്റെ തെറ്റുകൾ ഏറ്റു പറയുന്നു. അവിടെ നിന്നും പോകുന്ന ഗദ്ദ അമ്മയുടെ ചികിത്സയ്ക്കായി പണം സ്വരൂപിക്കാൻ വേറെ വഴിയില്ല എന്ന് കണ്ട് നൈറ്റ് ക്ലബ്ബിലേക്ക് പോകാൻ തീരുമാനിക്കുന്നു.

ശരീരഭാഗങ്ങൾ വെളിപ്പെടുത്തുന്ന ഡ്രസ്സ് ധരിച്ച് അവൾ നൈറ്റ് ക്ലബ്ബിൽ എത്തുന്നു. അവളെ കണ്ടു ക്ലബ്ബിലെ സ്ത്രീ പുച്ഛത്തോടെയും എന്നാൽ സന്തോഷത്തോടെയും കൂടി അവളെ സ്വീകരിക്കുന്നു. ക്ലയന്റിന്റെ മുറിയിലേക്ക് അയക്കപ്പെടുന്ന അവൾ അതിനുള്ളിൽ കയറി അയാൾക്കായി കാത്തിരിക്കുമ്പോൾ അവൾക്ക് മുന്നിലെത്തുന്നത് അവളുടെ പഴയ ഭർത്താവാണ്.

ക്ലബ്ബിൽ നിന്ന് ചെക്കുമായി അവൾ പുറത്തേക്ക് പോയപ്പോൾ അവൾക്കെതിരെ വന്ന വാഹനത്തിൽ ഉണ്ടായിരുന്നത് താനാണെന്ന് അയാൾ പറയുന്നു. പണത്തിനായി അവൾ തന്റെ പഴയ തൊഴിലിലേക്ക് തിരികെ വരുമോ  എന്നറിയാൻ വേണ്ടിയാണ് താൻ അങ്ങനെ ചെയ്തതെന്ന് അയാൾ പറയുന്നു. അയാളുമായി ബന്ധത്തിൽ ആയതിനു ശേഷം താൻ ഒരിക്കലും മറ്റൊരു പുരുഷനോടൊപ്പം കഴിഞ്ഞിട്ടില്ല എന്ന് അവൾ പറയുന്നു. തന്റെ കുട്ടിക്കാലത്ത് പല പുരുഷന്മാരോടൊത്ത് കഴിഞ്ഞിരുന്ന സ്വന്തം അമ്മയെപ്പറ്റി അയാൾ അവളോട് പറയുന്നു. അയാളുടെ അവസ്ഥകൾ മനസ്സിലാക്കിയ അവൾ അയാളെ ആശ്വസിപ്പിക്കുകയും  പുറത്തു പോകാനായി തിരിയുകയും ചെയ്യുമ്പോൾ അവൾക്ക് ആവശ്യമുള്ളത്ര പണം അവളുടെ കയ്യിൽ അയാൾ നിർബന്ധിച്ച് ഏൽപ്പിക്കുന്നു.

ആശ്വാസത്തോടെയാണ് അവൾ ആശുപത്രിയിൽ എത്തുന്നത്. എന്നാൽ ആശുപത്രിയിലെ പണം ആരോ അടച്ചു കഴിഞ്ഞു എന്നു പറഞ്ഞത് കേട്ട് അവൾ അത്ഭുതപ്പെടുന്നു. അത് ചെയ്തത് തന്റെ ആദ്യ കാമുകനായിരുന്നു എന്നറിഞ്ഞ് ആശ്ചര്യത്തോടെ നിൽക്കുന്ന അവളോട് ‘ ഞാൻ ഇത്രയെങ്കിലും നിനക്ക് വേണ്ടി ചെയ്യേണ്ടതല്ലേ‘ എന്ന് അയാൾ ചോദിക്കുന്നു. ഭാര്യയെപ്പറ്റി ചോദിക്കുന്ന അവളോട് അതു സാരമില്ല അത് താൻ തന്നെ സംസാരിച്ചു ശരിയാക്കി കൊള്ളാമെന്ന് അയാൾ പറയുന്നു. ഫ്ലൈറ്റ് 404 എന്ന സിനിമ ഇവിടെ പൂർത്തിയാവുന്നു .

ഒരു സുന്ദരിയായ യുവതിയെ സ്വന്തം മാതാപിതാക്കളും,കാമുകനും, ഭർത്താവും, ഈ സമൂഹവും തന്നെ എങ്ങനെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്നു വെന്നും തന്റെ ജീവിതം തന്റേത് മാത്രമാണെന്നും, താൻ ഏറ്റവും നല്ല രീതിയിൽ വിശുദ്ധിയോടെ ജീവിക്കും എന്നും തീരുമാനമെടുക്കുന്ന ഏതൊരു വ്യക്തിക്കും, അത് എത്രതന്നെ പ്രതിസന്ധികൾ നേരിടേണ്ടി വന്നാലും, ശരിയായ നിലപാടുകൾ കൊണ്ടും, ശക്തമായ തീരുമാനങ്ങൾ




കൊണ്ടും,അചഞ്ചലമായ വിശ്വാസം കൊണ്ടും ആ ലക്ഷ്യം നേടിയെടുക്കാൻ സാധിക്കുമെന്ന് ഈ ചിത്രം പറഞ്ഞു വയ്ക്കുന്നു.

ഈജിപ്തിൽ കളക്ഷൻ റെക്കോർഡുകൾ തിരുത്തിയ ഒരു സിനിമ കൂടിയാണ് ഇത്. ബന്ധങ്ങളെ ചൂഷണം ചെയ്യുന്നവർക്ക് എതിരെയുള്ള വ്യക്തമായ പ്രതികരണം ആയിരുന്നു ഈ ചിത്രത്തിന്റെ വമ്പിച്ച വിജയം. മാതാപിതാക്കളെ കുറിച്ചുള്ള ക്ളീഷെകൾ തകർക്കുന്നതായിരുന്നു ഈ ഈ ചിത്രത്തിൽ കോർത്തിണക്കിയ സംഭവങ്ങളെല്ലാം തന്നെ. ബന്ധങ്ങളെ മുതലെടുക്കുന്നവർക്കുള്ള പ്രഹരം ഈ ചിത്രത്തിൽ പലതവണ ആവർത്തിക്കുന്നുണ്ട്. ഗദ്ദയുടെ അമ്മയുടെ സ്വാർത്ഥത തിരിച്ചറിയുമ്പോൾ അവൾ അവരെ തള്ളി വീഴ്ത്തിയതിൽ നമുക്ക് അവളെ കുറ്റപ്പെടുത്താനെ തോന്നുകയില്ല. എന്നു മാത്രമല്ല അവർ അവളോട് ചെയ്ത ക്രൂരതകൾ വച്ചു നോക്കിയാൽ അവർക്ക് കിട്ടേണ്ട ശിക്ഷ ഇതൊന്നുമല്ല എന്ന് നമുക്ക് തോന്നുകയും ചെയ്യും. ആ ആക്സിഡന്റും അതേ തുടർന്ന് ആശുപത്രിയിൽ അനക്കമറ്റു കിടക്കുന്ന അവരുടെ അവസ്ഥയും അവർക്ക് കിട്ടിയ ശിക്ഷയായി തന്നെയാകണം കാണിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ആ അർത്ഥത്തിൽ നോക്കിയാൽ ഈ ചിത്രം സ്വാർത്ഥരായ ചൂഷകർക്കുള്ള ശക്തമായ ഒരു താക്കീതാണ്.

ഒരു ത്രില്ലർ സ്വഭാവമുള്ള മെലോഡ്രാമാറ്റിക്ക് ഫാമിലി ഡ്രാമയാണ് ഫ്ലൈറ്റ് 404. വേഗത്തിൽ മാറി മാറി വരുന്ന, എക്സ്പ്ലോസീവ് ആയ സീനുകളിലൂടെയാണ് ഫ്ലൈറ്റ് 404 – ന്റെ യാത്ര. ശരിയായ ലൈറ്റിങ്ങും, മികച്ച ക്യാമറവർക്കും, കൃത്യമായ കാസ്റ്റിംഗ് കൊണ്ട് മികച്ച ദൃശ്യാനുഭവം തരുന്ന സിനിമയാണ് ഫ്ലൈറ്റ് 404.

**ഡയറക്ടർ: ഹാനി ഖലീഫ .**
**രചന : മുഹമ്മദ് റഗ .**
**സിനിമോട്ടോഗ്രാഫി : ഫൗസി ദാർവിഷ് .**
**മുഖ്യ കഥാപാത്രം : മോണ സാക്കി.**
**അവാർഡുകൾ : തുത്തൻകാമൻസ് സിൽവർ മാസ്ക് – സ്പെഷ്യൽ ജൂറി അവാർഡ് .**
**ലക്സർ ആഫ്രിക്കൻ ഫിലിം ഫെസ്റ്റിവൽ – മികച്ച നടി (മോണ സാക്കി)**



KX Pharma
9995811166
Your Health needs delivered right to Door steps, Hassle - free...

# അതിർത്തിയിലെ മുൾവേലിയിൽ കുരുങ്ങിയ ചിറകുകൾ



**ജിജോ ജേക്കബ്**
ഫിൽക്ക




**താരിക**
ബൾഗേറിയ(2024)
മിൽകോ ലാസരോവ

2024 ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ലൻ ഫിലിം ഫെസ്റ്റിവൽ അവാർഡ് നേടിയ ചിത്രമാണ് താരിക . 14 വയസ്സുള്ള കുട്ടിയാണ് താരിക. 'ബട്ടർഫ്ലൈ വിങ്സ് ' എന്ന രോഗം അമ്മയിൽ നിന്ന് താരികയ ്ക്ക് കിട്ടുന്നു. ബൾഗേറിയയിൽ ഉള്ള ഗ്രാമമാണ് പശ്ചാത്തലം.അവിടെ മൃഗങ്ങൾ കൂട്ടത്തോടെ ഒരു രോഗം ബാധിച്ച് മരണപ്പെടുന്നു. അവിടെയുള്ള എല്ലാ ദൗർഭാഗ്യങ്ങൾക്കും കാരണം താരികയാണെന്ന് ഗ്രാമവാസികൾ വിശ്വസിക്കുന്നു. അന്ധവിശ്വാസത്താൽ മനുഷ്യത്വം നഷ്ടപ്പെടുന്ന ഒരു ജനതയെ നമുക്ക് അവിടെ കാണുവാൻ സാധിക്കും. സമൂഹത്തിൽ വ്യത്യസ്തരായി ജനിക്കുന്നവരും ജീവിക്കുന്നവരും സമൂഹത്തിൽ നേരിടുന്ന ആക്രമണവും വെല്ലുവിളികളുമാണ് ഈ ചിത്രത്തിൽ നമുക്ക് തരുന്ന വെളിപാട്.

വ്യത്യസ്തതയെ സ്വീകരിക്കാത്ത ഗ്രാമത്തിൽ ജീവിക്കുന്ന താരികയുടെ വേദനകൾ നമുക്ക് കാണുവാൻ സാധിക്കും. 'ബട്ടർഫ്ലൈ വിങ്സ് ' എന്ന രോഗം ശാപമായും ചിലപ്പോൾ അനുഗ്രഹമായും മാറും എന്നത് ഒരു വാസ്തവം ആണ്. തങ്ങളുടെ ഗ്രാമത്തിലുള്ള ദൗർഭാഗ്യങ്ങൾക്ക് കാരണം നിഗൂഢതകളാൽ മൂടപ്പെട്ട താരിക ആണെന്ന് ഗ്രാമവാസികൾ വിശ്വസിക്കുന്നു. ബൾഗേറിയയിലേക്കുള്ള അഭയാർത്ഥി പ്രവാഹം പ്രതിരോധിക്കുന്നതിന് വേണ്ടി അവിടെ മുൾവേലികൾ കെട്ടുന്നു. മേയർ തന്റെ പ്രസംഗത്തിൽ നാടിന് ഭീഷണിയായ ഈ അഭയാർത്ഥിപ്രവാഹം തടുക്കും എന്ന് പ്രസ്താവിക്കുന്നുണ്ട്. അന്ധവിശ്വാസങ്ങൾ എങ്ങനെ ഒരു ജനതയുടെ അധ:പതനത്തിന് കാരണമാകുന്നു, ദൃശ്യമായ ലോകത്തിൽ നിന്ന് വേദന അനുഭവിക്കുന്ന താരിക അദൃശ്യമായ ലോകത്തിലേക്ക് ദൈവിക രൂപത്തിൽ യാത്രയാകുന്നു എന്നതാണ് ഈ ചിത്രം പൂർണ്ണമായി വരച്ചുകാട്ടുന്നത് .





പൊളിറ്റിക്കൽ മാജിക്കൽ റിയലിസവും വികാരതീവ്രമായ അവതരണവും കൊണ്ട് വ്യത്യസ്തമായ ശൈലിയിലാണ് ആഖ്യാനം . പ്രകൃതി ഭംഗിയെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന മനോഹരമായ ഒരു പെയിന്റിംഗ് പോലെയാണ് ഈ ചിത്രമെന്നു പറയാം .

അന്ധവിശ്വാസങ്ങളുടെ മധ്യേ വേദനയിലൂടെയും സഹനത്തിലൂടെയും ദൈവത്വം കൈവരിക്കുന്ന 14 വയസ്സുകാരി താരിക നമ്മളെ അത്ഭുതപ്പെടുത്തുന്നു.പർവ്വതങ്ങളുടെ പശ്ചാത്തലത്തിൽ താരികയുടെ വീട് സ്ഥിതി ചെയ്യുന്ന ഷോട്ടും, ക്ലൈമാക്സിൽ താരികയുടെ ചുറ്റും പൂമ്പാറ്റകൾ പറക്കുന്ന ഷോട്ടും, കൂട്ടത്തോടെ ആക്രമിക്കാൻ കയറുന്ന ഗ്രാമവാസികളും അവരുടെ അപ്രത്യക്ഷമാകലും ആവിഷ്ക്കരിക്കുന്ന ജംപ് ഷോട്ടുകളും ഈ ചിത്രത്തിന് ചാരുതയേകുന്നു. പ്രകൃതി ഭംഗിയും ഭീതിയും ഒരുമിച്ച് നിൽക്കുന്ന അന്തരീക്ഷ സൃഷ്ടിയ്ക്ക് ബ്രൈറ്റ് ആയിട്ടുള്ള കളർ പാലറ്റ് ആണ് സിനിമാട്ടോഗ്രാഫിയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇത് പ്രത്യാശയെ സൂചിപ്പിക്കുന്നു. അന്ധവിശ്വാസങ്ങളുടെ ഇടയിലും മനക്കരുത്തോടെ ജീവിക്കുന്ന ഒരു അച്ഛനെയും 14 വയസ്സുകാരി മകളെയും നമുക്ക്



KX Pharma
9995811166
Your Prescription Delivered Anytime Anywhere..




താരികയായും സക്കറി ബഹരോവ് അലിയായും ഇവാൻ മേയറായും അഭിനയിച്ചിരിക്കുന്നു. മനുഷ്യത്വത്തിനെ ആവിഷ്കരിക്കുക എന്നുള്ള ആഗ്രഹത്തിൽ നിന്നാണ് ഈ സിനിമ ജന്മമെടുത്തത്. എലിനേഷൻ (2013), സോഫമോർ (2018) എന്നിവയാണ് മറ്റ് ചിത്രങ്ങൾ. ലാസറോവ് മിക്കവാറും സാർവത്രികമായ പ്രമേയങ്ങളാണ് സംസ്കാരത്തിന്റെ സന്ദർഭങ്ങളിലൂടെ കഥയായി പറയാറുള്ളത്. ക്യാമറാമാൻ കലോൺ ബോസ്ലവ്, കോമ്പോസിഷനുകൾക്ക് പ്രാധാന്യം കൊടുത്ത് ലാൻഡ് ലാന്റ്സ്കേപ്പുകളെ മനോഹരമായി സിനിമാറ്റോഗ്രാഫിയിൽ അവതരിപ്പിച്ചിരിക്കുന്നു. മുപ്പതാമത് കൊൽക്കട്ട അന്തർദേശീയ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ റോയൽ ബംഗാൾ ടൈഗർ അവാർഡും, ഫിപ്രസ്കി അവാർഡും ഈ സിനിമ കൈക്കലാക്കിയിട്ടുണ്ട്. ●



KX Pharma
9995811166
A commitment to your Health and Wellbeing....-!

# കറുപ്പുതിർത്ത തീരം



**പി. കെ. ജയരാജൻ**
ഫിൽക്ക

**ഫോർമോസ ബീച്ച്**
ബ്രസീൽ - പോർട്ടുഗൽ (2024 )
സംവിധാനം : ജൂലിയ സർനോൺ




നൂറ്റാണ്ടുകളായ് നവമയുടെ വെളിച്ചം കയറാത്ത ഇരു പള്ളിയരമനയുടെ ദ്രവിച്ച വാതിൽ തള്ളിത്തുറന്ന്, വെളിച്ചം കുളിച്ചു നിൽക്കും വിശാല തെരുവിൽ , അവൾ - മുവൻസ തെളിഞ്ഞുവിരിഞ്ഞാടി .പത്തൊൻപതാം നൂറ്റാിൽ കോംഗോയി ൽ ജനിച്ച മുവൻസ അടിമക്കച്ചവടത്തിൽ പെട്ടാണ് ബ്രസീലിലെത്തുന്നത് . അവളിപ്പോൾ റിയോ ഡി ജനീറോയിലാണ് . അവളുടെ പിതാമഹർ ചോരയും നീരും തളിച്ച് കുഴച്ചു പാകപ്പെടുത്തിയ കറുത്ത മണ്ണാൽ കെട്ടിപ്പൊക്കിയ ഈടുറ്റ സംസ്ക്കാരഭൂമികയി ൽ, സാംബാ തീരം തീർത്ത ചുവടുകളിൽ സ്വതന്ത്രവായു ശ്വസിച്ച് അവൾ ആനന്ദനൃത്തം ചവിട്ടി. സാംബാ നൃത്തം! ഫോർമോസ ബീച്ചിലെ ഗോപുരങ്ങൾക്ക് പിന്നിൽ ഉയർന്നു നിൽക്കും മലമുടി യോളം വളർന്ന അവളുടെ തലയിലെ നൃത്ത കിരീടം മിന്നിത്തിളങ്ങി നിന്നു. ഫോർമോസ ബീച്ച് എന്ന ഈ ചിത്ര ത്തിലെ മനോഹര ദൃശ്യമാണിത്. കറുത്ത വർ അവരുടെ മണ്ണിൽ തീർത്തതാണ് ഫോർമോസ ബീച്ച്. പിന്നീട് വെള്ളക്കാരായ പള്ളിയും പട്ടക്കാരും വന്ന് ദൈവംചമഞ്ഞ്





അവരിൽ നിന്ന് തട്ടിയെടുത്തുണ്ടാക്കിയതാണ് ഇന്നത്തെ ബീച്ചെന്നാണ് ചിത്രം ഓർമ്മിപ്പിക്കുന്നത്.

മനോഹരമായൊരു ചലച്ചിത്രഭാഷ്യത്തിൽ ചമച്ചിരിക്കുന്ന പ്രമേയത്തിൽ മേൽമണ്ണ് നീക്കിയാൽ സിനിമയിൽ തെളിഞ്ഞു വരുന്നത് ,വെള്ളക്കാരുടെ വർണ്ണവെറിക്കെതിരെയുള്ള, കറുത്തവരുടെ , ഉയർന്ന വംശബോധമാണ്. കൊളോണിയൽ അടിമതത്തിന്റെ രാഷ്ട്രീയം.

നമ്മുടെ ആദിവാസി ചുവടുകളെ ഓർമ്മിപ്പിക്കുന്ന, നായികയുടെ നടു റോഡിലെ സാംബാ നൃത്തം,അധ്വാനം കഴിഞ്ഞെത്തുന്നവരുടെ അണപ്പിൽ നിന്നുയരുന്നതാണ് കല എന്നോർമ്മപ്പെടുത്തുന്നു .അല്ലെങ്കിൽ അധ്വാനമാണ് കലയുടെ ആധാരം എന്നുകൂടി വേണമെങ്കിൽ പറയാം.

90 മിനുട്ടുള്ള ഈ ബ്രസീൽ – പോർച്ചുഗൽ ചിത്രത്തിന്റെ സംവിധാനം നിർവ്വഹിച്ചത് ഒരു വനിതയാണ് – ജൂലിയ ഡി സർനോൺ . മായാത്ത പെണ്ണടയാളങ്ങൾ കൂടി വരച്ചു വെച്ചാണ് ഈ ചലച്ചിത്രമേള കടന്നുപോയത് !



KX Pharma
9995811166
A commitment to your Health and Wellbeing....-!

വോള്യം -7 ലക്കം -133 ഡിസംബർ 2024 മലയാളം - ഇംഗ്ലീഷ്

December Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

IFFK-2024 SPECIAL EDITION

KSFDC



# അമ്മമാരുടെ രക്ഷകൻ



**സഞ്ജു കളപ്പുരക്കൽ**
ഫിൽക്ക

**Semmelweis**
Hungary ( 2023)
Direction : Lajos Koltai

Hungarian Motion Picture Awards 2024 - Winner - Best Feature Film , Best Director , Best Supporting Actor , Best Supporting Actress , Best Original Score .




വിയന്നയിലെ മെറ്റേണിറ്റി ക്ലിനിക്കിൽ ആന്റിസെപ്റ്റിക് നടപടിക്രമങ്ങൾ അവതരിപ്പിച്ചതിന് **'അമ്മമാരുടെ രക്ഷകൻ'** എന്നറിയപ്പെടുന്ന ഹംഗേറിയൻ ഡോക്ടറെക്കുറിച്ചുള്ള ഒരു കാലഘട്ടത്തിന്റെ ജീവചരിത്രമാണ് **'സെമ്മൽവീസ്** '.

പത്തൊൻപതാം നൂറ്റാിലെ വിയന്നയിൽ, രോഗികളെ നശിപ്പിക്കുന്ന നിഗൂഢ മായ പകർച്ചവ്യാധിയായ പ്രസവ പനി യുടെ കാരണം അന്വേഷിക്കുന്നതിനി ടയിൽ, പ്രസവ ശുശ്രൂഷ നടത്തുകയും എന്നാൽ ദിവസേന കുഞ്ഞുങ്ങളുടെ പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്യുന്ന ഇഗ്നാക് സെമ്മൽവെയ്സ് എന്ന സൗമ്യ സ്വഭാവമുള്ള, എന്നാൽ വികാരാധീനനായ ഒരു ഡോക്ടറുടെ കഥയാണ് ചിത്രം പറയുന്നത്. ശിശുമരണം സംബന്ധിച്ച ദുരന്തവിഷയത്തിൽ ഗവേഷണം നടത്തുന്നതിൽ നിന്ന് അവന്റെ മേലുദ്യോഗസ്ഥൻ അവനെ വിലക്കുകയും ഓരോ വഴിത്തിരിവിലും അവനെ മറികടക്കാൻ അയാളുടെ വലംകൈയെ അയയ്ക്കുകയും ചെയ്യുന്നു. എമ്മ ഹോഫ്മാൻ എന്ന ഒരു യുവ മിഡ്‌വൈഫിനെയും അയാൾ തന്നെ ചാരപ്പണി ചെയ്യാൻ നിർബന്ധിക്കുന്നു.

എന്നാൽ സെമ്മൽവീസും എമ്മയും തമ്മിലുള്ള ബന്ധം ഒരു പ്രണയമായി മാറുന്നു . പനി വരാനുള്ള കാരണവും തടയാനുള്ള വഴിയും സെമ്മൽവീസ് കണ്ടെത്തുമ്പോൾ, അവന്റെ സമപ്രായക്കാരിൽ പലരും അവനെ അപ







കീർത്തിപ്പെടുത്താൻ ശ്രമിക്കുന്നു. അതിനായി അവർ പലവിധത്തിൽ തന്ത്രങ്ങൾ മെനയുന്നു.

ചതിയിലൂടെ സെമ്മൽവീസിന്റെ വാർഡിലെ രോഗികളെ കൂട്ട മരണത്തിന് ഇരയാക്കുന്നു. എന്നിട്ടും ശിശുമരണത്തിനു കാരണമായ രോഗാണുക്കളെ സംബന്ധിച്ച തന്റെ സിദ്ധാന്തം എന്തുവില കൊടുത്തും തെളിയിക്കാനുള്ള പോരാട്ടം സെമ്മെൽ വീസ് തുടരുന്നു. സെമ്മൽ വീസിന്റെ ജീവിതം നമുക്കെല്ലാവർക്കും ഒരു മാതൃകയാണ്. എല്ലാ സാഹചര്യങ്ങളിലും, വിദ്വേഷം കൊണ്ടോ അക്രമം കൊണ്ടോ വഴിതിരിച്ചുവിടാൻ കഴിയാത്ത മരണത്തെ വെല്ലുവിളിക്കുന്ന ധൈര്യത്തോടെ സ്വന്തം പാത പിന്തുടരുന്ന ഒരു മനുഷ്യൻ. സെമ്മെർവീൽസിന്റെ അർപ്പണ മനോഭാവവും ഏത് പ്രതിസന്ധിയെയും നേരിടുവാനുള്ള ആത്മധൈര്യവും പ്രശംസനീയമാണ്.

ഗ്യൂസെപ്പെ ടൊർണാറ്റോറിന്റെ 'മലേന'യുടെ ഛായാഗ്രാഹകനായി ഓസ്കാർ നാമനിർ ദ്ദേശം ചെയ്യപ്പെട്ട ലാജോസ് കോൾട്ടായിയാണ് ചിത്രം സംവിധാനം ചെയ്തിരി ക്കുന്നത്. 2007-ൽ 'ഈവനിംഗ് 'എന്ന ചിത്ര ത്തിന് ശേഷം കോൾട്ടായിയുടെ സംവിധാനത്തിലേക്കുള്ള തിരിച്ചുവരവാണ് 'സെമ്മൽവീസ്'.

ഹംഗറിയിലെ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പിന്തുണ yode Filmstúdió, Joe Vida എന്നിവിടങ്ങളിൽ Tamás Lajos ആണ് '



KX Pharma
9995811166
Promoting Healthy Lifestyle....

December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC



# ഞാൻ ഇവിടെയുണ്ട്, ഇപ്പോഴും



**വിനോദ്കുമാർ. പി**
ഫിൽക്ക

**I'm still here**
Brazil - France (2024)
Director : Walter Salles




മികച്ച തിരക്കഥയ്ക്കും സംവിധാനത്തിനും 2024 വെനീസ് ഫിലിം ഫെസ്റ്റിവൽ അവാർഡ് . മികച്ച ബ്രസീലിയൻ കഥാചിത്രത്തിനുള്ള ഓഡിയൻസ് അവാർഡ് - 2024 സാവോ പോലോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

2024 – ൽ Walter Salles സംവിധാനം ചെയ്ത ചിത്രമാണ് "I am still here". 1970 കളിൽ ബ്രസീലിലെ സൈനിക സ്വേച്ഛാധിപത്യ കാലത്ത് വിമത രാഷ്ട്രീയക്കാരനായ ഗൃഹനാഥന്റെ നിർബന്ധിത തിരോധാനത്തെ നേരിടുന്ന കുടുംബത്തിന്റെ യഥാർത്ഥ കഥയാണ് ഈ ചിത്രം പറയുന്നത്.

1964-ലെ ബ്രസീലിയൻ അട്ടിമറിയുടെ തുടക്കത്തിൽ തന്റെ അധികാരം റദ്ദാക്കിയതിനെത്തുടർന്ന് ആറ് വർഷത്തെ സ്വയം പ്രവാസത്തിന് ശേഷം , 1971 ൽ, റൂബൻസ് പൈവ ബ്രസീലിലേക്ക് മടങ്ങുന്നു. ഭാര്യ യൂനിസിനും അവരുടെ അഞ്ച് കുട്ടികൾക്കുമൊപ്പം ലെബ്ലോൺ ബീച്ചിനടുത്തുള്ള ഒരു മനോഹരമായ വീട്ടിൽ താമസിക്കുന്ന പൈവ തന്റെ സിവിൽ ജീവിതത്തിലേക്ക് മടങ്ങുന്നു. അതേസമയം തന്റെ പ്രവർത്തനങ്ങൾ കുടുംബവുമായി ചർച്ച ചെയ്യാതെ പ്രവാസികളെ പിന്തുണയ്ക്കുന്നത് തുടരുകയും ചെയ്യുന്നു.

തീവ്ര ഇടതുപക്ഷ വിപ്ലവ പ്രസ്ഥാനങ്ങൾ സ്വിസ് അംബാസഡറെ തട്ടിക്കൊണ്ടുപോയതിനെത്തുടർന്ന്, ബ്രസീൽ ഒരു രാഷ്ട്രീയ അസ്ഥിരതയെ അഭിമുഖീകരിക്കുന്നു. പൈവയുടെ വീട്ടിൽ ഒരു സൈനികറെയ്ഡ് നടക്കുന്നു, അതിന്റെ ഫലമായി 1971 ജനുവരിയിൽ അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും കാണാതാവുകയും ചെയ്തു.







റൂബൻസിനെക്കുറിച്ചുള്ള ഭാര്യയായ യൂനിസിന്റെ അന്വേഷണങ്ങൾ അവളെ അറസ്റ്റ് ചെയ്യുന്നതിൽ കൊണ്ടെ ിക്കുകയും തുടർന്ന് 12 ദിവസത്തേക്ക് അവൾ പീഡനത്തിന് വിധേയയാവുകയും ചെയ്യുന്നു. അവരുടെ കൗമാരക്കാരിയായ മകൾ എലിയാനയും തടവിലാക്കപ്പെടുകയും 24 മണിക്കൂറിന് ശേഷം മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിനെ തുടർന്ന് യൂനിസ് മക്കളോടൊപ്പം ആ വീടും നാടും ഉപേക്ഷിക്കുന്നു.
25 വർഷത്തിന് ശേഷം, 1996-ൽ, യൂനിസിന് റൂബൻസ് പൈവയുടെ ഔദ്യോഗിക മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. 2014-ൽ ഇപ്പോൾ 85 വയസ്സുള്ള അൽഷിമേഴ്സുമായി ജീവിക്കുന്ന യൂനിസ്, അവരുടെ മക്കളും കൊച്ചുമക്കളും ഉൾപ്പെട്ട ഒരു കുടുംബ സമ്മേളനത്തിനിടെ, റൂബൻസിന്റെ കേസുമായി ബന്ധപ്പെട്ട ഒരു ടിവി റിപ്പോർട്ട് കാണാനിടയാകുന്നു.



റൂബൻസിന്റെ മൃതദേഹം ഇതുവരെ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ അദ്ദേഹം ജീവിച്ചിരിക്കുന്നതായി ബോധ്യപെടുന്ന അവസ്ഥയിൽ യൂനിസ് തന്റെ ഭൂതകാലം ഓർക്കുകയാണ് ... ●




KX Pharma
9995811166
Your Health and Wellness, our Priority!

# ജൂലൈ ഗാഥ



**ഷീബ .എസ്.ജെയിംസ്**
ഫിൽക്ക




**JULY RHAPSODY**
Hong Kong Sarprc ( 2002 )
Direction : Ann Hui

29-ാം IFFK യിൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയ ആൻ ഹുയിയുടെ റെട്രോസ്പെക്ടീവ് വിഭാഗത്തിൽ പ്രദർശിപ്പിച്ച **' ജൂലൈ റാപസഡി '** ഒരു ഹോങ്കോങ് അധ്യാപകന്റെ ജീവിതത്തെ അവതരിപ്പിക്കുന്നു.അര നൂറ്റാണ്ട് കാലമായി ഹോങ്കോങ്ങിലെ സ്ത്രീകളുടെ ജീവിതം, സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ സ്ക്രീനിൽ കൂടി ജനങ്ങളിൽ എത്തിക്കുന്ന ഒരു സംവിധായിക കൂടിയാണ് ആൻ ഹുയി.

മധ്യ വയസ്കനായ, സ്കൂൾ അധ്യാപകനായ ലാം യിയു ക്വാക്കിന്റെ വിദ്യാർഥികളിൽ ഒരു പെൺകുട്ടിക്ക് അയാളോട് ഉണ്ടായ പ്രണയവും, ഇരുപതു വർഷങ്ങൾക്ക് മുൻപ് അയാളുടെ ഭാര്യ മാൻ ചിങ്ങിനു തന്റെ ഗുരുനാഥനോടുണ്ടായ പ്രണയവും ആണ് ഈ ചിത്രത്തിലെ പ്രമേയം.

ഹോങ്കോങ് സമൂഹത്തിന്റെ തട്ടിലുള്ള ജീവിതങ്ങളിലേക്കും സ്വപ്നങ്ങളിലേക്കും എത്തിനോക്കുന്ന സിനിമ നമുക്ക് ആകർഷകമായ ഒരു കാഴ്ച നൽകുന്നു.കേന്ദ്ര കഥാപാത്രമായ ലാം യിയു തന്റെ മൂത്ത മകൻ യു വിനോടൊപ്പം ബീച്ചിൽ സംസാരിച്ചിരിക്കുന്ന ഷോട്ടോടെയാണ് സിനിമ ആരംഭിക്കുന്നത്. തീരപ്രദേശത്ത് ഉച്ച സൂര്യനിൽ, ദൂരെ നിന്ന് കളിക്കുന്നവരുടെയും, നൗകകളുടെയും ചിത്രങ്ങൾ തെളിയുന്നു. മകൻ യുവ് സർവകലാശാ ലയിൽ ബിരുദം നേടാൻ പോകുന്ന കാര്യം ഇരുവരും ചർച്ച ചെയ്യുന്നു. ലാമിന്റെയും, ഭാര്യയുടെയും അസന്തുഷ്ടി വിശദീകരി ക്കാൻ സംവിധായിക അവരുടെ ഭൂതകാലത്തിലേക്ക് തിരിഞ്ഞു നോക്കുന്നു.





ലാം, ചിങ് ഇവർ സഹപാഠികളായിരുന്നു.ഇവർ വിവാഹിതരായിട്ട് ഇരുപത് വർഷമായി. ഒരു എലൈറ്റ് സ്കൂളിലെ ക്ലാസ്സിക് ചൈനീസ് സാഹിത്യം പഠിപ്പിക്കുന്ന അധ്യാപകനാണ് ലാം. കൗമാരക്കാരായ രണ്ട് ആൺ മക്കളുമായി മനോഹരമായ ഒരു അപ്പാർട്ട്മെന്റിൽ താമസിക്കുന്നു.

ലാമിന്റെ സമകാലികർ കൂടുതലും ബിസിനസ്സിലും വിനോദ ലോകങ്ങളിൽ തൊഴിൽ കണ്ടെത്തിവരും ആയതിനാൽ അവർ ലായിനെക്കാൾ സമ്പന്നരാണ്. ഒരു അധ്യാപകൻ ആയതിനാൽ അവരെക്കാൾ താഴ്ന്ന വരുമാനം എന്നത് ലാമിനെ അസ്വസ്ഥനാക്കിയിരുന്നു. ചോയ് എന്ന വിദ്യാർത്ഥിനിക്ക് തന്റെ അദ്ധ്യാപകനോട് ഇഷ്ടം തോന്നുകയും പലതരം പ്രകോപനങ്ങളിലൂടെ അയാളെ വശീകരി ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ലാം ഇതെല്ലാം പ്രതിരോധിച്ച് കുടുംബജീവിതം നല്ല രീതിയിൽ കൊണ്ടു പോകാനും ശ്രമിക്കുന്നു.

ലാമിന്റെ മൂത്ത മകൻ വാസ്തവത്തിൽ അയാളുടെ മകനല്ല . തന്റെ ഭാര്യ മാൻ ചിങ് വിദ്യാർത്ഥി ആയിരിക്കുമ്പോൾ, അവൾ തന്റെ അധ്യാപകനായ സാങ് നെ വശികരിച്ചു. അവരുടെ ബന്ധത്തിൽ ലഭിച്ച ഈ മകനെ ലാം പണ്ടേ അംഗീകരി ച്ചിരുന്നു. കുട്ടിയോട് പിതാവ് സാങ് ആണെന്ന സത്യം ഇരുവരും അറിയിച്ചിട്ടു
മില്ല .

സമാധാനപരമായ, അവരുടെ ദാമ്പത്യ ജീവിതത്തിൽ വിള്ളൽ വീഴുന്നത് ഭാര്യയുടെ മുൻ കാമുകൻ സെങ്, ഹോങ്കോങ് ലേക്ക് മടങ്ങി വരുമ്പോൾ ആണ്. അയാൾ ഇപ്പോൾ വൃദ്ധനായി തനിച്ചാണ് താമസം. അയാളെ ശുശ്രൂഷിക്കാനായി ഭാര്യ രണ്ട് മാസ അവധി ഭർത്താവിനോട് ചോദിക്കുന്നു.അവൾ പോയപ്പോൾ തന്റെ കുടുംബത്തോടുള്ള അവളുടെ അവഗണന അയാളെ വേദനി പ്പിക്കുന്നു. അയാൾ ദീർഘകാലമായി ഒതുക്കിവെച്ച നീരസം അയാളുടെ മനസ്സിനെ വേട്ടയാടുന്നു. ഇതോടൊപ്പം തന്റെ സുഹൃത്തു



ക്കളുടെ സാമ്പത്തിക വളർച്ചയും അയാളെ അസ്വസ്ഥനാക്കി.
മൂത്ത മകന്റെ പിതാവായ തന്റെ മുൻ അധ്യാപകനെ പരിചരിക്കാൻ ഭാര്യ മാൻ ചിങ് തീരുമാനിക്കുമ്പോൾ അതിലോലമായ സന്തുലിത ജീവിതം അനാവരണം ചെയ്യാൻ തുടങ്ങുന്നു. ഫ്ലാഷ്ബാക്കുകളിലൂടെ പഴയ ഓർമ്മകൾ പ്രധാനപ്പെട്ട നിമിഷങ്ങളിൽ നിറയുന്നു. ഗൃഹാതുരമായ പൂരകത്തിൽ വിവരിച്ച കവിതകൾ സിനിമയിലുടനീളമുള്ള

KX Pharma
9995811166
Your Health and Wellness, our Priority!



സംഭവങ്ങളെ അടയാളപ്പെടുത്തുന്നു. ചൈനീസ് സാഹിത്യത്തിന്റെ പല ആഖ്യാന ങ്ങളും ചിത്രത്തിന്റെ വിവിധ ഭാഗങ്ങളിലായി കാണാൻ സാധിക്കും. സ്കൂളിൽ തന്നെ പ്രണയിക്കുന്ന, തന്റെ ക്ലാസ്സിലെ ചോയ് ലാമി നോട് പ്രണയാതുരമായ അടുപ്പം ലാമിന് തോന്നി തുടങ്ങി. അവളുടെ പ്രണയത്തോടുള്ള ലാമിന്റെ പ്രതിരോധം ഇല്ലാതായി. സിനിമയിലുടനീളം തന്റെ അസ്വസ്ഥകൾ എന്താണെന്ന് പ്രേക്ഷകരെ ബോധ്യ പ്പെടുത്താൻ നടൻ ജാക്കി ചോങ് ന് സാധിച്ചിട്ടുണ്ട്.

സ്വതന്ത്ര മനസ്സുള്ള വിദ്യാർത്ഥിനിയുടെ വശീകരണം നാല്പത് വയസ്സുള്ള മനുഷ്യൻ നന്നായി ആസ്വദിക്കുന്നു. രണ്ട് വൈകാരിക പ്രതിസന്ധികൾ നേരിടുന്ന ഒരു അധ്യാപ കനായി ലാം മാറുന്നു.

ആ സമയം ഭാര്യ മാൻ ചിങ് ആദ്യ കാമുക നും മൂത്ത മകന്റെ പിതാവും ആയ സാങ് ന്റെ മരണത്തിൽ മാനസിക അസ്വസ്ഥത അനുഭവിക്കുന്നു.

ഇപ്പോഴുള്ള ജീവിതത്തിന്റെ ക്ഷണികതയെ തിരിച്ചറിയുന്നതിനിടയിലും അയാളുടെ മനസ്സ് സ്നേഹത്തിനായി ആഗ്രഹിക്കുന്നുണ്ട് .മനോഹരമായ യാങ്സ് നദിയെ കുറി ച്ചുള്ള ‘ ഫെയർ വെൽ ടു യെല്ലോ ‘ എന്ന് തുടങ്ങുന്ന കവിത തന്റെ മരിച്ച മനസ്സിനെ ഉത്തേജിപ്പിക്കുന്നു .ചൈനീസ് സാഹിത്യ വുമായി ഏറെ അടുത്തു നിൽക്കുന്ന താണ് അൻഹുയി യുടെ സംവിധാന



KX Pharma
9995811166
Your Health and Wellness, our Priority!

ശൈലി. ഇതിന്റെ ചുവട് പിടിച്ചാണ് ‘ ജൂലൈ റാപ്സഡി‘ യും ആൻ ഹുയി ഒരുക്കിയിരിക്കുന്നത്. ആൻ ഹുയി എല്ലായ്പ്പോഴും തന്റെ സിനിമകളിൽ ഏറ്റവും സന്തോഷകരമായ അന്ത്യം വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ ഓരോരുത്തരും നിലവിലുള്ള പ്രശ്നങ്ങൾക്ക് നേരെ മൗനം പാലിച്ചു കൊ ണ്ട് , ആത്മസംയമനത്തിലൂടെ ആശ്വസിക്കാൻ ശ്രമിക്കുന്നു .

ലാമും ചിങ്ങും അവരുടെ സ്വന്തം തെറ്റുകളോടും വൈകാരിക ബന്ധങ്ങളോടും പൊരുത്തപ്പെടുന്നത്തിലാണ് , കന്റോണീസ് ഭാഷയിലുള്ള ഈ സിനിമ അവസാനിക്കുന്നത് .

ഹോങ്കോങ് നവതരംഗ സിനിമ പ്രസ്ഥാനത്തിലെ ഒരു പ്രധാന വ്യക്തി ആയിട്ടാണ് ആൻ ഹുയിയെ സിനിമലോകം വിശേഷിപ്പിക്കുന്നത്.

2020 – ലെ വെനീസ് ഇന്റർ നാഷണൽ ഫെസ്റ്റിവെലിൽ ആജീവനാന്ത നേട്ടത്തിനുള്ള ഗോൾഡൻ ലയൺ, ബെർലിൻ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവലിൽ ബെർനിലേൽ ക്യാമറ അവാർഡ്, ബുസാൻ ഫിലിം ഫെസ്റ്റിവലിൽ എഷ്യൻ ഫിലിം മേക്കർ ഓഫ് ദി ഇയർ അവാർഡ്, ന്യൂയോർക് എഷ്യൻ ഫിലിം ഫെസ്റ്റിവലിൽ സ്റ്റാർ ഏഷ്യ ലൈഫ് ടൈം അച്ചിവ്മെന്റ് അവാർഡ് എന്നിവ ആൻ ഹുയി എന്ന സംവിധായികയ്ക്ക് ലഭിച്ച അംഗീകാരങ്ങളാണ്.





December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
96
IFFK-2024 SPECIAL EDITION
KSFDC

# സ്വർണ്ണക്കൂട്ടിൽ ചേക്കേറിയ സ്വപ്നമൈന



ഡോ.പി.അജികുമാർ
ഫിൽക്ക

**LINDA**
Argentina -Spain (2024 )
Director : Mariana Wainstein .

ലിൻഡ എന്ന സെക സിയും സുന്ദരിയുമായ ഒരു വേലക്കാരിയുടെ കഥയാണ് മറിയാനാ വൈൻസ്റ്റീൻ സംവിധാനം ചെയ്ത ലിൻഡ. ഇന്റർനാഷണൽ കോംപറ്റീഷനിൽ ഉൾപ്പെട്ട ഈ ചിത്രം ആക്ഷേപ ഹാസ്യ സ്വഭാവം ഉള്ളതാണ്. മറിയാനയുടെ ജീവിത പശ്ചാത്തലം ദുരൂഹമാണ് .ഒരുപക്ഷെ ആ കഥാപാത്രം ഒരു മിഥ്യയാവാം .




അച്ഛൻ.അമ്മ,മകൾ,മകൻ ഉൾപ്പെട്ട ബ്യു നെസ് അയേഴ്സിലെ ഒരു സമ്പന്ന കുടുംബം . ഗൃഹനാഥൻ കാമിലോ. ഭാര്യ ലുയിസ്സ. മകൾ മെറ്റിൽഡ. മകൻ സെഫെറിനോ...അവിടെ ലിൻഡ ജോലിക്കെത്തുന്നു ...ആഡംബര ത്തിൽ മുഴുകി, പാർട്ടി നടത്തി, മദ്യ സൽക്കാരവുമായി കഴിയുന്ന ഈ കുടുംബത്തിലാണ് ലിൻഡ പുതിയ ജോലിക്കാരിയായി എത്തുന്നത്തോടെ എല്ലാവരുടെയും കണ്ണുകൾ അവളിൽ ഉടക്കുന്നു.

പുറമെ മാന്യമായ ജീവിത സാഹചര്യത്തിലും മഹിമയിലും കഴിയുന്ന കാമിലോയുടെ കുടുംബത്തിന്റെ അസ്വസ്ഥതകൾ ലിൻഡയിലൂടെ വെളിവാകുന്നു. കൗമാരക്കാരനായ മകൻ ഉൾപ്പെടെ പുരുഷന്മാർ ലിൻഡയെ വശീകരിക്കാൻ ശ്രമിക്കുന്നു. പിതാവായ കാമിലോ മുന്തിയ മദ്യം നൽകി അവളെ പ്രലോഭിപ്പിക്കുന്നു. ലിൻഡ അത് നിരസിക്കുന്നു. കാമാതുരന്മാരായ മകനും അച്ഛനും സ്വയംഭോഗത്തിൽ അഭയം കാണുന്നു. മകൾ മെറ്റിൽഡക്ക് ഒരു കാമുകനുണ്ട്. എങ്കിലും സ്വവർഗ്ഗരതിയിൽ പ്രിയമുള്ള അവൾ





ഏവരെയും ഞെട്ടിച്ചുകൊ ണ്ട് ലിൻഡയ്ക്കു വേണ്ടി കാമുകനെ അവൾ ഒഴിവാക്കുന്നു.



ഇവരെക്കാളുപരി കാമിലയുടെ ഭാര്യ ലൂയിസയും ലിൻഡയിൽ അനുരക്ത യാകുന്നുണ്ട് . പാർട്ടിയ്ക്കണിയാൻ മകൾക്കു പോലും നൽകാതിരുന്ന ഗൗൺ ലിൻഡയ്ക്ക് സമ്മാനിക്കുന്നു. അതിനെ മകൾ ചോദ്യം ചെയ്യുന്നു്. ലിൻഡ യും കാമിലയും ചേർന്നുള്ള രംഗം ദീപ മേത്തയുടെ ഫയറിനെ ഓർമ്മപ്പെടുത്തും. ഇവരുടെ പ്രണയകേളി ക്യാമറയിലൂടെ കാമില കാണുന്നു. അതോടെ ലിൻഡയുടെ കാര്യത്തിൽ തീരുമാനമാകുന്നു. ലിൻഡയെ ജോലിയിൽ നിന്ന് പറഞ്ഞുവിടുന്നു. സ്വർണ്ണക്കൂട്ടിലേക്ക് അജ്ഞതയിൽ നിന്നും പറന്നുവന്ന സ്വപ്നമൈനയെ പോലെ അവൾ അജ്ഞതയിലേക്ക് മടങ്ങുകയും ചെയ്യുന്നു . യാതൊരു ഭാവഭേദവുമില്ലാതെ ലിൻഡ നടന്നു നീങ്ങുന്നിടത്തു സിനിമ അവസാനിക്കുന്നു.

ലിൻഡയുടെ കുടുംബ പശ്ചാത്തലം , മറ്റു കാര്യങ്ങൾ എന്നിവ ഒന്ന് രണ്ടു സീനു കളിൽ മാത്രമായി ഒതുക്കിയിട്ടു് . ആ ദുരൂഹത നിലനിർത്തിക്കൊ്യു തന്നെ സിനി മ അവസാനിക്കുന്നു . ഹാസ്യത്തിന്റെ മേമ്പൊടിയാൽ വരേണ്യ വർഗ്ഗത്തിന്റെ മാന്യത മറനീക്കി കാണിക്കുകയാണ് ഇവിടെ.

ആഡംബരവും ധനവും . പൊങ്ങച്ചം നിറഞ്ഞ ജീവിതം . വ്യക്തി - കുടുംബ ബന്ധങ്ങളിലെ പൊള്ളത്തരം. പ്രകടനപ രത . അനുകൂല സാഹചര്യം കിട്ടിയാൽ അടിച്ചമർത്തപ്പെടുന്ന വ്യക്തി താൽപ്പ ര്യങ്ങൾ . ലൈംഗികാഭിനിവേശങ്ങൾ . ഒതുക്കിവെച്ച തീവ്രവികാരങ്ങൾ പുറത്തു വരുന്ന സന്ദർഭങ്ങൾ ... വരുംവരായ്ക കൾക്ക് അവിടെ സ്ഥാനമില്ല. ആധുനിക മിശ്രിത സമ്പദ് വ്യവസ്ഥയിൽ കുടുംബ ബന്ധങ്ങൾക്ക് കെട്ടുറപ്പില്ലാതായി. ധാർമിക മൂല്യച്യുതി അതിന്റെ പാരമ്യത്തിലാണ്. പ്രഹസനാക്ഷേപ ഹാസ്യത്തിന്റെ രസ ഭംഗിയിൽ ചടുല സംഗീതവും ഷോട്ടുകളും ചിത്രത്തെ മനോഹരമാക്കുന്നുണ്ട്. ●



വോള്യം -7 ലക്കം -133 ഡിസംബർ 2024 മലയാളം - ഇംഗ്ലീഷ്

December Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

IFFK-2024 SPECIAL EDITION

KSFDC




# ഉടയുന്ന ചില്ലുപാത്രങ്ങൾ



സാം ആന്റണി
ഫിൽക്ക

**LOVEABLE**
Norway ( 2024 )
Director : Lilja Ingolfsdottir




അംഗീകാരങ്ങൾ :
കോർക്ക് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2024-ൽ സ്പിരിറ്റ് ഓഫ് ദി ഫെസ്റ്റിവൽ നോമിനേഷൻ . കാർലോവി വാറി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2024 സ്പെഷ്യൽ ജൂറി പ്രൈസ് . ബെസ്റ്റ് ആക്ട്രെസ് അവാർഡ് . ദി പ്രൈസ് ഓഫ് ദി എക്യൂ മെനിക്കൽ ജൂറി അവാർഡ് . ദി യൂറോപ്പാ സിനിമ ലേബൽ അവാർഡ് . FIPRESCI പ്രൈസ് - ക്രിസ്റ്റൽ ഗ്ലോബ് കോം പെറ്റിഷൻ . ലീഡ്സ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2024 : നോമിനേഷൻ ഇൻ കോൺസ്റ്റല്ലേഷൻ ഫീചർ കോമ്പറ്റിഷൻ. ലെസ് ആർക്സ് ഫിലിം ഫെസ്റ്റിവൽ 2024

ജൂറി ഗ്രാൻഡ് പ്രൈസ് അവാർഡ് . ആക്ടിങ് പ്രൈസ് അവാർഡ് .ഹെൽഗ ഗുറെൻ, ഒഡ്ഡ്ഗിയർ തുണെ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളായി അഭിനയിച്ച ' ലവ്വബിൾ ' ചലച്ചിത്രം വിവാഹബന്ധങ്ങളിലെ സ്വാഭാവികമായി സംഭവിക്കുന്ന അസ്വാഭാവികതകളെയും ഉലച്ചിലുകളെ കുറിച്ചും അതു സൃഷ്ടിക്കുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ചും അതേ തുടർന്നുാകുന്ന ബന്ധങ്ങളിലെ തകർച്ചകളെ കുറിച്ചുമാണ് സംസാരി ക്കുന്നത്.വിവാഹ ജീവിതങ്ങളിലെ തകർച്ചകൾക്ക് പിന്നിൽ , അമ്മയാണ് ജീവിതത്തിൽ എല്ലാം എന്ന സങ്കല്പ്പത്തെ തകർത്തെറിയുന്നതാണ് ലവ്വബിളിന്റെ പ്രമേയം. ശൈശവകൗമാര കാലഘട്ടത്തിൽ ഉണ്ടാകുന്ന മുറിവുകൾ മനുഷ്യ മനസ്സുകളെ എങ്ങനെ ബാധിക്കുന്നുവെന്നും അത് കുടുംബ ബന്ധങ്ങളെ എത്രത്തോളം ബാധിക്കുന്നുവെന്നും തകർച്ചയിലേക്ക് നയിക്കുമെന്നും ഈ ചിത്രം എടുത്തു കാണിക്കുന്നു. നാർസിസിസ്റ്റിക് ഡിസ്സോർഡറിനെ പരാ മർശിക്കുന്നുങ്കിലും ഇതിന് രാഷ്ട്രീയവു മായി യാതൊരു ബന്ധവുമില്ല. സ്ത്രീയുടെ വൈവാഹിക ജീവിതം മാനസിക ബന്ധങ്ങളെ എത്ര



ത്തോളം ആശ്രയി ക്കുന്നു എന്ന് ചിത്രം അന്വേഷിക്കുന്നു . ഡൈവോഴ്സിന്റെ വക്കിലെത്തിയ തന്റെ വിവാഹ ജീവിതത്തെ എങ്ങനെ തകർച്ചയിൽ നിന്ന് രക്ഷിക്കണമെന്നറിയാതെ കുഴങ്ങുന്ന മരിയ എന്ന കേന്ദ്രകഥാപാത്രം അനുഭ വിക്കുന്ന സംഘർഷങ്ങളെയും അതിൽ നിന്ന് പുറത്ത് കടക്കാൻ ബോധപൂർവ്വം അല്ലാതെയും അവൾ നടത്തുന്ന മാനസിക സഞ്ചാരങ്ങളെയും തുടർന്നു ണ്ടാകുന്ന വെളിപാടുകളെയും അത് അവളിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെ കുറിച്ചും ഈ ചിത്രം സംസാരിക്കുന്നു.

മരിയയുടെ ആദ്യ വിവാഹം തകർന്ന് വിവാഹമോചിതയായ ശേഷം തന്റെ രണ്ടു കുട്ടികളുമൊത്ത് സിംഗിൾ മദർ എന്ന നിലയിൽ ജീവിക്കുന്ന കാലത്താണ് തന്റെ സങ്കൽപ്പത്തിനൊത്തവിധം സുന്ദരനും സ്നേഹസമ്പന്നനുമായ സിഗ്മിനെ അവൾ കണ്ടു മുട്ടുന്നത്. സിഗ്മിനെ കണ്ട മാത്രയിൽ തന്നെ എത്രയോ കാലങ്ങളായി നിന്നെ ഞാൻ കാത്തിരിക്കുകയാണെന്ന് അവൾ സ്വയം പറയുന്നുണ്ട്. അവർ തമ്മിൽ പ്രണയത്തിലാവുകയും വിവാഹം കഴിക്കുകയും സിഗ്മ് മറിയയുടെ മക്കളെ സ്വന്തം മക്കളെ പോലെ സ്നേഹിക്കുകായും ചെയ്യുന്നു . ആ വിവാഹത്തിലും രണ്ടു കുട്ടികൾ ഉണ്ടാവുന്നു. സ്വപ്ന തുല്യമായിരിക്കും ആ ജീവിതം എന്ന് പ്രതീക്ഷിച്ചിരുന്ന മരിയക്ക് , ഔദ്യോഗിക ജീവിതവുമായി ബന്ധപ്പെട്ട് സ്ഥിരമായി യാത്രകൾ നടത്തുന്ന സിഗ്മിന്റെ അഭാവം വല്ലാത്ത മാനസിക പ്രശ്നങ്ങൾ ഉാക്കുന്നു.

അയാളുടെ സ്നേഹവും കരുതലും എപ്പോഴും ആഗ്രഹിച്ചിരുന്ന മരിയയുടെ മനസ്സിൽ ഉണ്ടാക്കുന്ന പോറലുകൾ ആഴത്തിലുള്ള മുറിവുകളായി മാറുകയും അത് അവളുടെ സ്വഭാവത്തെ വല്ലാതെ ബാധിക്കുകയും ചെയ്യുന്നു. ചുറ്റുമുള്ള വരോടൊക്കെയുള്ള അസ്വാരസ്യവും പൊട്ടിത്തെറികളുമായി അത് പുറത്തുവരുന്നു.







നൈരാശ്യം താങ്ങാനാകാതെ അവളുടെ ആദ്യത്തെ വിവാഹത്തിലെ പെൺകുട്ടി സഹോദരനോടൊപ്പം സ്വന്തം അപ്പനോടൊത്ത് ഇറങ്ങി പോകുന്നു. സിഗ്മെിന്റെയും മൂത്ത രണ്ടു കുട്ടികളുടെയും അഭാവത്തിൽ പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങളുടെ ചുമതലയും വീട്ടിലെ മടുപ്പിക്കുന്ന അന്തരീക്ഷവും താൻ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന തന്റെ പ്രൊഫഷൻ തുടരാനാകാത്തതിന്റെ നിരാശയുമൊക്കെ മരിയയ്ക്ക് താങ്ങാൻ പറ്റുന്നില്ല . അവസരം കിട്ടുമ്പോഴെല്ലാം തിരികെ വീട്ടിൽ എത്തുന്ന സിഗ്മ് തന്റെ കുട്ടികളോടും വളരെയേറെ സ്നേഹത്തോടെ പെരുമാറുന്നെങ്കിലും മരിയ വളരെ ശത്രുതയോടെ പെരുമാറുന്നു. പൊട്ടിത്തെറിയിലും പരസ്പരമുള്ള അകൽച്ചയിലുമാണ് അവരുടെ ബന്ധം  ബന്ധം എത്തിച്ചേരുന്നത്. ഒടുവിൽ സിഗ്മെന്റ് അവളോട് തനിക്ക് വിവാഹ മോചനം വേണം എന്ന് പറയുന്നു. അയാളിൽ നിന്ന് ഒരിക്കലും അത് പ്രതീക്ഷിക്കാതിരുന്ന മരിയയ്ക്ക് അത് താങ്ങാൻ ആവുന്നില്ല.

സിഗ്മെിന് തന്നെ സ്നേഹിക്കാൻ ആകുന്നില്ലെങ്കിൽ താൻ ഇറങ്ങി പോവുകയാണെന്ന് മരിയ പറയുന്നു. അതിനും സമ്മതമാണ് എന്ന് സിഗ്മ് അറിയിക്കുന്നതോടെ സിഗ്മെിനോട്  പൊട്ടിത്തെറിച്ചുകൊണ്ട് അവൾ ഇറങ്ങി പോകുന്നു. മരിയ ഒരു ക്ലിനിക്കൽ സൈക്യാട്രിസ്റ്റിന്റെ സഹായം തേടുന്നു. സിഗ്മെിനോട് പൊട്ടി ത്തെറിക്കാൻ മാത്രം അയാളിൽ കണ്ട കുറ്റങ്ങൾ എന്തൊക്കെയാണെന്ന് കൃത്യമായി പറയാൻ മരിയയ്ക്ക് ആകുന്നില്ല. അയാൾ സ്നേഹസമ്പന്നനാണെന്നും മരിയയുടെയും കുട്ടികളുടെയും കാര്യങ്ങൾ എല്ലാം അയാൾ കൃത്യമായും ഉത്തരവാദിത്വത്തോടു കൂടിയും ചെയ്യുന്നയാളാണെന്നും മരിയ സമ്മതിക്കുന്നു.

തന്നെ സ്നേഹിക്കുകയും സംരക്ഷിക്കുകയും കരുതുകയും ചെയ്യുന്ന അയാളോട് ഇത്തരത്തിൽ പെരുമാറാൻ തന്നെ പ്രേരിപ്പിക്കുന്ന ഘടകം എന്താണെന്ന് മരിയ ചിന്തിക്കുന്നതിലേക്ക് ഈ സംഭവം നയിക്കുന്നു. സിഗ്മെിനോട് രമ്യതപ്പെടാൻ മരിയ ശ്രമിക്കുന്നെങ്കിലും അയാൾ അതിന് തയ്യാറാകുന്നില്ല. തന്റെ അസ്വസ്ഥതകളും വേദനകളുമായി മരിയ തന്റെ അമ്മയെ സമീപിക്കുന്നു. മരിയയുടെ ആദ്യ വിവാഹം തകരാൻ അവളുടെ കർക്കശ സ്വഭാവം കാരണമാണെന്നുള്ള തരത്തിലാണ് അവളുടെ അമ്മ സംസാരിക്കുന്നത്. അത് അവളെ വല്ലാതെ വേദനിപ്പിക്കുന്നു. വളരെ ചെറുതിലെ തന്നെ തന്റെ അമിതമായ സ്വാർത്ഥത കൊണ്ടും വ്യക്തികേന്ദ്രീകൃത സ്വഭാവം അന്തമില്ലാത്ത ആവശ്യങ്ങൾ കൊണ്ടും തന്നെ വലിയ വളരെയേറെ ബുദ്ധിമുട്ടിച്ചിട്ടുണ്ട് എന്ന് അവളുടെ അമ്മ പറയുന്നു.



December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
101
IFFK-2024
SPECIAL EDITION
KSFDC

തന്നിൽ ഒരു നന്മയും ഒരിക്കലും കണ്ടെത്താത്ത, തന്നെ എപ്പോഴും കുറ്റപ്പെടുത്തുന്ന, തന്റെ വേദനകളെ കാണാൻ ഒരിക്കലും സന്മനസ്സ് കാണിച്ചിട്ടില്ലാത്ത അമ്മയോട് മരിയ പൊട്ടിത്തെറിക്കുന്നു. മക്കളോട് ഒരിക്കലും സ്നേഹം കാണിക്കാത്ത, സ്നേഹത്തിന് വേണ്ടി അവരെ പുറകെ നടത്തിക്കുന്ന, എപ്പോഴും അവരുടെ ആത്മവിശ്വാസം തകർക്കുന്ന വളരെ നർസിസിസ്റ്റിക്കും എന്നാൽ പ്രത്യക്ഷത്തിൽ വളരെ സ്നേഹവതികൾ എന്ന് തോന്നിപ്പിക്കുന്ന അമ്മമാരുടെ പ്രതിനിധിയാണ് മരിയയുടെ അമ്മയെന്നും അവളുടെ മാനസിക പ്രശ്നത്തിന് എല്ലാം കാരണം അമ്മ തന്നെയാണെന്നും മരിയക്ക് ബോധ്യപ്പെടുന്നു.തനിക്ക് അമ്മയിൽ നിന്ന് ലഭിക്കാതിരുന്ന സ്നേഹവും അംഗീകാരവുമാണ് തന്റെ പ്രശ്നങ്ങളുടെ എല്ലാം അടിസ്ഥാനമെന്ന് ബോധ്യപ്പെടുന്ന അവൾക്ക് തന്നെയും തന്റെ മക്കളെ വളരെയധികം സ്നേഹിച്ചിരുന്ന രണ്ടു ഭർത്താക്കന്മാരോടും ചെയ്ത കാര്യങ്ങളിൽ വളരെയധികം കുറ്റബോധം തോന്നുന്നു. തന്റെ മൂത്ത മകളെ കാണാൻ ചെല്ലുന്ന മരിയയോട് അവൾ പൊട്ടിത്തെറിക്കുന്നെങ്കിലും അവളോട് മരിയ വളരെ ശാന്തമായി പെരുമാറുകയും തന്റെ കുറ്റം തന്നെയാണ് എന്ന് സമ്മതിക്കുകയും ചെയ്യുന്നു.

അമ്മയുടെ അപ്രതീക്ഷിത മാറ്റത്തെ ഉൾക്കൊണ്ട മകൾ അവളെ കെട്ടിപ്പിടിച്ചു പൊട്ടിക്കരയുന്നു. നമ്മൾ ഓരോരുത്തരും സ്നേഹത്തിനായി കൊതിച്ച് കാത്തിരിക്കുകയാണ് എന്ന സത്യം ഇവിടെ തെളിയുന്നു. താൻ ഇറങ്ങിപ്പോന്ന തന്റെ വീട്ടിലേക്ക് തിരികെ ചെല്ലുന്ന മരിയ തന്റെ കുട്ടികളെ സ്നേഹത്തോടെ പരിപാലിക്കുന്നു. അവളുടെ മനസ്സിൽ നിന്ന് ദേഷ്യവും വെറുപ്പും അസ്വസ്ഥതകളും അകന്നിരിക്കുന്നു. ഈ സംഭവത്തിന് ശേഷം മരിയ സിഗ്മുമായി ഒരു കോഫി ഹൗസിൽ വച്ച് വീണ്ടും കണ്ടുമുട്ടുന്നു . അവർ വീണ്ടും ഒരുമിച്ചേക്കും എന്ന പ്രതീക്ഷ തന്നു കൊണ്ട് ചിത്രം അവസാനിക്കുന്നു.





December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION


തങ്ങളുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി ചെയ്യുകയും ആരെയും ഉപദ്രവിക്കാൻ മനപ്പൂർവം ശ്രമിക്കാതിരിക്കുകയും ചെയ്തിട്ടും അറിയാതെ എന്നോണം ഉയർന്നു വരുന്ന മാനസികസംഘർഷങ്ങൾക്ക് പിന്നിൽ മാതാപിതാക്കളിൽ നിന്നും ബാല്യകാലം മുതലേ ഉണ്ടാകുന്ന ആഴത്തിലുള്ള മുറിവുകളും ഒരു വലിയ കാരണമാണെന്ന് ഈ ചിത്രം ഓർമിപ്പിക്കുന്നു.

നാർസിസിസ്റ്റിക് ഡിസ്സോർഡർ എന്ന മാരകമാനസിക രോഗത്തേയും, സൈക്കോളജിയുമായി യാതൊരു ബന്ധവുമില്ലാത്ത, അത്തരം രോഗങ്ങളെ അർത്ഥരഹിതമായ സങ്കല്പങ്ങൾ കൊണ്ട് നേരിടുന്ന പഴയ തലമുറയുടെ ആപൽക്കരമായ നിലപാടുകളെയും ഈ ചിത്രം എടുത്തു കാണിക്കുന്നു.

നാച്ചുറൽ ലൈറ്റിൽ എടുത്തത് എന്ന് തോന്നിക്കും വിധം സുന്ദരമാണ് ഇതിന്റെ സിനി



മോട്ടോഗ്രാഫി. സുന്ദരമായ കോസ്റ്റ്യൂമുകളും അതിമനോഹരമായ ലൊക്കേഷനുകളും ചിത്രത്തിന് പ്രത്യേക മിഴിവേകുന്നു. കാര്യമാത്ര പ്രസക്തമായ ഡയലോഗുകൾ മാത്രമേ ചിത്രത്തിൽ ഉപയോഗിച്ചിട്ടുള്ളൂ. എങ്കിലും കഥാസന്ദർഭത്തെയും കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കൃത്യമായി വെളിവാക്കുന്നവയായിരുന്നു അവ. മനഃശാസ്ത്രമായ ഒരു വിഷയത്തെ എത്രത്തോളം ലഘുവായും എന്നാൽ സൂക്ഷ്മമായും എങ്ങനെ അവതരിപ്പിക്കാം ഈ ചിത്രം കാണിച്ചു തരുന്നു. ●





December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION



# വിമോചനത്തിന്റെ വിത്തുകൾ



വിദ്യ ശോഭന
ഫിൽക്ക

THE SEED OF THE SACRED FIG
IRAN - FRANCE - GERMANY / (2024 )
Director : Mohammed Rasoulof




ഇറാനിലെ സമകാലീന സംഭവങ്ങളെ പശ്ചാത്തലമാക്കി മൊഹമ്മദ് റസൂൽഫ് രചനയും സംവിധാനവും നിർവഹിച്ച ഇറാനിയൻ ചിത്രമാണ് ദി സീഡ് ഓഫ് ദ സെക്രെഡ് ഫിഗ് . വിശുദ്ധ വൃക്ഷത്തിന്റെ വിത്തുകൾ . മതപരവും രാഷ്ട്രീയപരവുമായ ഇടപെടലുകളും പൗരന്റെ മൗലിക സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നുകയറ്റവും വിഷയമാക്കിയിരിക്കുന്ന ഈ ചിത്രം, ഒരു പൊളിറ്റിക്കൽ ത്രില്ലറാണ്.

ഇരുപതു വർഷങ്ങളായി അഡ്വക്കേറ്റ് ജോലി ചെയ്തുവരുന്ന ഇമാൻ, ജീവിതത്തിൽ ആഗ്രഹിച്ചതുപോലെ, ടെഹ്റാനിലെ റവല്യൂഷനറി കോടതിയിലെ ജഡ്ജി ആയി ഔദ്യോഗിക കയറ്റം നേടുന്നു. ഭാര്യയും രു പെൺമക്കളും അടങ്ങുന്ന അയാളുടെ ജീവിത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാകുന്നു. പക്ഷെ വിചാരിച്ചതുപോലെ ലളിതമായിരുന്നില്ല കാര്യങ്ങൾ.

ആഭ്യന്തര കലഹം നിലനിൽക്കുന്ന ഇറാനിൽ, ഇമാന്റെ ജോലിയും ഉത്തരവാദിത്വവും അവരുടെ ജീവിതത്തിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തുന്നു. സ്വതന്ത്ര വസ്ത്രധാരണം , സോഷ്യൽ മീഡിയ ഉപയോഗം ,സൗഹൃദങ്ങൾ തുടങ്ങി അവരുടെ ദൈനദിന പ്രവൃത്തികൾ വരെ സൂക്ഷ്മമായി നിരീക്ഷിക്കപ്പെടും എന്ന ഭയത്തിൽ നാളുകൾ മുന്നോട്ടു നീങ്ങുന്നു. കോളേജിലും സ്കൂളിലും പഠിക്കുന്ന പെൺമക്കൾക്ക് ഇത്തരം നിർദ്ദേശങ്ങൾ അരോചകം ആയി മാറുന്നു. അവർ തങ്ങളുടെ വിയോജിപ്പും പ്രതിഷേധം നടത്തുന്ന വരോടുള്ള അനുകൂല നിലപാടും പലകുറി അവരുടെ അമ്മയെ അറിയിക്കുന്നു.

തന്റെ ഭർത്താവിന്റെ നിർദ്ദേശങ്ങൾ അക്ഷരം പ്രതി അനുസരിക്കുകയും തികഞ്ഞ യഥാസ്ഥിതികയുമായ അമ്മയ്ക്ക് മക്കളുടെ ഈ പെരുമാറ്റം അസഹിഷ്ണുത ഉണ്ടാക്കുന്നു. അച്ഛന്റെ ജോലിയെ പറ്റിയും അപകട സാദ്ധ്യതകളെകുറിച്ചും മതപരമായ മൂല്യങ്ങൾ കാത്തു സൂക്ഷിക്കേതിന്റെ ആവശ്യകതയെ പറ്റിയും മക്കളെ അവർ ഉപദേശിക്കുന്നു.





ഇറാനിൽ ആഭ്യന്തര കലഹം അതീവ രൂക്ഷ മാകുന്നു. മത രാഷ്ട്രീയത്തിനെതിരെ,ആധിപ ത്യത്തിനെതിരെ, ഏകാധിപത്യത്തിനെതിരെ, പ്രാകൃത നിയമങ്ങൾക്കെതിരെ പ്രക്ഷോഭം ശക്തമാവുന്നു.സ്കൂളിലുംകോളേജിലും വരെ അടിച്ചമർത്തലിന്റെ ഭീകരത നടമാടുന്നു.

ഇമാന്റെ മൂത്ത മകളുടെ സുഹൃത്ത് വീട്ടിൽ താമസിക്കുവാൻ വരുന്നത് അമ്മ എതിർ ക്കുന്നു. തന്റെ ഭർത്താവിന്റെ തൊഴിലിന്റെ രഹസ്യ സ്വഭാവം പുറത്തുള്ളവർ അറിയു മോ എന്ന ആകുലത സദാ അവർക്കൊപ്പ മുണ്ട്. മകളുടെ നിർബന്ധത്തിന് വഴങ്ങി ഒരു ദിവസത്തേക്ക് അച്ഛൻ അറിയാതെ സുഹൃത്തിനെ വീട്ടിൽ താമസിപ്പിക്കു വാനുള്ള അനുവാദം നൽകുന്നു. മകളുടെ സുഹൃത്തിന്റെ ആധുനിക ചിന്തകൾ, മകളെ അവളിൽ നിന്നും അകറ്റി നിർത്തുവാൻ അവരെ പ്രേരിപ്പിക്കുന്നു. മക്കൾക്കും അവ രുടെ സുഹൃത്തിനും കലാപകാരികളോട് അനുകൂല നിലപാടാണുള്ളത്.

ഇമാനു ആഗ്രഹിച്ചു കിട്ടിയ ജോലിയിൽ പൂർണ്ണമായും സംതൃപ്തി നേടുവാൻ കഴിയുന്നില്ല. ദിനംതോറും നൂറിലധികം വരുന്ന തടവുകാരെ വിചാരണ ചെയ്യേണ്ടി വരികയും ശിക്ഷ വിധിക്കാൻ നിർബന്ധി തനാവുകയും ചെയ്യുന്നു. ജോലിയുടെ ഭാഗ മായി തോക്ക് കൊണ്ടു നടക്കുകയും താൻ ചെയ്യുന്ന തൊഴിലിനെ കുറിച്ച് ഭാര്യയോടും മക്കളോടും പോലും പറയാതെ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യുന്നു.

എന്നാൽ തോക്ക് സൂക്ഷിക്കുന്നതിൽ വേണ്ടത്ര കരുതൽ എടുക്കുന്നുമില്ല. താമസസ്ഥലം ഉൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങൾ സോഷ്യൽ മീഡിയയിൽ പ്രസിദ്ധപ്പെടു ത്തുന്നതിനാൽ അതീവ ജാഗ്രതയിലാണ് ജീവിതം മുന്നോട്ടു നയിക്കുന്നത്.



KX Pharma
9995811166
Your Prescription Delivered Anytime Anywhere..



അതിനിടയിൽ മക്കളെ സ്കൂളിലും കോളേജിലുമാക്കി തിരികെ വരുന്ന ഭാര്യ പ്രതിഷേധക്കാരുടെ ഇടയിൽ പെടുന്നു. ശക്തമായ അക്രമങ്ങൾക്കിടയിൽ, മൂത്ത മകളെ കോളേജിൽ നിന്നും വീട്ടിലേക്കു കൊണ്ട് വരാൻ കഴിയാതെ അവിടെ നിന്നും മടങ്ങേണ്ടി വരുന്നു. അതേ സമയം മക്കളുടെ സുഹൃത്തായ പെൺകുട്ടിക്ക് മുഖത്തു വെടിയേൽക്കുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കാനാകാതെ വീട്ടിലേക്കു കൊണ്ട് വരികയും ചെയ്യുന്നു.

അമ്മ മുഖത്തു തുളച്ചു കയറിയ ബുള്ളറ്റിന്റെ അവശിഷ്ടങ്ങൾ സൂക്ഷ്മതയോടെ നീക്കം ചെയ്യുന്നു. തിരികെ ഹോസ്റ്റലിൽ എത്തിയ സുഹൃത്തിനെ കലാപകാരികൾക്കൊപ്പം അറസ്റ്റ് ചെയ്തു മാറ്റുന്നു. പിന്നീട് അവളെക്കുറിച്ചു യാതൊരു വിവരവും ലഭിക്കുന്നില്ല.

രണ്ടു മക്കളും അവളെ തിരയുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നു.അച്ഛന്റെ സുഹൃത്തുക്കൾ വഴി അന്വേഷണം നടത്തുവാൻ അമ്മയുടെ സഹായം തേടുന്നു. ആഭ്യന്തര കലാപത്തിന്റെ ഭീകര ദൃശ്യങ്ങൾ മക്കൾ മൊബൈലിലൂടെ കണ്ടു മനസിലാക്കുന്നു. ഇതിനിടയിൽ ഇമാന്റെ തോക്ക് നഷ്ടമാകുന്നു. വിമോചന പ്രവർത്തകർ മുദ്രാവാക്യം ഉയർത്തി, നാലുപാടും പ്രതിഷേധം ശക്തമാകുന്ന സമയത്തു തന്നെ തോക്ക് നഷ്ടപ്പെടുന്നത് ഇമാന് വൻ തിരിച്ചടിയാകുന്നു.

വീട്ടിൽ വച്ചാണത് കാണാതെ പോയതെന്നു ഇമാനു തീർച്ചയാണ്. സുഹൃത്തിനെ കാണാതായതിൽ പ്രതികരിക്കുകയും വിമോചന പ്രവർത്തകരെ അനുകൂലിച്ചു സംസാരിക്കുകയും ചെയ്ത മൂത്ത മകളെ അദ്ദേഹം കൂടുതൽ സംശയിക്കുന്നു. ആവർത്തിച്ചു ചോദിച്ചിട്ടും ആരും കുറ്റം ഏൽക്കാത്തതിനാൽ അവരെ ഒരു സൈക്കോതെറാപ്പിസ്റ്റിന്റെയടുത്തു കൊണ്ടു പോകുന്നു.

അവിടെയും പരാജിതനായി മടങ്ങുന്നു. പൂർണ്ണമായും ഭർത്താവിൽ വിശ്വസിച്ചു ജീവിക്കുന്ന ഭാര്യക്കുമേൽപോലും സംശയത്തിന്റെ നിഴൽ വീഴുന്നു.കലാപം രൂക്ഷമാവുകയും ഇമാന്റെ തൊഴിലും മറ്റു വിവരങ്ങളും സോഷ്യൽ മീഡിയയിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഒരു സഹ പ്രവർത്തകൻ നൽകിയ മറ്റൊരു തോക്ക് കൈവശം സൂക്ഷിച്ചു, കുടുംബസമേതം അവിടെ നിന്നും നാട്ടിലേക്ക് മടങ്ങുന്നു. യാത്രാ മദ്ധ്യേ ചില സംഘർഷങ്ങൾ നേരിടേണ്ടിയും വരുന്നു.

ഇമാൻ കുട്ടിക്കാലം ചിലവഴിച്ച വീട്ടിൽ അവർ എത്തിച്ചേരുന്നു. പ്രഭാത ഭക്ഷണം ഉണ്ടാക്കി നൽകിയ ശേഷം അയാൾ ഭാര്യയെയും മക്കളെയും ചോദ്യം ചെയ്യാൻ തുടങ്ങുന്നു. അവർ സഹകരിക്കാത്തതിൽ കുപിതനായി അവരെ മൂന്നു പേരെയും

KX Pharma
9995811166
Your Family Health Store



മുറിയിൽ പൂട്ടിയിടാൻ ശ്രമിക്കുന്നു.അമ്മയെയും മൂത്തമകളെയും പിടികൂടുന്ന സമയം ഇളയ മകൾ അവിടെ നിന്നും ഓടി രക്ഷപ്പെടുന്നു.

വീട്ടിൽ നിന്നും മാറി പഴയ സാധനങ്ങൾ സൂക്ഷിച്ചിരുന്ന ഒരു പഴയ മുറിയിൽ അവൾ രാത്രി അഭയം തേടുന്നു. അവിടെ നിന്നും ലഭിച്ച ലൗഡ് സ്പീക്കർ ഉപയോഗിച്ച് രാത്രി ഉച്ചത്തിൽ സംഗീതം പ്ലേ ചെയ്തു അച്ഛനെ പുറത്തിറക്കുന്നു. ആ സമയം പൂട്ട് തല്ലിപ്പൊളിച്ച് അമ്മയെയും സഹോദരിയെയും അവിടെ നിന്നും രക്ഷിക്കുന്നു. അവർ അവിടെ നിന്നും ഓടി രക്ഷപ്പെടുന്നു. പുരാതനമായ ഒരു കെട്ടിടത്തിൽ അവർ ഒന്നിച്ചു കൂടുന്നു. അച്ഛനു നേരെ തോക്ക് ചൂണ്ടി, ഇളയ മകൾ അമ്മയെ ഉപദ്രവിക്കാതെ വിടാൻ ആവശ്യപ്പെടുന്നു.



മകളുടെ തോക്കിൽ നിന്നും വന്ന വെടിയുണ്ട പഴയ കെട്ടിടത്തിന്റെ നിലത്തു പതിക്കുകയും പതിക്കുകയും കെട്ടിടം പൊളിഞ്ഞ് ഇമാൻ മരണപ്പെടുകയും ചെയ്യുന്നു. ഇറാനിൽ വിമോചന പോരാളികൾ ഉയർത്തുന്ന സംഘർഷത്തിന്റെ നേർക്കാഴ്ചകൾ അടങ്ങുന്ന ദൃശ്യ ങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ചിത്രം അവസാനിക്കുന്നത്.

ഹിജാബിനെതിരെയും മതപരമായ അടിച്ചമർത്തലുകൾക്കെതിരെയും സ്ത്രീകൾ നയിച്ച ഫ്രീഡം മൂവ്മെന്റിന്റെ യഥാർത്ഥ ദൃശ്യങ്ങൾ ചിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടേമുക്കാൽ മണിക്കൂർ ദൈർഘ്യമുള്ള ചിത്രത്തിലുടനീളം സമകാലീന ഇറാനിലെ മതപരവും രാഷ്ട്രീയവുമായ ഇടപെടലുകളെ വ്യക്തമാക്കുന്നതാണ്. അടിച്ചേൽപ്പിക്കപ്പെടുന്ന ജനത ഉയർത്തെഴുന്നേൽക്കുവാൻ നടത്തുന്ന പോരാട്ടങ്ങളുടെ നേർകാഴ്ചയാണ്.

ചിത്രം പൂർത്തിയാക്കുവാൻ കഴിയുമോ എന്ന് പോലും സംശയിച്ചിരുന്നതായി സംവിധായകൻ അഭിപ്രായപ്പെടുന്നുണ്ട്. ചിത്രത്തിലെ അഭിനേത്രികൾ ഹിജാബ് ധരിച്ചിരുന്നതിനാൽ സ്ക്രിപ്റ്റിനെ കുറിച്ചു



ള്ള അധിക വിവരമോ, അതൊരു സിനിമ ചിത്രീകരണമാണെന്നോ ഉള്ള വിവരം പുറംലോകം അറിഞ്ഞിരുന്നില്ല. ഏതോ ടിവി പരിപാടിയുടെ ഷൂട്ടിംഗ് എന്നാണ് പൊതുജനം കരുതിയിരുന്നത്. ഷൂട്ടിങ്ങിന് ഉപയോഗിച്ചത് വളരെ വിലകുറഞ്ഞ ക്യാമറയാണെന്നും പലപ്പോഴും ഫോട്ടോ ഗ്രാഫി ലെൻസുകളാണ് ഉപയോഗിച്ചിരുന്നതെന്നും അദ്ദേഹം പറയുന്നു. പക്ഷേ അതൊന്നും തന്നെ സിനിമയെ ബാധിക്കാതെ അത്യധികം ധൈര്യത്തോടെയും സംയമനത്തോടെയുമാണ് പിന്നണിയിലുള്ളവരെല്ലാം തന്നെ അതീവ ജാഗരതയോടെ പ്രവർത്തിച്ചിട്ടുള്ളത്.

കാൻസ് തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനു പിന്നാലെ, ഇറാനിയൻ അധികാരികൾ സിനിമയുടെ അഭിനേതാക്കളെയും സംഘത്തെയും ചോദ്യം ചെയ്തു . രാജ്യത്ത് നിന്ന് പുറത്തുപോകുന്നതിന് വിലക്ക് ഏർപ്പെടുത്തി .സംവിധായകനെ എട്ടുവർഷം ജയിൽ ശിക്ഷയ്ക്കും പിഴയ്ക്കും സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും വിധിയുണ്ടായി.

അതിൽ നിന്നുമൊക്കെ അതിസാഹസികമായി രക്ഷപ്പെടുകയും കാനിൽ പങ്കെടുക്കുകയും ചെയ്തു. ദി സീഡ് ഓഫ് ദ സെക്രെഡ് ഫിഗ് കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ദി ഓറിനു നോമിനേറ്റ് ചെയ്യപ്പെടുകയും സ്പെഷ്യൽ ജൂറി അവാർഡ് കരസ്ഥമാക്കുകയും ചെയ്തു .

അത് കൂടാതെ നാഷണൽ ബോർഡ് ഓഫ് റിവ്യൂ 2024 ലെ ബെസ്റ്റ് ഇന്റർനാഷണൽ ഫിലിം ആയി നോമിനേറ്റ് ചെയ്തിട്ടുണ്ട്. എൺപത്തി രാമത് ഗോൾഡൻ ഗ്ലോബ് പുരസ്കാരത്തിനായി മികച്ച മോഷൻ പിക്ചർ വിഭാഗത്തിൽ നോമിനേറ്റ് ചെയ്യപ്പെടുകയുണ്ടായി. തൊണ്ണൂറ്റി ഏഴാമത് അക്കാദമി അവാർഡിന് ജർമ്മനിയിൽ നിന്നുള്ള എൻട്രി ആയി ബെസ്റ്റ് ഇന്റർനാഷണൽ ഫീച്ചർ ഫിലിം വിഭാഗത്തിലും ചിത്രം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.



KX Pharma
9995811166
Your Health and Wellness, our Priority!

# നിശ്ശബ്ദ നഗരത്തിന്റെ നിഴൽപ്പുറങ്ങൾ



**സാം ആന്റണി**
ഫിൽക്ക

**SILENT CITY DRIVER**
MANGOLIA (2024)
DIR : SENGEDORJ JANCHIV-DORJ.
**Winner -**
Grand Prix for the Best Film - Tallin Black Nights Film Festival .




മ്യാഗ്മർ ഏകാകിയും അനാഥനുമായ ഒരു 32കാരനാണ്. 14 വർഷത്തെ ജയിൽവാസത്തിനു ശേഷം പുറത്തിറങ്ങി ഉപജീവനത്തിനായി വിവിധ ജോലികൾ ചെയ്തു വരികയായി രുന്നു മ്യാഗ്മർ. ഏക ബന്ധുവായിരുന്ന മ്യാഗ്മറിന്റെ അമ്മ അവൻ ജയിലിലായിരിക്കുമ്പോൾ തന്നെ മരിച്ചു പോയതാണ്. ജയിലിൽ വച്ചുണ്ടായ സംഘട്ടനത്തിനിടയിൽ തലക്കേറ്റ മാരകമായ അടി മൂലം മ്യാഗ്മറിന് സംസാരിക്കുമ്പോൾ വിക്കുണ്ട്.

പലപ്പോഴായി തെരുവുകളിൽ നിന്ന് എടുത്തു വളർത്തിയ കുറെ നായ്ക്കൾ മാത്രമേ അവന് കൂട്ടായുള്ളൂ. അനുസരണയോടെ നിശബ്ദനായി ജോലി ചെയ്യുന്ന മ്യാഗ്മർ, രാത്രിയിൽ വീട്ടിലെത്തുന്നത് ചോരയിൽ മുങ്ങിയ ഇറച്ചി തുണ്ടുകളുള്ള ബാഗുമായാണ്.
വല്ലാതെ മെലിഞ്ഞ്, സാധാരണയിൽ കവിഞ്ഞ പൊക്കമുള്ള അവന് നീട്ടി വളർത്തിയ മുടിയും മയക്കുമരുന്നിന് അടിമപ്പെട്ട ഭാവവുമുണ്ട്. പകലൊക്കെ നിശബ്ദനായി ജോലി ചെയ്യുന്ന ഒരു ശാന്തന്റെ ഭാവമുള്ള അവൻ രാത്രിയിൽ ഒരു ചെറു കുന്നിന്റെ ചെരുവിലുള്ള മാടത്തിനു മുന്നിൽ നിശബ്ദനും, വികാരരഹിതനുമായി നിൽക്കുമ്പോൾ അവന് അതിക്രൂരനായ, കൊലപാതകിയുടെ ഭാവമാണ്.

ദുരൂഹത തങ്ങി നിൽക്കുന്ന മാടത്തിൽ ,മുനിഞ്ഞ് കത്തി നിൽക്കുന്ന ഒരു 40 വാട്ട് ബൾബിന്റെ വെട്ടത്തിൽ,പല കൂടുകൾ ക്കുള്ളിൽ കിടക്കുന്ന പട്ടികൾക്ക് ചോരയിൽ മുങ്ങിയ പച്ചയിറച്ചി വെട്ടി നുറുക്കി ഇട്ടുകൊടുത്ത്, ഒരു സിഗരറ്റും വലിച്ച് നിർവ്വികാരനായി നിൽക്കുന്ന മ്യാഗ്മർക്ക് എവിടുന്നാണ് ആ ഇറച്ചി കിട്ടിയത്?

സത്യത്തിൽ ആരാണീ നിശബ്ദനായ ഒറ്റയാൻ എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് സൈലന്റ് സിറ്റി ഡ്രൈവർ.



December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024 SPECIAL EDITION
KSFDC




വളരെ ദുരൂഹത നിറഞ്ഞതാണ് മ്യാഗ്മറുടെ ജീവിതം. മ്യാഗ്മറിന് ശവസംസ്കാര ക്രിയ നടത്തുന്ന ഒരു കമ്പനിയിൽ ശവ വണ്ടിയുടെ വണ്ടിയുടെ ഡ്രൈവറായി ജോലി ലഭിക്കുന്നു. തികച്ചും മ്ലാനവും ശോകപൂർണ്ണവും വിരസവുമായ ആ ജോലി അവന്റെ ജീവിതത്തെ മാറ്റി മറിക്കുന്നു. ഓരോ തവണ മൃതദേഹം കുഴിയിലേക്ക് എടുക്കുമ്പോഴും ബന്ധുക്കൾക്കൊപ്പം നിയന്ത്രണം വിട്ട് അവനും കരയുന്നത് കാണാം.

നഗരത്തിൽനിന്ന് ചെറുപ്പകാരികളെ കാണാതെയായി എന്ന വാർത്ത വരുന്നു. മാഗ്മറിനെ പുതുതായി ശവസംസ്കാര ശുശ്രൂഷകൾ ചെയ്യാൻ എത്തുന്ന ഒരു യുവബുദ്ധ സന്യാസി പരിചയപ്പെടുന്നു. താൻ 14 വർഷം ജയിലിലായിരുന്നുവെന്നും അതിനു കാരണം ഒരു അപകടമാണെന്നും അവൻ പറയുന്നു. കണ്ടാൽ 18 വയസ്സ് മാത്രമേ തോന്നുള്ളുവെങ്കിലും തനിക്ക് 22 വയസുണ്ടെന്നും കാഴ്ചയിൽ താനൊരു ചെറിയ പയ്യനെ പോലെയാണെന്നും പലരും പറയാറുണ്ടെന്ന് പറഞ്ഞ് യുവ സന്യാസി ചിരിക്കുന്നു.

പിന്നീടൊരു ദിവസം മ്യാഗ്മർ ആശുപത്രിയിലെത്തി ഡയാലിസിസ്സ് ചെയ്യുമ്പോഴാണ് അവന്റെ കിഡ്നി തകരാറിലാണെന്ന് നമുക്ക് മനസിലാകുന്നത്. ശവവണ്ടിയുടെ ഡ്രൈവർ എന്ന നിലയിൽ മ്യാഗ്മർ അന്ധനായ ഒരു ശവപ്പെട്ടി കച്ചവടക്കാരനുമായി പരിചയത്തിൽ ആകുന്നു. ജയിലിൽ വച്ച് പഠിച്ചെടുത്ത ആശാരി പണി ചെയ്ത് മ്യാഗ്മർ അയാളെ സഹായിക്കുന്നു്. ഒപ്പം കല്പണിയും മ്യാഗ്മർ സമയം കിട്ടുമ്പോൾ ഒക്കെ ചെയ്തു തുടങ്ങുന്നു.



KX Pharma
9995811166
Your Health and Wellness, our Priority!



എന്തോ ഒരു സംശയത്തിന്റെ പേരിൽ അന്ധനായ ശവപ്പെട്ടി കച്ചവടക്കാരന്റെ സുന്ദരിയായ മകളെ അയാൾ പിന്തുടർന്ന് തുടങ്ങുന്നു. അവൾ അച്ഛനുമായി ഫ്ലാറ്റിലേക്ക് കയറുന്നതും അച്ഛന്റെ ശ്രദ്ധയിൽ പെടാതെ ജനൽ വഴി പുറത്തിറങ്ങി പോകുന്നതും എതിർവശത്തെ കെട്ടിടത്തിന്റെ ഇരുട്ടിൽ നിന്ന് മ്യാഗ്മർ ഒളിച്ചുകാണുന്നു അവളെ പിന്തുടരാൻ അയാൾ ശ്രമിക്കുന്നെങ്കിലും അവൾ അപ്രത്യക്ഷയാകുന്നു.

ഒരു തരം വാശിയോടെ അയാൾ പിറ്റേ ദിവസവും അവളെ പിന്തുടർന്നു. ഇത്തവണ അവൾ കയറി പോകുന്ന ടാക്സിയുടെ പിന്നാലെ മറ്റൊരു ടാക്സിയിൽ അവളെ പിന്തുടർന്ന് അയാൾ ഒരു ഹോട്ടലിൽ എത്തിച്ചേരുന്നു. എന്തിനാണ് തന്നെ പിന്തുടരുന്നത് എന്ന് അവൾ ചോദിക്കുന്നെങ്കിലും മറുപടിയൊന്നും പറയാൻ അയാൾക്ക് പറ്റുന്നില്ല.

പിന്നീടൊരിക്കൽ യുവസന്യാസിയുമായി തന്റെ ശവവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ മോക്ഷം ലഭിക്കാൻ എന്ത് ചെയ്യണം എന്ന് മ്യാഗ്മർ ചോദിക്കുന്നുണ്ട്. കാണാതെ ആകുന്ന പെൺകുട്ടികളുടെ പിന്നിൽ ഇയാളാണോ എന്ന സംശയം ബലക്കുന്നു.

പിന്നീടൊരിക്കൽ യുവസന്യാസിയും, ശവപ്പെട്ടിക്കാരന്റെ മകളും, മ്യാഗ്മറിന്റെ വണ്ടിയിൽ യാത്ര ചെയ്യുന്നു. ഒരു പുഴയ്ക്കരികിലെത്തുന്ന അവർ ആ പുഴവക്കത്ത് ഒരുമിച്ചിരിക്കുന്നു. അപ്രതീക്ഷിതമായി അവരുടെ മുൻപിൽ വച്ച് അവൾ തന്റെ വസ്ത്രമെല്ലാം ഉരിഞ്ഞെറിഞ്ഞ് പരിപൂർണ്ണ നഗ്നയായി നിൽക്കുന്നു. ആദ്യം അത് കണ്ട് മ്യാഗ്മറും യുവസന്ന്യാസിയും പകച്ചു പോകുന്നു. ആദ്യം മുഖം തിരിച്ച സന്യാസി പിന്നീട് അവളുടെ നഗ്നതയിലേക്ക് ഒളിഞ്ഞു നോക്കുന്നത് കാണാം. പൂർണ്ണ മനസ്സോടെയല്ല സന്യാസജീവിതം അയാൾ സ്വീകരിച്ചത് എന്ന ഒരു സൂചന ഇവിടെ നമുക്ക് കിട്ടുന്നുണ്ട്. ഒപ്പം തനിക്ക് പൊക്കമില്ലെന്ന പരിഹാസം മൂലമാണ് അയാൾ സാധാരണ ജീവിതം ഉപേക്ഷിച്ച് സന്യാസത്തിലേക്ക് കടന്നതെന്നും ബോധ്യപ്പെടുന്നു.

ഇതിനിടയിൽ എപ്പോഴോ താൻ ശിക്ഷിക്കപ്പെട്ടത് കൊലപാതക കുറ്റത്തിനാണെന്ന് മ്യാഗ്മർ തുറന്നു പറയുന്നുണ്ട്. അവർ നോക്കി നിൽക്കുമ്പോൾ തന്നെ അവൾ ഐസ് പോലെ തണുത്ത വെള്ളത്തിലേക്ക് ഇറങ്ങിപ്പോകുന്നു. ഹൈപ്പോത്തെർമിയ പിടിപെട്ടു തണുത്തു വിറച്ചു മരണത്തിന്റെ വക്കിൽ എത്തുന്ന അവളെ അവർ രക്ഷപ്പെടുത്തുന്നു.

KX Pharma
9995811166
Your Health and Wellness, our Priority!



അവളുടെ ആത്മഹത്യാ ശ്രമത്തിനു പിന്നിലുള്ള കാരണം കണ്ടുപിടിക്കാൻ മ്യാഗ്മർ അവളെ വീണ്ടും പിന്തുടരുന്നു. അവൾ ആ ഹോട്ടലിലേക്കു പോകുന്നത് സെക്സ് മാഫിയയുടെ റാക്കറ്റിൽ പെട്ട ഒരുത്തന്റെ ഭീഷണിക്ക് വഴങ്ങിയാണെന്നും മ്യാഗ്മാറിനു മനസ്സിലാകുന്നു. അയാൾ അവളെ ഹോട്ടലിൽ നിന്ന് രക്ഷിച്ചു പുറത്തു കടക്കുന്നെങ്കിലും പിന്നീട് അവൾ ആത്മഹത്യ ചെയ്യുന്നു.

മ്യാഗ്മർ സെക്സ് റാക്കറ്റ് ഏജന്റിനെ ഹോട്ടലിൽ നിന്നു കടത്തുന്നു. അയാളെ വിശന്നു വലഞ്ഞ നായ്ക്കളുടെ കൂടുകൾക്ക് നടുവിലെ ഒരു കൂട്ടിൽ പൂട്ടിയിട്ടിട്ടാണ് മ്യാഗ്മർ ശവമടക്കിന് പോയത് എന്ന് പിന്നീടാണ് മനസ്സിലാകുന്നത്. അവളെ ചതിച്ചവനോട് താൻ ചെയ്തത് ശരിയാണോ യുവസന്യാസിയോട് മ്യാഗ്മർ ചോദിക്കുന്നുണ്ട്. വളരെ ശരിയായ കാര്യമാണെന്ന് നീ ചെയ്തതെന്ന് സന്യാസി അവനോട് പറയുന്നുമുണ്ട്.

അവളുടെ ശവമടക്കുന്ന സമയത്ത് ശവപ്പെട്ടി കച്ചവടക്കാരൻ കുടുംബം മുഴുവൻ കരയുന്നുണ്ടെങ്കിലും ഒരിക്കലുമില്ലാത്തത് പോലെ മ്യാഗ്മർ അപ്പോൾ മാത്രം കരയുന്നില്ല. ശവമടക്കിന്റെ സമയം എത്തുമ്പോൾ





മൃതദേഹം കിടത്തിയിരിക്കുന്ന ശവപ്പെട്ടിക്കുള്ളിൽ മാറ്റാരുമറിയാതെ മ്യാഗ്മർ കയറിക്കിടക്കുന്നു. ശവപ്പെട്ടി കുഴിയിലേക്ക് താഴ്ത്തി മണ്ണിട്ട് മൂടുമ്പോഴും മ്യാഗ്മർ ദീർഘമായി നിശ്വസിച്ചു കൊണ്ടിരിക്കുന്നതിന്റെ ശബ്ദം കേട്ടു കൊണ്ടേയിരിക്കുന്നു...

താൻ ഉദ്ദേശിച്ചിരുന്ന ഏതോ പുണ്യ പ്രവർത്തി ചെയ്തുതീർത്തതിന്റെ ആശ്വാസനിശ്വാസമായാണ് നമുക്കത് അനുഭവപ്പെടുന്നത്. ഒപ്പം ശവപ്പെട്ടി കച്ചവടക്കാരന്റെ മകളുടെ മരണത്തെ പുൽകാൻ അയാൾ ആഗ്രഹിച്ചിരുന്നു എന്നും തോന്നാം. താൻ ചെയ്ത കൊലപാതകം അറിയാതെ സംഭവിച്ചു പോയ ഒരു തെറ്റായിരുന്നുവെന്നും, അതിനുള്ള പാപപരിഹാരമായാണ് അയാൾ ഓരോ പ്രവർത്തികളും ചെയ്തിരുന്നത് എന്നും മനസ്സിലാക്കാം.

ചെയ്തുപോയ തെറ്റുകൾക്ക് പരിഹാരം കണ്ടെത്താനാവാതെയാണ് മിക്കവരും മരിച്ചുപോകുന്നതെന്നും അവരുടെ ആത്മാക്കൾ ഗതി കിട്ടാതെ അലയുന്നുണ്ടാകുമെന്നും മ്യാഗ്മർ ചിന്തിച്ചു കാണും. അതുകൊണ്ടാണ് ഓരോ സംസ്കാരവേളയിലും അയാൾ തേങ്ങി കരഞ്ഞത്.

മ്യാഗ്മറും യുവ സന്യാസിയും ശവപ്പെട്ടിക്കാരന്റെ മകളുമൊക്കെ ജീവിച്ചിരിക്കുമ്പോൾ തന്നെ മരണത്തിന്റെ തീക്കാറ്റ് ശ്വസിച്ചവരാണ്. മുഖം മനസ്സിന്റെ കണ്ണാടിയാണെന്ന പ്രമാണത്തെ ഈ ചിത്രം തകർത്തു കളയുന്നു. ഓരോരുത്തരുടെ ഉള്ളിലേക്കും ആഴത്തിലിറങ്ങുമ്പോൾ നമ്മൾ കാണാത്ത മുഖങ്ങളും ലോകവുമൊക്കെ തെളിഞ്ഞു വരും. സൈലന്റ് സിറ്റി ഡ്രൈവർ നിസ്സഹായരായ മനുഷ്യരുടെ തപ്തനിശ്വാസങ്ങളുടെ കഥയാണ്.



KX Pharma
9995811166
Your Health and Wellness, our Priority!

# ചുവന്ന തെരുവിലെ സ്വപ്നങ്ങൾ , നൊമ്പരങ്ങൾ



ഡോ.പി.അജികുമാർ
ഫിൽക്ക

**അനോറ**
അമേരിക്ക (2024 )
സംവിധാനം : സീൻ ബേക്കർ




സീൻ ബേക്കർ തിരക്കഥ ഒരുക്കി എഡിറ്റു ചെയ്തു സംവിധാനം നിർവഹിച്ച ഒരു അമേരിക്കൻ കോമഡി ഡ്രാമയാണ് അനോറ. ബ്രൂക്സിനിൽ ലൈംഗിക വൃത്തി ചെയ്യുന്ന അനോറ... കൗമാരം വിട്ടു യൗവ്വനത്തിലേക്കു കാലൂന്നുന്ന പ്രഭുകുമാരനായ വന്യ... എന്നിവരാണ് ഇതിലെ മുഖ്യ കഥാപാത്രങ്ങൾ.

അതിസമ്പന്നരായ റഷ്യയിലുള്ള ദമ്പതി മാർക്ക് പിറന്നവന്ന് വന്യ. അയാൾ ന്യൂയോർക്കിൽ കൊട്ടാര സദൃശമായ ഭവനത്തിൽ ആർഭാട ജീവിതം നയിക്കുന്നു. പബ്ബുകൾ തോറും മദ്യവും, മദിരാക്ഷിയും തേടി നടക്കുന്ന വന്യ അനോരയെ കണ്ടുമുട്ടുന്നു. അവന്റെ കൗതുകങ്ങൾ പിന്നെ അനോരയിലാകുന്നു. വീണ്ടും അനോരയോടൊപ്പം രമിക്കാൻ വരുന്ന വന്യ അനോരയെ സ്വന്തമാക്കാൻ, വിവാഹം ചെയ്യാൻ തീരുമാനിക്കുന്നു. ഒരു കൗതുകത്തിൽ തുടങ്ങി കേവലം ഒരാഴ്ച മാത്രം നീണ്ടതായിരുന്നു ആ ദാമ്പത്യം.







ജീവിതത്തിൽ സ്വാതന്ത്ര്യമെന്തെന്നും , സന്തോഷമെന്തെന്നും അനോര അറിയുന്നു. തനിക്കു കൈവന്ന മഹാഭാഗ്യത്തിൽ അനോരയുടെ കൂട്ടുകാർ അസൂയപ്പെടുന്നു. എന്നാൽ വിവാഹക്കാര്യം വന്യയുടെ കുടുംബസുഹൃത്തായ വൈദികൻ മാതാ പിതാക്കളെ അറിയിക്കുന്നു. റഷ്യയിൽ നിന്നും വന്യയുടെ മാതാപിതാക്കൾ ന്യൂയോർക്കിലെത്തി. അവർ അനോരയെ ഒഴിവാക്കാൻ രണ്ടു ഗുണ്ടകളെ അയക്കുക യും ചെയ്യുന്നു.

കല്ല്യാണം വെറും കുട്ടിക്കളിയായി കണ്ട കൗമാരം വിട്ടുമാറാത്ത വന്യയാകട്ടെ , വ്യക്തമായ നിലപാടില്ലാതെ ഗുണ്ടകൾ വരുമ്പോൾ അവിടുന്ന് അപ്രത്യക്ഷനാകുന്നു. ഗുണ്ടകൾക്ക് മുന്നിൽ മുട്ടുമടക്കാതെ ധീര മായി പൊരുതി നിൽക്കുന്ന അനോര പരാജി തയായി .അവൾ വന്യയെ തേടിയിറങ്ങുന്നു.

ഒടുവിൽ പബ്ബുകൾ തോറും കയറിയിറങ്ങി മദ്യപിച്ചു മദോൻമ്മത്തനായ വന്യയെ കണ്ടെത്തുന്നു. വന്യ അനോരയെ തിരിച്ച റിയുന്നു പോലുമില്ല. ഒടുവിൽ കോടതി യിലും സുബോധം നഷ്ടപ്പെട്ട വന്യ അനോരയ്ക്ക് വേണ്ടി ഒന്നും പറയുന്നില്ല.

താൻ കണ്ട സ്വപ്നങ്ങളും സുഖങ്ങളുമെല്ലാം വെറും മിഥ്യയാണെന്ന് മനസ്സിലാക്കുന്ന അനോരയ്ക്ക് നിയന്ത്രണം വിട്ടുപോകുന്നു. സൗന്ദര്യവതിയും ഊർജ്ജസ്വലയുമായ അനോര ഒരു നൊമ്പരമായി പ്രേക്ഷക മനസ്സിൽ ഇടം പിടിക്കുന്നു. അനോരയായി മിക്കി മാഡിസനും, വന്യയായി മാർക് ഏയ് ഡൽസ്ടീനും വേഷമിടുന്നു.കൂടാതെ കാരൻ കരഗുലൈൻ, യുരെ ബോറിസോവ്, വച്ചെ ടോംസിയാൻ.. എന്നിവരും ഇതിലുണ്ട്.

ജോസഫ് കപൽബെയുടെ പശ്ചാത്തല സംഗീതം എടുത്തു പറയത്തക്കതാണ്. നിശാ പാർട്ടികളും സീൽക്കാരങ്ങളും കണ്ണഞ്ചി പ്പിക്കുന്ന നിറങ്ങളും വെളിച്ചവും ഒക്കെ സിനിമയെ കൂടുതൽ ചടുലമാക്കുന്നുണ്ട്.

തുടക്കത്തിൽ ഇറോട്ടിക് ആയി നീങ്ങുന്ന ഫിലിം ഒടുവിൽ അനോരയെ കീഴ്പ്പെടുത്താൻ ഗുണ്ടകൾ വരുന്നതോടെ കോമഡി തലത്തിലെത്തുന്നു. പ്രേക്ഷ കരിൽ ചിരി പടർത്തുന്ന പരാക്രമങ്ങൾ പഴയ ' ഹോം എലോൺ' സിനിമയെ ഓർമ്മപ്പെടുത്തും.



KX Pharma
9995811166
Your Health and Wellness, our Priority!

പക്വതയില്ലാത്തവന്റെ വാക്ക് വിശ്വസിച്ചു വഴിയാധാരമായതിന്റെ കഥയാണ് ഇവിടെ കാണുന്നത്. മുഴുവൻ സമയവും വീഡിയോ ഗയിമിൽ രമിക്കുന്നവനാണ് , അതിനു അടിമയാണ് വന്യ. വന്യയുടെ മാതാപിതാക്കളുടെയും വന്യയുടെയും കാഴ്ചപ്പാട് ധനിക - ദരിദ്ര വേർതിരിവുകൾ വ്യക്തമാക്കുന്നു .

സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരുമായി ഒരു ബന്ധവും പാടില്ലെന്നും അവരെ കുടുംബ ത്തിൽ കയറ്റാൻ കൊള്ളില്ലെന്നും കുടുംബത്തിന്റെ അന്തസ്സ് എന്തു വില കൊടുത്തും നിലനിർത്തണമെന്നുമുള്ള കാഴ്ചപ്പാട് ഇവിടെയും കാണാം. വ്യക്തി താൽപ്പര്യങ്ങൾ സമൂഹദൃഷ്ടിയിൽ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്ന ഭയമാണ് ഇതിലേക്ക് നയിക്കുന്നത്. കേവലം ഉപഭോഗവസ്തുവായി എന്തിനെയും കാണുന്ന ആധുനിക സമൂഹത്തിന്റെ ആത്മാർഥതയില്ലായ്മയെ ഇവിടെ തുറന്നു കാട്ടുന്നു.



സമൂഹത്തിന്റെ അടിത്തട്ടിൽ ഒട്ടും ആഗ്രഹിക്കാതെ എത്തിച്ചേരുന്നവരാണ് ലൈംഗിക തൊഴിലാളികൾ. അത് തെരുവിലായാലും പബ്ബിലായാലും അവർ പൊതു സമൂഹത്തിനു മുന്നിൽ നിന്ദിതരാണ്. അത്തരത്തിലുള്ള ഒരു സുന്ദരിയെ കുടുംബം സ്വീകരിക്കുമോ എന്ന പഴയ പ്രമേയമാണ് ഇവിടെയും. കേവലം ഉപഭോഗവസ്തു എന്നതിലുപരി അവരെ സ്വീകരിക്കാൻ, അംഗീകരിക്കാൻ കുടുംബമോ സമൂഹമോ തയ്യാറാകുന്നില്ല. പ്രേക്ഷകരെ ഞെട്ടിക്കുന്ന ഒരു വിപ്ലവത്തിന് സംവിധായകനും മുതിരുന്നില്ല.●



KX Pharma
9995811166
Your Health and Wellness, our Priority!

December Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

116

IFFK-2024 SPECIAL EDITION

KSFDC

# IFFK ഫോട്ടോ ഗാലറി ANIL RAMAN



Anil Raman
Filca

















December Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
IFFK-2024
SPECIAL EDITION
KSFDC



























29
iffk




29iffk




# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app

December Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

IFFK-2024 SPECIAL EDITION

KSFDC



**Film Vision Monthly. December 2024. Rs.2/- . RNI - KER / BIL / 2002 / 8043.**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

CHIEF EDITOR : DR. B. RADHAKRISHNAN * ASSOCIATE EDITOR: DR. LALITHA GOURI *
SUB EDITORS : JYOTHISHKUMAR.P.S. , GIRIJA SURENDRAN.* DESIGN: SHAJI CAD *
CIRCULATION: VINODKUMAR. P. * SOCIAL MEDIA: JIJO JACOB *
EDITOR AND PUBLISHER: DR. SABU SANKAR,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com